33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS


Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 11, 2025 Vol. XXXIII No. 33

3 കൂടുതൽ തെളിവുകളുമായി കോൺഗ്രസ്
4 വോട്ട് കൊള്ള തൃശൂരിലും
10 ഒഡീഷയിൽ ബജ്‌റങ്ദൾ അക്രമം
26 മാർ ക്രിസോസ്റ്റം സ്മാരക ചിത്രപ്രദർശനം നടത്തി
28 ബിഗ് ആൻഡ് ബ്യൂട്ടിഫുൾ ബിൽ

## എഴുത്തുകാരൻ തോമസ് പാറേട്ട് (തൊമ്മിസാർ) അന്തരിച്ചു



കുറുമുള്ളൂർ/നീണ്ടൂർ: കേരളാ എക്സ്പ്രസ്സിന്റെ എഴുത്തുകാരനും ചാമക്കാലാ സെന്റ് ജോൺസ് എൽ. പി. സ്കൂൾ മുൻ അദ്ധ്യാപകനും കുറുമുള്ളൂർ എവിജിഎം പബ്ലിക് ലൈബ്രറി മുൻ പ്രസിഡണ്ടുമായ തോമസ് പാറേട്ട് (തൊമ്മിസാർ-91) അന്തരിച്ചു. കേരളാ എക്സ്പ്രസ്സിൽ ആനുകാലിക വിഷയങ്ങളെക്കുറിച്ച് വർഷങ്ങളോളം തൊമ്മിസാർ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ലോകമെമ്പാടും വിപുലമായ ശിഷ്യസമ്പത്തുള്ള വ്യക്തിയായിരുന്നു തൊമ്മിസാർ.

ഭാര്യ സെലിൻ നീണ്ടൂർ തച്ചേട്ട് കുടുംബാംഗമാണ്. ബെറ്റി & സജി പൂതൃക്കയിൽ (ചിക്കാഗോ), ബോണ (ജോൺ) & ലിപിത (ഇളംകുളത്ത്) പാറേട്ട് (താമ്പാ) എന്നിവരാണ് മക്കൾ. 1934 നവംബർ 19-ന് കുറുമുള്ളൂർ പാറേട്ട് ഉലഹന്നൻ-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനനം. (ശേഷം 4-ാം പേജിൽ)

### വോട്ട് കൊള്ള ആരോപണം: പ്രതിപക്ഷ മാർച്ച് പോലീസ് തടഞ്ഞു

## എംപിമാർ അറസ്റ്റിൽ, വനിതാനേതാക്കൾ കുഴഞ്ഞുവീണു

ന്യൂഡൽഹി: രാഹുൽഗാന്ധി ഉന്നയിച്ച 'വോട്ട്കൊള്ള' വിഷയത്തിൽ പ്രതിപക്ഷ എംപിമാർ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ നാടകീയ രംഗങ്ങൾ. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി നയിച്ച മാർച്ച് ട്രാൻസ്പോർട്ട് ഭവനു മുന്നിൽ വെച്ച് പോലീസ് തടഞ്ഞു. നേതാക്കളും പോലീസുമായി ഉന്തും തള്ളുമുണ്ടായി. ഒരു മണിക്കൂറോളം റോഡിൽ കുത്തിയിരുന്നു പ്രതിഷേധിച്ച പ്രതിപക്ഷ എംപിമാർ പിന്നീട് അറസ്റ്റ് വരിച്ചു. മുന്നൂറോളം പ്രതിപക്ഷ എംപിമാരാണ് പ്രതിഷേധത്തിൽ പങ്കെടുത്തത്.

വനിതാ എംപിമാരടക്കമുള്ളവർ ബാരിക്കേഡിനു മുകളിലൂടെ കടക്കാൻ ശ്രമിച്ചു. അഖിലേഷ് യാദവ്, ഡീൻ കുര്യാക്കോസ് തുടങ്ങിയ എംപിമാർ ബാരിക്കേഡ് ചാടിക്കടക്കുകയും ചെയ്തു. എന്നാൽ, രാഹുൽ ഉൾപ്പെടെയുള്ള ഉന്നത നേതാക്കൾ ബലപ്രയോഗത്തിനു മുതിരാതെ ബാരിക്കേഡിനു മറുവശത്ത് കുത്തിയിരുന്നു പ്രതിഷേധിക്കുകയായിരുന്നു. 30 എംപിമാരുമായി മാത്രം കൂടിക്കാഴ്ചയ്ക്കു തയ്യാറാണെന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശം ഡൽഹി പോലീസ് നേതാക്കളെ അറിയിച്ചെങ്കിലും എംപിമാർ തയ്യാറായില്ല. തുടർന്ന് രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും അടക്കമുള്ള നേതാക്കൾ അറസ്റ്റ് വരിച്ചു.

ഇത് രാഷ്ട്രീയമല്ലെന്നും ഭരണഘടന സംരക്ഷിക്കാനും ഒരാൾക്ക് ഒരു വോട്ട് എന്ന ചട്ടം ഉറപ്പാക്കാനുമുള്ള പോരാട്ടമാണെന്നും അറസ്റ്റ് വരിച്ചശേഷം രാഹുൽ ഗാന്ധി പ്രതികരിച്ചു. തെറ്റില്ലാത്ത, കൃത്രിമമില്ലാത്ത വോട്ടർ പട്ടിക (ശേഷം 34-ാം പേജിൽ)



### ഗാസയിൽ ഇസ്രയേൽ ആക്രമണം:

## അൽ ജസീറയിലെ 5 മാധ്യമപ്രവർത്തകർ കൊല്ലപ്പെട്ടു

ഗാസ: ഗാസയിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ അഞ്ച് മാധ്യമപ്രവർത്തകർ കൊല്ലപ്പെട്ടു. അൽ ജസീറയിലെ അനസ് അൽ ഷരീഫ് ഉൾപ്പെടെയുള്ളവരാണ് കൊല്ലപ്പെട്ടത്. അൽ ഷിഫ ആശുപത്രിക്കു സമീപമുള്ള മാധ്യമപ്രവർത്തരുടെ ടെന്റിലാണ് ആക്രമണം ഉണ്ടായത്. അനസ് അൽ ഷരീഫ് ഹമാസ് പ്രവർത്തകനാണെന്നും മാധ്യമപ്രവർത്തകനായി നടിക്കുകയായിരുന്നു എന്നുമാണ് ഇസ്രയേൽ പ്രതികരിച്ചത്. ഇസ്രയേലിലേക്ക് റോക്കറ്റ് ആക്രമണം നടത്തുന്ന സംഘത്തിന്റെ തലവനാണ് ഷരീഫ് എന്നും ഇസ്രയേൽ ആരോപിച്ചു.

ആക്രമണത്തിൽ മാധ്യമ പ്രവർത്തകർ കൊല്ലപ്പെട്ടത് അൽ ജസീറ സ്ഥിരീകരിച്ചു. അനസ് അൽ ഷരീഫിനെ കൂടാതെ റിപ്പോർട്ടർ മുഹമ്മദ് ഖ്റേയ്ഖ്, ക്യാമറാമാൻമാരായ ഇബ്രാഹിം സഹെർ, മുഹമ്മദ് നൗഫൽ, മൊഅമെൻ അലീവ എന്നിവരാണ് കൊല്ലപ്പെട്ടത്.

രാജ്യാന്തര മാധ്യമങ്ങളുടെ പ്രവേശനം കർശനമായി പരിമിതപ്പെടുത്തിയിരുന്ന ഗാസയിൽനിന്ന് യാഥാർത്ഥ്യങ്ങൾ പുറംലോകത്തെ അറിയിച്ചതിനാണ് മാധ്യമപ്രവർത്തകരെ കൊന്നതെന്ന് അൽ ജസീറ ആരോപിച്ചു.

'പ്രസ് ബാഡ്ജ് ഭീകരതയ്ക്കുള്ള കവചമല്ല' എന്ന് ഇസ്രയേൽ പ്രതിരോധ സേന (ഐഡിഎഫ്) പറഞ്ഞു.

ഹമാസ് പ്രവർത്തകരെ മാധ്യമപ്രവർത്തകരാക്കിയതിൽ അൽ ജസീറയെ സേന കുറ്റപ്പെടുത്തിയും ഐഡിഎഫ് പ്രസ്താവന പുറത്തുവിട്ടിട്ടുണ്ട്.

## ജെയിംസ് ചെട്ടിയാത്തിന്റെ കവിതാസമാഹാരം 'ആത്മസഖി' ഋഷിരാജ് സിംഗ് പ്രകാശനം ചെയ്തു

**അനിൽ പെണ്ണുക്കര**


കോട്ടയം: അമേരിക്കൻ മലയാളി ഗാനരചയിതാവും കവിയും മജീഷ്യനുമായ ജെയിംസ് ചെട്ടിയാത്തിന്റെ കവിതാ സമാഹാരമായ ആത്മസഖിയുടെ പ്രകാശനം ഓഗസ്റ്റ് 9-ന് 2 മണിക്ക് മുൻ ഡി.ജി.പി ഋഷിരാജ് സിംഗ് ഐപിഎസ് നിർവഹിച്ചു. റിട്ടയർമെന്റ് ജീവിതം എഴുത്തിലൂടെ പ്രശോഭിക്കുവാൻ കവിതയുടെ വഴി തെരഞ്ഞെടുത്ത ജെയിംസ് ചെട്ടിയാത്തിന്റെ കവിതകൾ ഏറെ വായിക്കപ്പെടട്ടെ എന്ന് ഋഷിരാജ് സിംഗ് പറഞ്ഞു.

അമ്മയുടെയും ഭാര്യയുടെയും ഓർമ്മകൾ വാക്കുകളായി വരുന്നത് സന്തോഷമാണ്. പലരും മനഃപൂർവം മറന്നുപോകുന്ന കാര്യങ്ങളെ വീണ്ടും ഓർമ്മയിൽ കൊണ്ടുവരുന്ന ജെയിംസ് ചെട്ടിയാത്ത് ഏവരുടെയും ബഹുമാനം അർഹിക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ രചനകൾക്ക് ആശംസകൾ. അമേരിക്കൻ മലയാളി എഴുത്തുകാരൻ കോരസൺ വർഗീസ് പുസ്തകം സ്വീകരിച്ചു. പ്രണയവും വിരഹവുമെല്ലാം കൂടിച്ചേർന്ന ആത്മസഖി എന്ന പുസ്തകത്തെ (ശേഷം 28-ാം പേജിൽ)




ജെയിംസ് ചെട്ടിയാത്തിന്റെ കവിതകൾ 'ആത്മസഖി' ഋഷിരാജ് സിംഗ് ഐപിഎസ് പ്രകാശനം ചെയ്യുന്നു. ഡോ. രേണു ഏബ്രഹാം, ജിജി ഫിലിപ്പ്, ബി. ഹരികുമാർ, വർഗീസ് ജേക്കബ്, ഡോ. മാമ്മൻ സി. ജേക്കബ്, ജെയിംസ് ചെട്ടിയാത്ത്, കോരസൺ വർഗീസ്, ജോർജി വർഗീസ്, സരോജ വർഗീസ്.







# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

# ലോക്സഭാ തെരഞ്ഞെടുപ്പിൽ അട്ടിമറി: കൂടുതൽ തെളിവുകളുമായി കോൺഗ്രസ്

ന്യൂഡൽഹി: പൊതുതെരഞ്ഞെടുപ്പുഫലം ബിജെപിക്ക് അനുകൂലമാക്കാൻ തെരഞ്ഞെടുപ്പു കമ്മീഷൻ 'വോട്ടുകൊള്ള' നടത്തിയെന്നതിന് തെളിവും കണക്കും പുറത്തുവിട്ട് ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആരോപണമുന്നയിച്ചിരുന്നു. ഒരേ വോട്ടർമാരെ പല ബൂത്തുകളിലെത്തിച്ചും കള്ള മേൽവിലാസം ഉപയോഗിച്ചും കന്നി വോട്ടർമാരെ ചേർക്കുന്ന നടപടിയിൽ ക്രമക്കേടു നടത്തിയുമാണ് അട്ടിമറിയെന്നായിരുന്നു ആരോപണം. 'വോട്ടുകൊള്ളയിലൂടെ' 33,000 വോട്ടുകൾക്ക് താഴെ ഭൂരിപക്ഷത്തിനു ബിജെപി വിജയിച്ച 25 മണ്ഡലങ്ങളുണ്ടെന്നും ഇതില്ലായിരുന്നെങ്കിൽ മോദിക്കു ഭരണം നഷ്ടപ്പെടുമായിരുന്നുവെന്നും രാഹുൽ പറഞ്ഞു. അതിനെതിരെ രാഹുൽ ഗാന്ധിക്ക് കർണാടക തെരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടീസ് അയച്ചതിനു പിന്നാലെ വോട്ടർ പട്ടിക ക്രമക്കേടുമായി ബന്ധപ്പെട്ട ആരോപണം ശരിയാണെന്ന് ആവർത്തിച്ച് കോൺഗ്രസ്. വോട്ട് കവർച്ച വെളിവാക്കുന്ന പട്ടികയടക്കമുള്ള വീഡിയോ ആണ് പാർട്ടിയുടെ ഔദ്യോഗിക എക്സ് അക്കൗണ്ടിൽ പങ്കുവെച്ചത്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഒത്താശയോടെയാണ് ക്രമക്കേടെന്നാണ് ആരോപണം. "തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഒത്താശയോടെ നടക്കുന്ന ക്രമക്കേടിന്റെ രീതികളും തന്ത്രങ്ങളും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അടുത്തിടെ തുറന്നുകാട്ടി. ഇതാ തെളിവ്, താഴെ കാണുന്ന പട്ടികയിൽ 30,000-ൽ അധികം വ്യാജ വിലാസങ്ങളുണ്ട് അവയിൽ ഭൂരിഭാഗവും 'ഹൗസ് നമ്പർ '0', '00', '000' എന്നിങ്ങനെയുള്ളവയാണ്. ബാക്കിയുള്ള 9000 വിലാസങ്ങളിൽ ഭൂരിപക്ഷവും വെറും സ്ഥലപ്പേരുകൾ മാത്രമാണ്. ഇപ്പോൾ കാര്യം പിടികിട്ടിയോ?"- എന്നാണ് കോൺഗ്രസ് എക്സിൽ പങ്കുവെച്ച പോസ്റ്റിൽ പറയുന്നത്.



ഇതൊരു മഞ്ഞുമലയുടെ അറ്റം മാത്രമാണ്. ഈ കണക്കുകൾ ഒരു ലോക്സഭാ സീറ്റിലെ ഒരേയൊരു നിയമസഭാ മണ്ഡലത്തിലേത് മാത്രമാണ്.


(ശേഷം 34-ാം പേജിൽ)

## ഉപകരണവിവാദം: ഡോ. ഹാരിസിന് ഡിഎംഇയുടെ ക്ലീൻ ചിറ്റ് ലഭിച്ചു

# സഹപ്രവർത്തകരുടെ പെരുമാറ്റം വേദനിപ്പിച്ചെന്ന് ഹാരിസ്

തിരുവനന്തപുരം: ശസ്ത്രക്രിയാ ഉപകരണം 'കാണാതായെന്ന' ആരോപണത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളജ് യൂറോളജി വകുപ്പുമേധാവി ഡോ. സി.എച്ച്. ഹാരിസിനെ കുറ്റവിമുക്തനാക്കി റിപ്പോർട്ട്. കാണാതായെന്നു പറഞ്ഞ മോസിലോസ്കോപ് യൂറോളജി വകുപ്പിൽ തന്നെയുണ്ടെന്നു മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ (ഡിഎംഇ) ഡോ. കെ.വി. വിശ്വനാഥൻ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ എൻ. ഖോബ്രഗഡെയ്ക്കു റിപ്പോർട്ട് നൽകി. ഇതുസംബന്ധിച്ചു മാധ്യമപ്രവർത്തകർ പ്രതികരണം ആരാഞ്ഞെങ്കിലും മന്ത്രി വീണാ ജോർജ് ഒഴിഞ്ഞുമാറി.

ഉപകരണക്ഷാമം മൂലം ശസ്ത്രക്രിയകൾ മാറ്റിവെച്ചെന്ന ഡോ. ഹാരിസിന്റെ വെളിപ്പെടുത്തൽ ആരോഗ്യ വകുപ്പിനെ വെട്ടിലാക്കിയിരുന്നു. ഇതേക്കുറിച്ച് അന്വേഷണം നടത്തിയ നാലംഗ വിദഗ്ധ സമിതി, വകുപ്പിൽ മോസിലോസ്കോപ് കാണാനില്ലെന്നു റിപ്പോർട്ട് ചെയ്തെന്നും ഇത് അന്വേഷിക്കുന്നുവെന്നും മന്ത്രി അറിയിച്ചിരുന്നു. എന്നാൽ ഉപകരണം അവിടെത്തന്നെയുണ്ടെന്നു വ്യക്തമായതോടെ, ആദ്യം കടത്തിക്കൊണ്ടുപോയശേഷം തിരികെക്കൊണ്ടുവന്നു വെച്ചതാണെന്നു സ്ഥാപിക്കാൻ ശ്രമമുണ്ടായി. ഇത്തരത്തിൽ ഡോ. ഹാരിസിനെ കുടുക്കാൻ എട്ടിന് മെഡിക്കൽകോളജ് പ്രിൻസിപ്പലും സൂപ്രണ്ടും ചേർന്നുനടത്തിയ വാർത്താസമ്മേളനവും പാളിയതോടെ ആരോഗ്യ വകുപ്പ് തോറ്റു പിന്മാറുകയായിരുന്നു.



അതിനിടെ മാനസിക സമ്മർദത്തെത്തുടർന്ന് ഈ മാസം നാല് മുതൽ അവധിയിലായിരുന്ന ഡോ. ഹാരിസ് ഒൻപതിന് ജോലിയിൽ പ്രവേശിച്ചു. താൻ ചികിത്സയിൽ കഴിയുമ്പോൾ മന്ത്രി വീണാ ജോർജും ഡിഎംഇ ഡോ. വിശ്വനാഥനും ആശുപത്രിയിൽ സന്ദർശിച്ചിരുന്നുവെന്ന് അദ്ദേഹം അറിയിച്ചു.

(ശേഷം 34-ാം പേജിൽ)

# പ്രതിരോധ സാമഗ്രികളുടെ നിർമാണത്തിലും കയറ്റുമതിയിലും ഇന്ത്യക്കു മുന്നേറ്റം

കൊച്ചി: പ്രതിരോധ സാമഗ്രികളുടെ നിർമാണത്തിലും കയറ്റുമതിയിലും ഇന്ത്യക്കു വലിയ മുന്നേറ്റം.

2023-24 സാമ്പത്തികവർഷത്തിൽ പ്രതിരോധ സാമഗ്രകളുടെ നിർമാണം 1.27 ലക്ഷം കോടി (15.34 ബില്യൺ യുഎസ് ഡോളർ) പിന്നിട്ടു. പ്രതിരോധ കയറ്റുമതി ഇക്കാലയളവിൽ 21,083 കോടിയായി ഉയർന്നു. യുദ്ധവിമാനങ്ങൾ, ആധുനിക ഹെലികോപ്റ്ററുകൾ, മിസൈലുകൾ എന്നിവയുടെ നിർമാണത്തിലും ശ്രദ്ധേയ നേട്ടമുണ്ടാക്കിയ ഇന്ത്യ, പ്രതിരോധരംഗത്ത് സ്വയം പര്യാപ്തതയിലേക്ക് (ആത്മനിർഭർ ഭാരത്) നീങ്ങുന്നതിന്റെ സൂചനകളുമായി കേന്ദ്രസർക്കാരിന്റെ പുതിയ കണക്കുകൾ പുറത്തുവന്നു. പ്രതിരോധ സാമഗ്രി നിർമാണരംഗത്ത് 2022-23 ലേക്കാൾ 16.7 ശതമാനമാണു വർധനയുണ്ടായത്. 2019-20 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 60 ശതമാനമാണ് വർധന രേഖപ്പെടുത്തിയതെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

21,083 കോടിയായി ഉയർന്ന പ്രതിരോധ കയറ്റുമതി 2022-23 സാമ്പത്തിക വർഷത്തിലേതിനേക്കാൾ (15,920 കോടി) 32.5 ശതമാനം വർധന രേഖപ്പെടുത്തി. ഒരു ദശാബ്ദത്തിനിടെ 31 മടങ്ങ് വർധനവാണു പ്രതിരോധ കയറ്റുമതി രംഗത്തുണ്ടായത്. പ്രതിരോധരംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ (ഡിപിഎസ്‌യു) കയറ്റുമതിയിൽ 42.85 ശതമാനത്തിന്റെ വർധനവാണു 2024-25ൽ ഉണ്ടായത്. ഈ മേഖലയിൽ പൊതുമേഖലാസ്ഥാപനങ്ങൾ 8,389 കോടിയുടെ കയറ്റുമതി നടത്തിയപ്പോൾ സ്വകാര്യമേഖലയുടേത് 15,233 കോടിയാണ്.

മുൻ വർഷം ഇതു യഥാക്രമം 5,874 കോടിയും 15,209 കോടിയുമായിരുന്നു. തേജസ് ലൈറ്റ് കോംബാറ്റ് എയർക്രാഫ്റ്റ്, അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്ററുകൾ എന്നിവ ഇന്ത്യയിൽ നിന്നു കയറ്റുമതി ചെയ്യുന്നുണ്ട്. യുഎസ് ഉൾപ്പെടെയുള്ള വൻ കയറ്റുമതി രാജ്യങ്ങളും ഇന്ത്യൻ പ്രതിരോധ സാമഗ്രികൾ വാങ്ങുന്നുണ്ട്. 2029 ആകുമ്പോഴേക്കും രാജ്യത്തിന്റെ പ്രതിരോധ കയറ്റുമതി 50,000 കോടി രൂപയായി ഉയർത്തുകയാണ് ലക്ഷ്യമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്ക് ഇന്ത്യ മുന്നേറുകയാണെന്ന് പ്രതിരോധമന്ത്രാലയ വൃത്തങ്ങൾ പറഞ്ഞു. 80ഓളം രാജ്യങ്ങളിലേക്ക് ഇന്ത്യ പ്രതിരോധസാമഗ്രികൾ കയറ്റുമതി ചെയ്യുന്നുണ്ട്.

# 6,500 കിലോയുടെ ഉപഗ്രഹവിക്ഷേപണത്തിന് ഐഎസ്ആർഒ

ചെന്നൈ: 6,500 കിലോ ഭാരമുള്ള യുഎസിന്റെ വാർത്താവിനിമയ ഉപഗ്രഹം വരുംമാസങ്ങളിൽ ഭ്രമണപഥത്തിലെത്തിക്കാനൊരുങ്ങി ഐഎസ്ആർഒ. കഴിഞ്ഞ ജൂലൈ 30-ന് യുഎസ് ബഹിരാകാശ ഏജൻസിയായ നാസയുടെയും ഐഎസ്ആർഒയുടെയും സംയുക്തസംരംഭമായ നിസാർ വിജയകരമായി വിക്ഷേപിച്ചതിനു പിന്നാലെയാണീ ശ്രമകരമായ ദൗത്യമെന്ന് ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ അറിയിച്ചു. ചെന്നൈ എസ്ആർഎം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് ആൻഡ് ടെക്നോളജിയുടെ ഓണററി ഡോക്ടറേറ്റ് ഏറ്റുവാങ്ങാനെത്തിയതായിരുന്നു അദ്ദേഹം. മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണനാണു ബഹുമതി സമ്മാനിച്ചത്.

# ഓപ്പറേഷൻ സിന്ദൂർ: പാക്കിസ്ഥാൻ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു


ചെന്നൈ: ഇന്ത്യയുമായുള്ള സംഘർഷത്തിൽ വിജയം അവകാശപ്പെട്ട് പാകിസ്ഥാൻ നടത്തുന്ന പ്രചാരണങ്ങളെ പരിഹസിച്ച് ഇന്ത്യൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. തങ്ങൾ ജയിച്ചെന്നു സ്വന്തം ജനതയെ വിശ്വസിപ്പിച്ച പാക് വ്യാഖ്യാനതന്ത്രം തുറന്നു കാട്ടിയ ജനറൽ ദ്വിവേദി, ആ വിജയം മനസ്സിൽ മാത്രമാണെന്നും ചൂണ്ടിക്കാട്ടി. മദ്രാസ് ഐഐടിയിൽ നടന്ന പരിപാടിയിൽ വിദ്യാർത്ഥികളോട് സംവദിക്കുകയായിരുന്നു അദ്ദേഹം.

വിജയം മനസ്സിലാണെന്നതിനാലാണ് വ്യാഖ്യാനം ചമയ്ക്കലിന്റെ പ്രസക്തി. നിങ്ങൾ ജയിച്ചോ തോറ്റോയെന്ന് ഒരു പാക്കിസ്ഥാനിയോട് ചോദിച്ചാൽ അയാൾ പറയും, ഞങ്ങൾ ജയിച്ചതുകൊണ്ടാണ് ഞങ്ങളുടെ സൈനിക മേധാവിയെ ഫീൽഡ് മാർഷലായി ഉയർത്തിയതെന്ന്.

തന്ത്രപരമായ സന്ദേശങ്ങൾ പരമപ്രധാനമാണ്. അതുകൊണ്ടാണ് നീതി നടപ്പായെന്ന സന്ദേശം നമ്മൾ ആദ്യമേ നല്കിയത്. അത്തരം സന്ദേശങ്ങൾ ലളിതമാണെങ്കിലും ലോകമെമ്പാടുമെത്തും.

ഓപ്പറേഷൻ സിന്ദൂർ വിശദീകരിക്കാൻ വനിതാ ഓഫീസർമാരെ നിയോഗിച്ചത് സൂചിപ്പിച്ച് കരസേനാ മേധാവി ചൂണ്ടിക്കാട്ടി.

# ഓഗസ്റ്റ് 14 'വിഭജന ഭീതി' ദിനമായി ആചരിക്കണം: ഗവർണർ



തിരുവനന്തപുരം: ഓഗസ്റ്റ് 14 'വിഭജന ഭീതി ദിനം' ആയി ആചരിക്കണമെന്ന സർക്കുലറുമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. സർവകലാശാല വിസിമാർക്കാണ് ഗവർണറുടെ നിർദേശം. ഈ ദിവസം വിവിധ പരിപാടികൾ സംഘടിപ്പിക്കണമെന്നും സർക്കുലറിൽ നിർദേശിക്കുന്നു. ഇന്ത്യ-പാക്ക് വിഭജനത്തിന്റെ ഓർമയ്ക്കായി ഓഗസ്റ്റ് 14 'വിഭജനഭീതി' ദിനമായി ആചരിക്കണമെന്ന് നേരത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തിരുന്നു.

ദിനാചരണത്തിന്റെ ഭാഗമായി സെമിനാറുകളും നാടകങ്ങളും സർവകലാശാലകളിൽ സംഘടിപ്പിക്കണമെന്നാണ് രാജ്ഭവന്റെ നിർദേശത്തിലുള്ളത്. ഇന്ത്യാവിഭജനം എത്രത്തോളം ഭീകരമായിരുന്നു എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനാണ് ഇതെന്നും പരിപാടികളുടെ സംഘാടനത്തിന് വിസിമാർ പ്രത്യേക ആക്ഷൻ പ്ലാൻ രൂപീകരിക്കണമെന്നും രാജ്ഭവൻ ആവശ്യപ്പെടുന്നു.

# രമണി മാത്യുവിന്റെ സംസ്കാര ശുശ്രൂഷകൾ ഓഗസ്റ്റ് 15, 16 തീയതികളിൽ



ചിക്കാഗോ: കഴിഞ്ഞദിവസം അന്തരിച്ച രമണി മാത്യുവിന്റെ സംസ്കാര ശുശ്രൂഷകൾ ഓഗസ്റ്റ് 15, 16 തീയതികളിൽ നടക്കുമെന്ന് കുടുംബാംഗങ്ങൾ അറിയിച്ചു. ഓഗസ്റ്റ് 15-ന് വെള്ളിയാഴ്ച വൈകിട്ട് 4 മണി മുതൽ 9 മണിവരെ മെമ്മോറിയൽ സർവീസും 16-ന് ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണി വരെ സംസ്കാരശുശ്രൂഷകളും ലാംബർഡിൽ ഉള്ള സെന്റ് തോമസ് മാർത്തോമ്മ പള്ളിയിൽ (St. Thomas Marthoma Church, 710 N. Main St. Lombard) ആരംഭിക്കും.

ദീർഘവർഷങ്ങളായി ചിക്കാഗോയിൽ താമസിക്കുന്ന സാജൻ വള്ളിക്കുന്നത്തിന്റെ ഭാര്യയാണ് രമണി മാത്യു (71). മാവേലിക്കര കറ്റാനം കാട്ടുമുക്കിൽ കുടുംബാംഗമാണ്. പരേതരായ ഗീവർഗീസ് സാമുവേലിന്റെയും കുഞ്ഞമ്മ സാമുവേലിന്റെയും നാലാമത്തെ പുത്രിയാണ് പരേത. സോണി, ടോണി, റോണി എന്നിവർ മക്കളും താജ്, നയിൽ, നോള എന്നിവർ കൊച്ചുമക്കളുമാണ്. റോസമ്മ സാമുവൽ, ഗ്രേസമ്മ ഈപ്പൻ, ബേബി മത്തായി, ലത ബില്ലിച്ചൻ, സ്കറിയ, ജെസ്സി പോൾ എന്നിവർ സഹോദരങ്ങളാണ്. കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പന്റെ ഭാര്യ സഹോദരിയാണ്.

വാർത്ത: കുര്യൻ ഫിലിപ്പ്

# വോട്ട് കൊള്ള തൃശൂരിലും

തൃശൂർ: പാർലമെന്റ് നിയോജക മണ്ഡലത്തിലെ വോട്ടർപട്ടികയിലെ ക്രമക്കേട് സംബന്ധിച്ച് തെളിവുസഹിതമുള്ള രേഖകൾ പുറത്തുവിട്ട് ഡിസിസി പ്രസിഡണ്ട് ജോസഫ് ടാജറ്റ്. ബിജെപി സ്ഥാനാർത്ഥി സുരേഷ് ഗോപിയുടെയും സഹോദരൻ സുഭാഷ് ഗോപിയുടെയും കുടുംബാംഗങ്ങൾ ബൂത്ത് നമ്പർ 116-ൽ 1016 മുതൽ 1026 വരെയാണ് വോട്ടുകൾ ചേർത്തിട്ടുള്ളത്. തെരഞ്ഞെടുപ്പിന് ഏതാനും മാസങ്ങൾക്കുമുമ്പാണ് ചേർത്ത വോട്ടുകൾ, ഭാരത് ഹെറിറ്റേജ് എന്ന വീട്ടുപേരിൽ 10/219/2 എന്ന വീട്ടുനമ്പറിൽ ഇപ്പോഴും നിലനിൽക്കുന്നതായി ഇലക്ഷൻ കമ്മീഷന്റെ വോട്ടർ ഹെൽപ്പ് ലൈൻ ആപ്പിൽ പരിശോധിച്ചാൽ അറിയാമെന്നും ജോസഫ് ടാജറ്റ് കൂട്ടിച്ചേർത്തു.

ഉടമസ്ഥതയിൽ ഉണ്ടായിരുന്ന ഈ വീട്ടിൽനിന്നു തെരഞ്ഞെടുപ്പിനുശേഷം ഒഴിഞ്ഞുപോയെങ്കിലും ഇപ്പോഴും വോട്ട് നിലനിൽക്കുകയാണ്. എന്നാൽ, കോർപറേഷൻ പ്രസിദ്ധീകരിച്ച 11 മുക്കാട്ടുകര ഡിവിഷൻ ഭാഗം രണ്ട് പട്ടികയിൽ ഇവരുടെ പേരുകളില്ല എന്നത് ഇവർ ഈ വീട്ടിലെ സ്ഥിരതാമസക്കാരല്ല എന്ന വസ്തുത തെളിയിക്കുന്നതാണെന്ന് ജോസഫ് ടാജറ്റ് പറഞ്ഞു.

ബൂത്ത് നമ്പർ 30-ൽ സമാനമായ രീതിയിലാണ് കാപിറ്റൽ ഗാർഡൻസ്, ടോപ്പ് പാരഡൈസ്, ചൈത്രം ഐഡിബിഐ, കാപ്പിറ്റൽ വില്ലേജ്, ശ്രീശങ്കരി എന്നീ ഫ്ളാറ്റുകളിലായി 45 പേരുടെ വോട്ടുകൾ ചേർത്തിട്ടുള്ളത്. ഇവർ ആരുംതന്നെ തെരഞ്ഞെടുപ്പിനുമുമ്പോ ശേഷമോ ഈ ഫ്ളാറ്റിലോ മേൽവിലാസത്തിലോ താമസിച്ചതായി ആരും സാക്ഷ്യപ്പെടുത്തുന്നില്ല. എന്നാൽ, ഇവരുടെ ഇലക്ടറൽ ഐഡി കാർഡ് നമ്പർ ആപ്പ് വഴി പരിശോധിച്ചപ്പോൾ ഇവരുടെ വോട്ടുകൾ ഇതേ പട്ടികയിൽ ഇപ്പോഴും തുടർന്നുവരികയാണ്. സമാനമായ രീതിയിൽ ശോഭ സഫയർ, ശോഭ സിറ്റി, ചേലൂർ കൺട്രി കോട്ട്, ശക്തി അപ്പാർട്ട്മെന്റ്സ്, വാട്ടർലില്ലി ഫ്ളാറ്റ്സ്, ഗോവിന്ദ് അപ്പാർട്ട്മെന്റ്സ്, ശോഭ ടോപ് പ്ലാസ എന്നിവിടങ്ങളിലും വോട്ടുകൾ ചോർത്തിയതായി തെളിവുകൾ പുറത്തുവിട്ടിട്ടുള്ളതായി ഡിസിസി പ്രസിഡണ്ട് പറഞ്ഞു. ഇവർക്ക് ആർക്കും തന്നെ കോർപറേഷൻ വോട്ടർപട്ടികയിൽ വോട്ടുകളില്ല എന്നതും ശ്രദ്ധേയമാണ്.

നിയോജകമണ്ഡലത്തിൽനിന്നു പുറത്തുള്ളവരും സ്ഥിരതാമസക്കാരുമല്ലാത്ത വോട്ടർമാരെ തെരഞ്ഞെടുപ്പുസമയത്ത് അടഞ്ഞുകിടന്ന വീടുകളുടെയും ഫ്ളാറ്റുകളുടെയും പേരിൽ വോട്ടർപട്ടികയിൽ ചേർത്തെന്നും ടാജറ്റ് ആരോപിച്ചു. 65,000 വോട്ടുകൾ ചോർത്തിയെന്നു ബിജെപി അവകാശപ്പെടുമ്പോൾ ഇത്തരം വഴിവിട്ട രീതിയിലൂടെയാണോ ചോർത്തിയതെന്നു ബിജെപി വ്യക്തമാക്കണമെന്നും കണ്ടെത്തേണ്ട ഉത്തരവാദിത്വം തെരഞ്ഞെടുപ്പുകമ്മീഷനിൽ നിക്ഷിപ്തമാണെന്നും ഡിസിസി പ്രസിഡണ്ട് പറഞ്ഞു.

# അംഗീകാരമില്ലാത്ത 334 രാഷ്ട്രീയ പാർട്ടികളെ പുറത്താക്കി

ന്യൂഡൽഹി: അംഗീകാരം ലഭിക്കാത്ത 334 രജിസ്ട്രേഡ് രാഷ്ട്രീയപാർട്ടികളെ തെരഞ്ഞെടുപ്പു കമ്മീഷൻ പട്ടികയിൽനിന്ന് ഒഴിവാക്കി. കേരളത്തിൽനിന്നുള്ള ഏഴു രാഷ്ട്രീയപാർട്ടികളും പട്ടികയിൽനിന്നു പുറത്തായി. കഴിഞ്ഞ ആറു വർഷമായി ഒരു തെരഞ്ഞെടുപ്പിൽപ്പോലും മത്സരിച്ചിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടിയാണു തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി. ഇതോടെ പാർട്ടി ഫണ്ടിലേക്കു സംഭാവനകൾ സ്വീകരിക്കാനോ ഓഫീസുകൾ സ്ഥാപിക്കാനോ സാധിക്കില്ല. നികുതിയിളവുകൾ അടക്കമുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഇല്ലാതാകും. 1951-ലെ ജനപ്രാതിനിധ്യ നിയമപ്രകാരമാണു നടപടി. തെരഞ്ഞെടുപ്പു കമ്മീഷന്റെ പുതിയ പട്ടികപ്രകാരം ആറു ദേശീയ പാർട്ടികളും 67 സംസ്ഥാന പാർട്ടികളുമാണുള്ളത്. രജിസ്റ്റർ ചെയ്തെങ്കിലും അംഗീകാരം ലഭിക്കാത്ത 334 രാഷ്ട്രീയ പാർട്ടികളെ ഒഴിവാക്കിയതോടെ ഈ ഗണത്തിൽ ഇനി അവശേഷിക്കുന്നത് 2520 പാർട്ടികളാണ്. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായാണു കമ്മീഷന്റെ നീക്കം. 17 രാഷ്ട്രീയ പാർട്ടികളെയാണു ബിഹാറിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പട്ടികയിൽനിന്നു നീക്കം ചെയ്തത്. പട്ടികയിൽനിന്നു പുറത്താക്കിയ സാഹചര്യത്തിൽ പാർട്ടിയുടെ പേരിൽ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിർത്താൻ സാധിക്കില്ല.

# ജൂബിലി തീർത്ഥാടനത്തിൽ തടവുകാരെ സ്വീകരിച്ച് ലെയോ മാർപാപ്പ

വത്തിക്കാൻ സിറ്റി: 2025 പ്രത്യാശയുടെ ജൂബിലി വർഷാചരണത്തോടനുബന്ധിച്ചുള്ള തീർത്ഥാടനത്തിനായി വത്തിക്കാനിലെത്തി തടവുകാരും.



തീർത്ഥാടകരായി എത്തിയ വെനീസിൽ നിന്നുള്ള തടവുകാർ മാർപാപ്പയ്ക്കു സമ്മാനം കൈമാറുന്നു.

വെനീസിലെ സാന്താ മാരിയ മജോരെ ജയിലിലെ മൂന്നു തടവുകാരാണ് പ്രത്യേക അനുമതിയോടെ കാൽനടയായി വത്തിക്കാനിലെത്തിയത്. വെനീസ് പാത്രിയർക്കീസും ജയിലിന്റെ ചാപ്ലയിനുമായ ആർച്ച്ബിഷപ് ഫ്രാഞ്ചെസ്കോ മൊറാല്യ ഉൾപ്പെടെയുള്ളവർ ഇവരെ അനുഗമിച്ചിരുന്നു. തീർത്ഥാടക സംഘത്തെ ലെയോ പതിനാലാമൻ മാർപാപ്പ സ്വീകരിച്ചു.

സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധ വാതിൽ കടന്ന തടവുകാർ, മാർപാപ്പയെ സന്ദർശിച്ച് തങ്ങളുടെ ആത്മീയ സന്തോഷം പങ്കുവെച്ചു. വെനീസിൽ നിന്നു കൊണ്ടുവന്ന ഏതാനും സമ്മാനങ്ങളും തടവുപുള്ളികൾ മാർപാപ്പയ്ക്കു നല്കി.

തികച്ചും സൗഹാർദ്ദപരമായിരുന്നു മാർപാപ്പയുമായുള്ള കൂടിക്കാഴ്ചയെന്നും അദ്ദേഹം ഒരു സുഹൃത്തെന്ന നിലയിൽ തങ്ങളോട് സംസാരിച്ചുവെന്നും വിവിധ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞുവെന്നും തടവുകാർ പറഞ്ഞു.

ഏകദേശം 20 വർഷം മുമ്പ് താൻ വെനീസിൽ ഉണ്ടായിരുന്നപ്പോഴുള്ള അനുഭവങ്ങൾ മാർപാപ്പ പങ്കുവെച്ചു. ശിക്ഷാകാലാവധി കഴിഞ്ഞു നിയമപ്രകാരം മടങ്ങാനുള്ള തയ്യാറെടുപ്പിനിടെയാണ് മൂന്നു തടവുകാരും വത്തിക്കാനിലേക്ക് കാൽനടയായി തീർത്ഥാടനം നടത്തിയത്. റോമിലുള്ള മറ്റു ബസിലിക്കകളിലും സംഘം തീർത്ഥാടനം നടത്തി.

# പ്രധാനമന്ത്രിക്ക് ഓണക്കോടി മൂന്നാംവർഷവും കണ്ണൂരിൽനിന്ന്

കണ്ണൂർ: പ്രധാനമന്ത്രിയുടെ ഓണക്കോടി ഇത്തവണയും കണ്ണൂരിൽനിന്ന്. തുടർച്ചയായ മൂന്നാം വർഷമാണ് മേലെചൊവ്വയിലെ ലോക്നാഥ് വീവേഴ്സ് പ്രധാനമന്ത്രിയുടെ ഓണക്കോടി തയ്യാറാക്കുന്നത്. പ്രധാനമന്ത്രിക്ക് മൂന്നു സെറ്റും ഏഴു കേന്ദ്രമന്ത്രിമാർക്കായി ഏഴു സെറ്റുമാണ് വിവേഴ്സിലെ സഹജ നെയ്തെടുത്തത്. ഏതാനും ദിവസമായി തുടങ്ങിയ പണി പൂർത്തിയാക്കി അയച്ചു.

എളയാവൂർ വളന്നൂരിലാണ് കെ.വി. സഹജ താമസിക്കുന്നത്. 20 വർഷമായി നെയ്ത്തു തൊഴിലാളിയാണ്. ലോക്നാഥ് വീവേഴ്സിൽ തുടർച്ചയായി 15 വർഷമായി ജോലി ചെയ്യുന്നു. ഈ സ്ഥാപനത്തിന്റെ ഡയറക്ടർ കൂടിയാണ് ഇവർ.

ബിജെപി കണ്ണൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ പ്രസിഡണ്ട് കെ.കെ. വിനോദ് കുമാർ, ദേശീയ സമിതി അംഗം സി. രഘുനാഥ്, നേതാക്കളായ അർച്ചന വണ്ടിച്ചാൽ, ബാബു കെ. ദിനേശൻ എന്നിവരടങ്ങുന്ന സംഘം ലോക്നാഥ് വിവേഴ്സിലെത്തി സഹജയെ അനുമോദിച്ചു.

# കാണിപ്പയ്യൂരിൽ ആംബുലൻസും കാറും കൂട്ടിയിടിച്ച് രണ്ടു പേർ മരിച്ചു

കുന്നംകുളം: രോഗിയുമായി പോയ ആംബുലൻസും കാറും കൂട്ടിയിടിച്ച് രണ്ടു പേർ മരിച്ചു. ആറു പേർക്കു പരിക്കേറ്റു. കാണിപ്പയ്യൂരിൽ ആഗസ്റ്റ് 10-ന് വൈകുന്നേരം 3.45 ഓടെയാണ് അപകടമുണ്ടായത്. ആംബലൻസിൽ ഉണ്ടായിരുന്ന കമ്മൂർ ചെറുകുന്ന് കുഞ്ഞിരാമൻ (83), കാറിൽ സഞ്ചരിച്ച കൂനംമൂച്ചി കുത്തൂർ വീട്ടിൽ ആന്റോയുടെ ഭാര്യ പുഷ്പ (55) എന്നിവരാണ് മരിച്ചത്. പരിക്കുകളോടെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച ആന്റോയുടെ നില ഗുരുതരമാണ്. കാറുമായി കൂട്ടിയിടിച്ചു മറിഞ്ഞ ആംബുലൻസിലുണ്ടായിരുന്ന അഞ്ചുപേരെ കുന്നംകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കുഞ്ഞിരാമന് എറണാകുളത്തെ ആശുപത്രിയിൽ ചികിത്സ കഴിഞ്ഞ് കണ്ണൂരിലേക്കു മടങ്ങുകയായിരുന്നു ആംബുലൻസിലുണ്ടായിരുന്നവർ. ആന്റോയും പുഷ്പയും കുന്നംകുളം വ്യാപാരഭവനിൽ മകളുടെ കുഞ്ഞിന്റെ പിറന്നാൾ ആഘോഷത്തിൽ പങ്കെടുത്തു മടങ്ങുകയായിരുന്നു. നിയന്ത്രണം വിട്ട കാർ ആംബുലൻസുമായി കൂട്ടിയിടിക്കുകയായിരുന്നു. ആംബുലൻസ് ഡ്രൈവർ അനീഷ് (40), നേഴ്സ് വിപിൻ (35), ചന്ദ്രൻ (60), ഷാജു (46), സിപിഎം കണ്ണൂർ ജില്ലാ കമ്മിറ്റി അംഗം വിനോദ് കുമാർ രാമന്തളി (54) എന്നിവരാണ് കുന്നംകുളത്ത് ആശുപത്രിയിൽ ചികിത്സയിലുള്ളത്. ഇവരുടെ പരുക്ക് ഗുരുതരമല്ല.

# തോമസ് പാറേട്ട് അന്തരിച്ചു

(ഒന്നാം പേജിൽ നിന്നും)

1961 ജനുവരി 6-ന് ചാമക്കാലാ സെന്റ് ജോൺസ് എൽ.പി. സ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1985 ജൂൺ ഒന്ന് മുതൽ 1990 വരെ നീണ്ടൂർ സെന്റ് മൈക്കിൾസ് എൽ.പി. സ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്തു. കുറുമുള്ളൂർ എവിജിഎം പബ്ലിക് ലൈബ്രറിയുടെ പ്രസിഡണ്ടായി ഏഴു വർഷവും സെക്രട്ടറിയായി 23 വർഷവും സേവനം ചെയ്തു. ആറു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി ലേഖനങ്ങളുമെഴുതിയിട്ടുണ്ട്. അദ്ധ്യാപകവൃത്തിയിൽ നിന്ന് വിരമിച്ചശേഷം കുടുംബസമേതം അമേരിക്കയിലേക്ക് കുടിയേറി. ഇപ്പോൾ നാട്ടിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

കേരളാ എക്സ്പ്രസ്സിന്റെ അഭ്യുദയകാംക്ഷിയും എഴുത്തുകാരനുമായിരുന്ന തൊമ്മിസാറിന് ആദരാഞ്ജലികൾ.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 33
August 11, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara



DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്വചനം**


അനുഭവം നല്ല പാഠം പഠിപ്പിക്കുന്നു. പക്ഷേ, വിഡ്ഢികൾക്ക് അതു പ്രയോജനപ്പെടുകയില്ല.

**ബഞ്ചമിൻ ഫ്രാങ്ക്ളിൻ**

ശാന്തമായ കടലിൽ എല്ലാവരും സമർത്ഥരായ കപ്പിത്താൻമാരാണ്.

**സ്ലോവേനിയ**


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ബിഹാറിലെ ഒഴിവാക്കിയ 65 ലക്ഷം വോട്ടർമാരുടെ വിവരം നൽകണം: സുപ്രീംകോടതി

ന്യൂഡൽഹി: ബിഹാറിൽ കരട് വോട്ടർപട്ടികയിൽനിന്നു നീക്കം ചെയ്ത 65 ലക്ഷം പേരുടെ വിവരങ്ങളും ഒഴിവാക്കാനുള്ള കാരണവും വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടു സമർപ്പിച്ച ഹർജിയിൽ തെരഞ്ഞെടുപ്പു കമ്മീഷന് സുപ്രീംകോടതിയുടെ നോട്ടീസ്. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസാ (എഡിആർ) ണു പരാതിക്കാരൻ. ഹർജിയിൽ 12-ന് കോടതി വീണ്ടും വാദം കേൾക്കും.

കഴിഞ്ഞ ഒന്നിനു പുതുക്കിയ കരടുവോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഏതെങ്കിലും രാഷ്ട്രീയകക്ഷികൾക്കു നൽകിയിട്ടുണ്ടോയെന്ന് ജസ്റ്റിസുമാരായ സൂര്യകാന്ത്, ഉജ്ജൽ ഭുയാൻ, എൻ. കോടീശ്വർ സിങ് എന്നിവരുൾപ്പെട്ട ബെഞ്ച് കമ്മീഷനോട് ചോദിച്ചു. വോട്ടർമാരെ ഒഴിവാക്കിയതിന്റെ കാരണം സംബന്ധിച്ച കോളം പ്രസിദ്ധീകരിച്ച പട്ടികയിൽനിന്ന് ഒഴിവാക്കിയെന്നു ഹർജിക്കാർ ആരോപിച്ചു. മുമ്പ് ബൂത്ത് തലത്തിലുള്ള പട്ടികയിൽത്തന്നെ ഒഴിവാക്കപ്പെട്ടവരുടെയും കൂട്ടിച്ചേർക്കപ്പെട്ടവരുടെയും വിവരങ്ങൾ നൽകിയിരുന്നു. എന്നാൽ, സമഗ്ര വോട്ടർ പട്ടിക പരിഷ്കരണ (എസ്ഐആർ) പ്രകാരം പ്രസിദ്ധീകരിച്ച പട്ടികയിൽ അത്തരം വിവരങ്ങളില്ല. പേരുകൾ ഒഴിവാക്കിയതു നിയമപരമാണോയെന്ന് പരിശോധിക്കാൻ പൊതുസമൂഹത്തിനും രാഷ്ട്രീയകക്ഷികൾക്കും ഇതുമൂലം സാധ്യമാകാത്ത അവസ്ഥയാണുള്ളത്. വിശദീകരണമൊന്നും നൽകാതെയാണ് ഒഴിവാക്കൽ. വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവർക്ക് രജിസ്ട്രേഷൻ ഓഫ് ഇലക്ടേഴ്സ് റൂൾ 1960 ചട്ടം 21 എ പ്രകാരം നോട്ടീസ് നൽകുകയോ അവരുടെ വിശദീകരണം കേൾക്കുകയോ ചെയ്തിട്ടില്ലെന്ന് ഹർജിക്കാർക്കുവേണ്ടി ഹാജരായ അഡ്വ. പ്രശാന്ത് ഭൂഷൺ ചൂണ്ടിക്കാട്ടി.

മരിച്ചവരെയോ സ്ഥലംമാറി പോയവരെയോ ആണോ പട്ടികയിൽനിന്ന് ഒഴിവാക്കിയതെന്നറിയാൻ പൊതുസമൂഹത്തിനു മാർഗമില്ല. ഒഴിവാക്കപ്പെട്ടവരിൽ 22 ലക്ഷം പേർ മരിച്ചവരാണെന്നും ഏഴുലക്ഷം പേർ ഒന്നിൽക്കൂടുതൽ മണ്ഡലങ്ങളിൽ രജിസ്റ്റർ ചെയ്തവരാണെന്നും 35 ലക്ഷം പേർ സ്ഥിരമായി സ്ഥലംമാറി പോയവരോ കണ്ടെത്താൻ കഴിയാത്തവരോ ആണെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ കഴിഞ്ഞ 25-നു പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ വ്യക്തമാക്കുന്നു. കമ്മീഷന്റെ പക്കൽ ഇതുസംബന്ധിച്ച് പരസ്യപ്പെടുത്താത്ത വിശദമായ കണക്കുണ്ടെന്നാണ് ഇതിൽനിന്നു വ്യക്തമാകുന്നതെന്നു ഹർജിക്കാരായ എഡിആർ ചൂണ്ടിക്കാട്ടി.

ബൂത്ത് ലെവൽ ഓഫീസർമാർ (ബിഎൽഒ) വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തേണ്ടെന്ന ശിപാർശ രേഖപ്പെടുത്തിയ എന്യൂമറേഷൻ ഫോമുകൾ പരസ്യപ്പെടുത്തണമെന്നും ഹർജിക്കാർ ആവശ്യപ്പെട്ടു. ഇത്തരം ശിപാർശകൾ നൽകുന്നതു സംബന്ധിച്ച് കമ്മീഷന്റെ മാർഗനിർദേശങ്ങൾ നിലവിലില്ല.

സമഗ്രമായ അവലോകനം ഉറപ്പാക്കാൻ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുംമുമ്പ് എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും കൈമാറിയിരുന്നതായി തെരഞ്ഞെടുപ്പു കമ്മീഷൻ വ്യക്തമാക്കി. ഇതോടെ ഇതെല്ലാം മറുപടി രൂപത്തിൽ നൽകാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്നു കോടതി ആരാഞ്ഞു. വിശദാംശങ്ങൾ കൈമാറിയ രാഷ്ട്രീയ പാർട്ടികളുടെ പട്ടിക നൽകിയാൽ അവരിൽനിന്ന് ഹർജിക്കാർക്ക് ശേഖരിക്കാൻ സാധിക്കും. അടുത്ത ഒൻപതിനുമുമ്പ് മറുപടി സമർപ്പിക്കണം- ബെഞ്ച് നിർദേശിച്ചു.

# 15 ചതുരശ്രയടി വീട്ടിൽ വോട്ടർമാർ എൺപത്

ന്യൂഡൽഹി: കർണാടകയിലെ ബാംഗ്ലൂർ സെൻട്രൽ ലോക്സഭാമണ്ഡലത്തിൽപ്പെട്ട മഹാദേവപുര നിയമസഭാമണ്ഡലത്തിൽ വൻതോതിൽ വോട്ട് ക്രമക്കേട് നടന്നെന്ന രാഹുൽ ഗാന്ധിയുടെ ആരോപണം ശരിവെച്ച് കൂടുതൽ വിവരങ്ങൾ പുറത്ത്.

മഹാദേവപുരയിലെ 470-ാം നമ്പർ ബൂത്തിൽപ്പെട്ട, മുനി റെഡ്ഡി ഗാർഡനിലെ 35-ാം നമ്പർ വീട്ടിൽമാത്രം 80 വോട്ടുകൾ ചേർക്കപ്പെട്ടതായി കണ്ടെത്തി.

കേവലം 10-15 ചതുരശ്രയടി വിസ്തീർണമുള്ള വീടാണിത്. രാഹുൽ ഗാന്ധി പരാമർശിച്ച വീട്ടിൽ പശ്ചിമ ബംഗാൾ സ്വദേശിയായ ഭക്ഷണവിതരണത്തൊഴിലാളി ദീപാങ്കറാണ് ഇപ്പോൾ താമസിക്കുന്നത്.

ഒരുമാസം മുമ്പാണ് ഇയാൾ ബംഗളൂരുവിലെത്തിയത്. തനിക്ക് ബംഗളൂരുവിൽ വോട്ടില്ലെന്നും ഈ വിലാസത്തിൽ വോട്ടർ പട്ടികയിലുള്ള ആരെയും അറിയില്ലെന്നും ദീപാങ്കർ പറഞ്ഞു. ബിജെപി അനുഭാവിയായ ജയറാം റെഡ്ഡിയുടേതാണ് വീടെന്നും ദീപാങ്കർ വെളിപ്പെടുത്തി. എന്നാൽ, രാഹുലിന്റെ വാദങ്ങൾ തള്ളി മുറി ഉടമ ജയറാം റെഡ്ഡി രംഗത്തെത്തി. രാഹുൽ ഗാന്ധി ആകെ ആശയക്കുഴപ്പത്തിലാണെന്ന് പറഞ്ഞ റെഡ്ഡി, രാഹുൽ പറഞ്ഞതുപോലെ താൻ ബിജെപി പ്രവർത്തകനല്ലെന്നും റെഡ്ഡി പ്രതികരിച്ചു.

വർഷങ്ങളായി ഒട്ടേറെ വാടകക്കാർ ഈ വീട്ടിൽ താമസിച്ചിട്ടുണ്ട്. അവരിൽ പലരും വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടുണ്ട്. സ്ഥലം വിട്ടവരിൽ പലരും വോട്ട് ചെയ്യാൻ തിരികെയെത്താറുണ്ട്. തന്റെ വീടിന്റെ വിലാസത്തിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് തെരഞ്ഞെടുപ്പ് അധികൃതരെ അറിയിച്ചിട്ടില്ലെന്നും ഇനി പരാതി നൽകുമെന്നും റെഡ്ഡി വ്യക്തമാക്കി. ഇത്തരം ചെറുവീടുകളിൽ താമസിക്കുന്ന ഇതരസംസ്ഥാനത്തൊഴിലാളികളിൽ പലരും വാടകച്ചീട്ടും മറ്റും ഉപയോഗിച്ച് തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡുകൾ സംഘടിപ്പിക്കാറുണ്ടെന്ന് ബൂത്ത് ലെവൽ ഓഫീസർ മുനിരത്ന പറഞ്ഞു.

ഇവർ പിന്നീട് സ്ഥലം വിട്ടാലും വോട്ടർ പട്ടികയിൽ പേര് ശേഷിക്കും.

സ്ഥലം മാറിപ്പോയവരുടെ വിവരങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷനു നൽകിയിരുന്നെന്നും നടപടിക്രമങ്ങളിലെ താമസം മൂലമാണ് അവ നീക്കം ചെയ്യപ്പെടാതിരുന്നതെന്നും മുനിരത്ന പറഞ്ഞു.

# ഇടുക്കിയിൽ ജലനിരപ്പ് ബ്ലൂ അലർട്ട് ലെവൽ പിന്നിട്ടു

തൊടുപുഴ: ഇടുക്കി അണക്കെട്ടിൽ ജലനിരപ്പ് ബ്ലൂ അലർട്ട് ലെവൽ മറികടന്നു. ഓഗസ്റ്റ് എട്ടിന് വൈകുന്നേരം ആറിന് ജലനിരപ്പ് 2377.16 അടിയാണ്. ഇതു സംഭരണശേഷിയുടെ 71 ശതമാനമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം 2366.09 അടിയായിരുന്നു ജലനിരപ്പ്. മുൻ വർഷത്തെ അപേക്ഷിച്ച് 9.50 അടി വെള്ളം നിലവിൽ കൂടുതലുണ്ട്. ജലനിരപ്പ് 2381.53 അടിയിലെത്തിയാൽ ഓറഞ്ച് അലർട്ടും 2382.53 അടിയിലെത്തിയാൽ റെഡ് അലർട്ടും പ്രഖ്യാപിക്കും. 2383.53 അടിയാണ് റൂൾ ലെവൽ.

നിലവിലെ റൂൾകർവനുസരിച്ച് 6.37 അടി വെള്ളംകൂടി ഉയർന്നാൽ അണക്കെട്ട് തുറക്കേണ്ടിവരും. അതേസമയം വൈദ്യുതി വകുപ്പിനു കീഴിലുള്ള കേരളത്തിലെ എല്ലാ അണക്കെട്ടുകളിലുമായി നിലവിൽ 76 ശതമാനം വെള്ളമുണ്ട്. കേരളത്തിലെ ഒമ്പത് അണക്കെട്ടുകളിൽ ജലനിരപ്പ് റെഡ് അലർട്ട് ലെവലിലാണ്. ഇടുക്കി, കുറ്റ്യാടി അണക്കെട്ടുകളിലെ ജലനിരപ്പ് ബ്ലൂ അലർട്ട് ലെവലിലുമാണ്. കേരളത്തിൽ രണ്ടു ദിവസമായി മഴ കുറഞ്ഞതിനാൽ അണക്കെട്ടുകളിലേക്കുള്ള നീരൊഴുക്കിന്റെ ശക്തിയും കുറഞ്ഞിട്ടുണ്ട്.

# തെരഞ്ഞെടുപ്പ് കമ്മീഷനും രാഷ്ട്രീയവൽക്കരിക്കപ്പെടുന്നു

ബിജെപിയുമായി ഒത്തുകളിച്ച് 'വോട്ട് മോഷണ'മെന്ന ഗുരുതര ആരോപണമുന്നയിച്ച്, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനെതിരെ ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി വീണ്ടും രംഗത്തെത്തിയിരിക്കുന്നു. മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിൽ ഉൾപ്പെടെ നടന്ന ക്രമക്കേടുകൾക്കു പ്രതിപക്ഷം കണ്ടെത്തിയ തെളിവുകൾ നിരത്തിയായിരുന്നു രാഹുലിന്റെ പത്രസമ്മേളനം. പ്രതിപക്ഷനേതാവിനു മറുപടിയുമായി തെരഞ്ഞെടുപ്പ് കമ്മീഷനും ബിജെപിയും രംഗത്തെത്തിയതോടെ നാടകീയ സംഭവവികാസങ്ങൾക്കു സാക്ഷ്യംവഹിച്ച് ദേശീയരാഷ്ട്രീയം. ബിഹാറിൽ തിടുക്കപ്പെട്ട് വോട്ടർപട്ടിക പരിഷ്കരണ നടപടികളിലേക്ക് കടന്ന് വിവാദങ്ങളുടെ കുടംതുറന്ന തെരഞ്ഞെടുപ്പ് കമ്മീഷനെ മുൾമുനയിലാക്കിയിരിക്കുകയാണ് പുതിയ ആരോപണം. വ്യാപകമായി വോട്ടുമോഷണം നടന്നെന്ന ആരോപണമുയർത്തി പ്രതിപക്ഷനേതാവ് നടത്തിയ പത്രസമ്മേളനം, ചിതറിനിൽക്കുന്ന ഇന്ത്യസഖ്യം ക്യാമ്പിന് ഊർജവും ബിഹാർയാത്രയ്ക്കുള്ള ഇന്ധനവുമായി മാറി.

ലോക്സഭാതെരഞ്ഞെടുപ്പിൽ കർണാടകത്തിൽ വ്യാപകമായ വോട്ടുക്രമക്കേട് നടന്നെന്ന രാഹുലിന്റെ ആരോപണം ഭരണപരവും രാഷ്ട്രീയപരവുമായ ആരോപണങ്ങൾ നിറച്ച കുഴിബോംബാണ്. അത് രാഷ്ട്രീയമായി ബിജെപിയെയും ഭരണപരമായി തെരഞ്ഞെടുപ്പുകമ്മീഷനെയും ലക്ഷ്യമിടുന്നു. കർണാടകത്തിലെ ലോക്സഭാതെരഞ്ഞെടുപ്പിന്റെ കണക്കുകളാണ് രാഹുൽ പുറത്തുവിട്ടതെങ്കിലും, ബിജെപി വിജയിച്ച സമീപകാല തെരഞ്ഞടുപ്പുകളിലേക്കും ആയുധമുന തിരിയുന്നുണ്ട്. മഹാരാഷ്ട്രാ തെരഞ്ഞെടുപ്പിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടി കഴിഞ്ഞ വർഷമാണ് രാഹുൽ ഗാന്ധി വോട്ടെടുപ്പ് ക്രമക്കേടിനുനേരേ ആരോപണപരമ്പരകൾക്ക് തുടക്കമിട്ടത്. തോറ്റുപോയ പാർട്ടികളുടെ പതിവുപല്ലവിയെന്ന മട്ടിൽ രാഹുലിന്റെ വിമർശനങ്ങളെ ബിജെപി തള്ളിക്കളഞ്ഞു. എന്നാൽ, ഇക്കുറി കർണാടക ജനവിധിയുടെ ഉള്ളടക്കം തെളിവുകൾനിരത്തി നടത്തിയ വിമർശനങ്ങളെ അവഗണിക്കാൻ എളുപ്പമല്ല. ജയിച്ച തെരഞ്ഞെടുപ്പുകളെക്കുറിച്ച് കോൺഗ്രസും രാഹുലും മിണ്ടുന്നില്ലെന്നും തോറ്റ തെരഞ്ഞടുപ്പുകളെക്കുറിച്ചാണ് പരാതിയെന്നും പരിഹസിച്ച് ഒഴിവാക്കാൻ ബിജെപി ശ്രമിക്കുന്നുണ്ടെങ്കിലും അതത്ര സുഗമമല്ല. സാങ്കേതികമായ കാര്യങ്ങൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ മറുപടി പറയുമെന്നും പരാതിയുയർത്തി കോടതിയെ സമീപിക്കാൻ രാഹുലിന് ധൈര്യമുണ്ടോയെന്നും ബിജെപി വക്താവ് സാംബിത് പത്ര ചോദിച്ചത് താത്കാലിക പിടിവള്ളിക്ക് അപ്പുറമല്ല.

അഭിപ്രായ വോട്ടെടുപ്പുകൾ മുന്നോട്ടുവെച്ച സൂചനകൾക്കു വിരുദ്ധമായിരുന്നു തെരഞ്ഞെടുപ്പ് ഫലങ്ങളെന്നു മഹാരാഷ്ട്ര, ഹരിയാന, മധ്യപ്രദേശ് സംസ്ഥാനങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിച്ച് രാഹുൽ ആരോപിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷൻ ചമച്ച നിയമസഭാ തെരഞ്ഞെടുപ്പ് സമയക്രമങ്ങൾ സംശയം വർധിപ്പിക്കുന്നു. മഹാരാഷ്ട്രയിൽ അഞ്ചുവർഷത്തിനിടെ ഉണ്ടാകാവുന്നതിനേക്കാൾ കൂടുതൽ വോട്ടർമാരെ അഞ്ചു മാസത്തിനുള്ളിൽ ചേർത്തു. അവിടെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യാ സഖ്യം വിജയിച്ചെങ്കിലും ഒരുകോടി വോട്ടർമാർ പുതുതായി ചേർക്കപ്പെട്ട നിയമസഭാ തെരഞ്ഞെടുപ്പിൽ തിരിച്ചടിയുണ്ടായി. വൈകിട്ട് അഞ്ചരയ്ക്കുശേഷം പോളിങ് കുതിച്ചുയർന്നെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അവകാശപ്പെട്ടു. എന്നാൽ, അങ്ങനെ സംഭവിച്ചിട്ടില്ലെന്നാണ് ബൂത്ത് ഏജന്റുമാർ പറയുന്നത്. തെറ്റായതെന്തോ നടന്നിട്ടുണ്ടെന്നു മഹാരാഷ്ട്രയിലാണ് ആദ്യം ബോധ്യപ്പെട്ടത്. പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾക്കു മറുപടി നൽകാനോ ഡിജിറ്റൽ വോട്ടർ പട്ടിക പരിശോധനയ്ക്കായി നൽകാനോ തെരഞ്ഞെടുപ്പ് കമ്മീഷൻ തയാറാകുന്നില്ലെന്നും രാഹുൽ ആരോപിച്ചു.

തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപട്ടികയുടെ ഇലക്ട്രോണിക് ഡേറ്റ നൽകിയില്ലെന്ന് രാഹുൽഗാന്ധി ആരോപിച്ചു. കമ്മീഷൻ നൽകിയത് കടലാസ് വോട്ടർപട്ടികയാണ് (ഏഴടി വീതം ഉയരമുള്ള മൂന്ന് വലിയ അട്ടിയിലുള്ള പട്ടികകളുടെ ചിത്രം). ഈ കടലാസുകൾ ഒപ്റ്റിക്കൽ കാരക്ടർ റെക്കഗ്നീഷന് സാധ്യമാകുന്നതല്ല. ഇത് സ്കാൻ ചെയ്താലും ഇലക്ട്രോണിക് ഡേറ്റയാക്കാനാകില്ല. 30 - 40 പേരടങ്ങുന്ന സംഘം ആറുമാസത്തോളം ഇതിലെ പേരുകളും വിലാസങ്ങളും ഫോട്ടോകളും പരിശോധിച്ചു. ഇലക്ട്രോണിക് ഡേറ്റവഴി ഇത് പരിശോധിക്കാൻ 30 സെക്കൻഡ് മതിയെന്നും അദ്ദേഹം പറഞ്ഞു.

എല്ലാ ജനാധിപത്യത്തിലും ഭരണവിരുദ്ധവികാരമുണ്ട്. എന്നാൽ, ബിജെപി മാത്രം ഇതിന് വിധേയരാകുന്നില്ല. അഭിപ്രായസർവേകളും എക്സിറ്റ്പോളുകളും പ്രതിപക്ഷപാർട്ടികളുടെ ആഭ്യന്തരസർവേകളും ഒന്നുപറയുന്നു. യഥാർത്ഥ ഫലങ്ങളിൽ വ്യത്യാസമുണ്ടാകുന്നു. ലാഡ്‌ലി ബഹൻ, പുൽവാമ, ഓപ്പറേഷൻ സിന്ദൂർ എന്നിവയാണ് കാരണമായി പറയുന്നത്. വോട്ടിങ് യന്ത്രങ്ങളില്ലാത്ത കാലത്ത് ഇന്ത്യ മുഴുവനും ഒറ്റദിവസം വോട്ടുചെയ്തു. ഇപ്പോൾ യുപിയിലും ബിഹാറിലും മാസമെടുക്കുന്നു.


മെഷീൻ റീഡബിൾ ഡേറ്റ തരാതെയും സിസിടിവി ദൃശ്യം നൽകാതെയും കമ്മീഷൻ കുറ്റകൃത്യങ്ങളിൽ പങ്കാളിയായിരിക്കുകയാണെന്നും നീതിന്യായ സംവിധാനം വിഷയത്തിൽ ഇടപെടണമെന്നും പറഞ്ഞ രാഹുൽ, എല്ലാവരും സ്നേഹിക്കുന്ന ജനാധിപത്യം ഇപ്പോൾ നിലവിലില്ലെന്നും ഖേദിക്കുന്നു. ഇത് ഭരണഘടനയോടും ദേശീയപതാകയോടുംചെയ്യുന്ന കുറ്റകൃത്യമാണെന്ന് ചൂണ്ടിക്കാട്ടുന്നുമുണ്ട്. രാഷ്ട്രീയ വിചാരണയ്ക്ക് വഴിതുറക്കുന്ന ഈ പരാമർശങ്ങളോട് പ്രതിപക്ഷപാർട്ടികൾ സ്വീകരിക്കുന്ന തുടർപ്രതികരണങ്ങളാണ് പ്രധാനം. അതേസമയം, ഈ ആരോപണങ്ങളുടെ തെളിവുകൾ ഹാജരാക്കാൻ കർണാടക തെരഞ്ഞെടുപ്പ് ഓഫീസ് രാഹുലിനോട് ആവശ്യപ്പെട്ടത് വരാനിരിക്കുന്ന നിയമവ്യവഹാരയുദ്ധങ്ങളിലേക്കുള്ള സൂചനയാണ്.


# 6800 പേർ ചേർന്ന് ബൈബിൾ പകർത്തിയെഴുതുന്നു

പാമ്പാടി: ബൈബിൾ പകർത്തിയെഴുത്തിലൂടെ ചരിത്രം രചിക്കാൻ മലങ്കര ഓർത്തഡോക്സ് സഭ കോട്ടയം ഭദ്രാസന സൺഡേ സ്കൂൾ. കോട്ടയം ഭദ്രാസനത്തിന്റെ ശതോത്തര സുവർണ ജൂബിലിയുടെ ഭാഗമായി പത്തിന് 'മെൽസോ തിരുവചനമെഴുത്ത്' നടത്തും. 80 പള്ളികളിലെ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, വൈദികർ എന്നിവരടക്കം 6800 പേർ ഒരേസമയം പങ്കാളികളാകും. 40 ദിവസത്തെ ആത്മീയ ഒരുക്കത്തിനുശേഷമാണ് ബൈബിൾ പകർത്തിയെഴുത്ത്.

പങ്ങട സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഭദ്രാസന മെത്രാപ്പൊലീത്ത ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് ഉദ്ഘാടനം നിർവഹിക്കും. കുർബാനയ്ക്കുശേഷം പള്ളികളിൽ നടത്തുന്ന വചനയാത്രയെത്തുടർന്നാണ് തിരുവചനമെഴുത്ത്. പകർത്തിയെഴുതുന്ന ബൈബിൾ ഭദ്രാസന കേന്ദ്രമായ പാമ്പാടി മാർ കുറിയാക്കോസ് ദയറയിൽ ശതോത്തര സുവർണ ജൂബിലിയുടെ ഓർമയ്ക്കായി സൂക്ഷിക്കും. കടലാസും പേനയും സന്ധ്യാനമസ്കാരത്തെത്തുടർന്ന് പാമ്പാടി ദയറയിൽ വിതരണം ചെയ്യും.

ഗിന്നസ് ബുക്സ് അധികൃതർ സമീപിച്ചിട്ടുണ്ടെന്നു ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ. ഡോ. തോമസ് പി. സഖറിയ, ഡയറക്ടർ വിനോദ് എം. സഖറിയ, സെക്രട്ടറി കുറിയാക്കോസ് തോമസ് എന്നിവർ അറിയിച്ചു.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


Enhance your ministry competencies...
enrol for DMin
ipctsk IPC THEOLOGICAL SEMINARY KOTTAYAM
Integrating theology and practice
Specializations in
Pentecostal Studies
Leadership & Church Administration
Duration: 4-5 years
Eligibility: MDiv/BD with B+ grade and five years ministry experience
APPLICATION DEADLINE 31 AUGUST 2025
COURSE COMMENCEMENT JANUARY 2026
OCDS
T.G. Oommen Centre for Doctoral Studies
Doctoral Department of IPC Theological Seminary Kottayam
ocds.ipctsk@gmail.com +91 9188952098 https//ipcseminary/ocds.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

## മിന്നൽപ്രളയം:

# മലയാളികളെ ഉത്തരകാശിയിലെത്തിച്ചു



ഉത്തരാഖണ്ഡ്: മിന്നൽപ്രളയത്തെത്തുടർന്ന് ഉത്തരാഖണ്ഡിലെ ധരാലി ഗംഗോത്രയിൽ കുടുങ്ങിയ 22 മലയാളികളെയും വ്യോമസേന ഹെലികോപ്റ്ററിൽ ഉത്തരകാശിയിലെത്തിച്ചു.

ഇവർ ഋഷികേശ് വഴി ഡൽഹിയിലേക്ക് തിരിച്ചു. 12 പേർ മുംബൈയിൽ താമസിക്കുന്നവരും 10 പേർ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ളവരുമാണ്. ചാർധാം യാത്രയ്ക്കായി എത്തിയ ഇവർ 13-ന് ഡൽഹിയിൽനിന്നു നാട്ടിലേക്കു തിരിക്കും.

ധരാലി, ഹർഷിൽ മേഖലകളിലായി കുടുങ്ങിക്കിടന്ന 650 പേരെ ഇതുവരെ വ്യോമമാർഗം രക്ഷപ്പെടുത്തിയതായി മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി പറഞ്ഞു. മണ്ണു മൂടിക്കിടക്കുന്ന ധരാലിയിൽ എത്രപേർ കുടുങ്ങിയിട്ടുണ്ടെന്ന കാര്യത്തിൽ വ്യക്തതയില്ല. മണ്ണിനടിയിൽ മനുഷ്യസാന്നിധ്യം കണ്ടെത്താൻ കഴിയുന്ന റഡാറും പ്രത്യേക പരിശീലനം ലഭിച്ച നായ്ക്കളെയും ഉപയോഗിച്ചു തെരച്ചിൽ തുടരുന്നു. അറുപതിലേറെപ്പേർ അവശിഷ്ടങ്ങൾക്കിടയിൽ ഉണ്ടാകുമെന്നു ഗ്രാമവാസികൾ പറഞ്ഞു. അഞ്ച് മരണമാണ് ഇതുവരെ സ്ഥിരീകരിച്ചത്. രക്ഷാദൗത്യവും ധരാലിയിലേക്കുള്ള റോഡ് നന്നാക്കാനുള്ള ശ്രമവും തുടരും.

ഉത്തരാഖണ്ഡിലേക്കു പോയ 151 വിനോദസഞ്ചാരികളിൽ 31 പേരെക്കുറിച്ച് ഇനിയും വിവരം ലഭിച്ചിട്ടില്ലെന്നു മഹാരാഷ്ട്ര സർക്കാർ അറിയിച്ചു. ബാക്കിയുള്ള 120 പേർ ഇൻഡോ-ടിബറ്റൻ ബോർഡർ ഫോഴ്സിന്റെ ക്യാംപിൽ സുരക്ഷിതരാണ്.

‘ഞങ്ങളുടെ ബസ് അൽപം നേരത്തേ, 10 കിലോമീറ്റർ കൂടി മുന്നോട്ടു പോയിരുന്നെങ്കിൽ.....’ - ധരാലിയിലെ ദുരന്തത്തിൽനിന്നു രക്ഷപ്പെട്ട മലയാളി സംഘത്തിന്റെ വാക്കുകളിൽ ഭീതി വിട്ടുമാറിയിട്ടില്ല. “അഞ്ചിനു രാവിലെ ചാർധാം തീർത്ഥാടനത്തിനായി ഗംഗോത്രിയിലേക്കു തിരിക്കുമ്പോൾ തെളിഞ്ഞ കാലാവസ്ഥയായിരുന്നു. ദർശനം കഴിഞ്ഞു മടങ്ങി 10 കിലോമീറ്ററോളം പിന്നിട്ടപ്പോൾ വഴിയിൽ പോലീസ് തടഞ്ഞു. റോഡിലേക്കു മണ്ണിടിഞ്ഞിട്ടുണ്ടെന്നും നീക്കുന്നതുവരെ കാത്തുനിൽക്കണമെന്നും പറഞ്ഞു. 10 മിനിറ്റിനുള്ളിൽ പോലീസ് വീണ്ടുമെത്തി ധരാലി ഗ്രാമമാകെ മണ്ണിനടിയിലായെന്നും ഗംഗോത്രിയിലേക്കു മടങ്ങണമെന്നും നിർദേശിച്ചു. അൽപം നേരത്തെ പുറപ്പെട്ട് 10 കിലോമീറ്റർ കൂടി പിന്നിട്ടിരുന്നെങ്കിൽ ഞങ്ങളും ദുരന്തസമയത്ത് ധരാലി ഭാഗത്താകുമായിരുന്നു.”

ആറിനു രാവിലെ സൈന്യമെത്തി അവരുടെ ക്യാംപിലേക്കു കൂട്ടിക്കൊണ്ടുപോയി വീടുകളിലേക്കു വിവരമറിയിക്കാൻ സൗകര്യം ചെയ്തു തന്നെന്നു സംഘാംഗങ്ങൾ പറഞ്ഞു. കേന്ദ്ര മന്ത്രി ജോർജ് കുര്യൻ ഇടപെട്ടാണു വ്യോമമാർഗം ഉത്തരകാശിയിൽ എത്തിക്കാനുള്ള സൗകര്യം ചെയ്തത്.

ഗംഗോത്രി തീർത്ഥാടനപാതയിലെ പ്രധാന ഗ്രാമമായ ധരാലിയെ പൂർണമായും തകർത്ത് മേഘവിസ്ഫോടനവും മണ്ണിടിച്ചിലും ഉണ്ടായത് ഓഗസ്റ്റ് അഞ്ചിനാണ്. വിനോദസഞ്ചാരികളടക്കം ഒട്ടേറെപ്പേർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയിരുന്നു. മലയാളികൾ ഉൾപ്പെടെയുള്ളവർ ഗംഗോത്രി യാത്രയ്ക്കിടെ വിശ്രമിക്കാൻ നിർത്തുന്ന സ്ഥലമാണിത്. വിനോദസഞ്ചാരകേന്ദ്രമായതിനാൽ വീടുകൾക്കു പുറമേ ധാരാളം ഹോട്ടലുകളും ഹോംസ്റ്റേകളും പ്രദേശത്തുണ്ട്. 50 വീടുകളും 20 ഹോട്ടലുകളും പൂർണമായി തകർന്നിരുന്നു.

## ബഹളത്തിനിടയിലും ലോക്സഭയിൽ ബില്ലുകൾ പാസാക്കി

ന്യൂഡൽഹി: പ്രതിപക്ഷ അംഗങ്ങളുടെ ബഹളത്തിനിടെ മണിപ്പൂർ ധനവിനിയോഗ ബില്ലും ജിഎസ്ടി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ബില്ലും ലോക്സഭയിൽ പാസാക്കി. ബിഹാർ സമഗ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ടു സഭയിലെ ബഹളത്തിനിടെയാണു കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ബില്ലുകൾ അവതരിപ്പിച്ചത്. മണിപ്പൂരിനു വേണ്ടി വാദിക്കുന്ന പ്രതിപക്ഷം അതുമായി ബന്ധപ്പെട്ട ചർച്ചയ്ക്കു തയാറാകുന്നില്ലെന്നും മണിപ്പൂരിനു കൂടുതൽ പണം ലഭിക്കുന്നതിനെ എതിർക്കുന്നുവെന്നും നിർമല സീതാരാമൻ വിമർശിച്ചതും പ്രതിഷേധത്തിനു കാരണമായി. മണിപ്പൂരിൽ രാഷ്ട്രപതി ഭരണം നിലനിൽക്കുന്ന സാഹചര്യത്തിലാണു 30,969 കോടി രൂപയുടെ ധനവിനിയോഗ ബിൽ ലോക്സഭ പാസാക്കിയത്.

# 2024–25 സാമ്പത്തികവർഷം കേരളത്തിന്റെ വളർച്ചയിൽ ഇടിവ്

കോട്ടയം: 2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ ഇടിവ്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷന്റെ (എംഒഎസ്പിഐ) പുതുക്കിയ കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം 6.19 ശതമാനമായാണ് ഇടിഞ്ഞത്. ഒരു വർഷം മുൻപ് (2023-24 സാമ്പത്തിക വർഷം) കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) 6.73 ശതമാനം രേഖപ്പെടുത്തിയ സ്ഥാനത്താണ് ഈ ഇടിവ്. ദക്ഷിണേന്ത്യയിൽ ഏറ്റവും കുറഞ്ഞ വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനമായും കേരളം മാറി. 2024-25-ൽ ഇന്ത്യയുടെ വളർച്ചാ നിരക്ക് 6.3 ശതമാനമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ തമിഴ്നാട് ആണ് ഏറ്റവുമധികം മുന്നേറ്റം രേഖപ്പെടുത്തിയത്. 2024-25-ൽ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാനിരക്ക് 11.19 ശതമാനം രേഖപ്പെടുത്തിയ തമിഴ്നാട് ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ വളരുന്ന സംസ്ഥാന സമ്പദ്വ്യവസ്ഥയായി. ആന്ധ്രാപ്രദേശ് (8.21 ശതമാനം), തെലങ്കാന (8.08 ശതമാനം), കർണാടക (7.37 ശതമാനം), ഒഡീഷ (6.84 ശതമാനം) എന്നിവയും കേരളത്തേക്കാൾ മുന്നിലാണ്.

എംഒഎസ്പിഐയുടെ കണക്കുപ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ നോമിനൽ ജിഎസ്ഡിപി 9.97 ശതമാനം വളർച്ച മാത്രമാണ് രേഖപ്പെടുത്തിയത്. ഇത് 2023-24 സാമ്പത്തിക വർഷത്തിൽ ഈ വർഷം ആദ്യം കഴിഞ്ഞ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന 11.7 ശതമാനം വളർച്ചാനിരക്കിനേക്കാൾ താഴെയാണ്. കേരളത്തിന്റെ നോമിനൽ ജിഎസ്ഡിപി ബജറ്റിൽ 13,11,437 കോടി രൂപയാണ് പ്രതീക്ഷിച്ചതെങ്കിൽ 12,48,533 കോടി രൂപയിലാണെത്തിയത്. നോമിനൽ ജിഎസ്ഡിപി എന്നത് ഒരു സംസ്ഥാനത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ മൂല്യത്തെ സൂചിപ്പിക്കുന്നു.

## സിദ്ധാർത്ഥന്റെ മരണം:

# നഷ്ടപരിഹാരത്തുക പിൻവലിക്കാൻ കുടുംബത്തിന് അനുമതി

കൊച്ചി: പൂക്കോട് വെറ്ററിനറി കോളജ് വിദ്യാർത്ഥി ജെ.എസ്. സിദ്ധാർത്ഥൻ മരിച്ചതിനെത്തുടർന്നു നിശ്ചയിച്ച നഷ്ടപരിഹാരത്തുക പിൻവലിക്കാൻ കുടുംബത്തിന് ഹൈക്കോടതി അനുമതി നൽകി. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ട ഏഴുലക്ഷം രൂപ പിൻവലിക്കാനാണു ഹൈക്കോടതി ഉപാധികളോടെ അനുമതി നൽകിയത്. 2024 ഒക്ടോബർ ഒന്നിലെ ഉത്തരവ് ചോദ്യം ചെയ്തു സർക്കാർ നൽകിയ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് നിധിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

ഈ ഹർജിയിലെ തീർപ്പിനു വിധേയമായിരിക്കുമെന്ന ഉപാധിയാണ് കോടതി വെച്ചിട്ടുള്ളത്. പിൻവലിക്കാനുള്ള അനുമതിയെ സർക്കാർ എതിർത്തെങ്കിലും ഉപാധിയുടെ അടിസ്ഥാനത്തിൽ എതിർപ്പ് കോടതി തള്ളി.

ബിജെപി നേതാവ് സന്ദീപ് വചസ്പതി നൽകിയ പരാതിയിലായിരുന്നു സിദ്ധാർത്ഥന്റെ കുടുംബത്തിനു നഷ്ടപരിഹാരം നൽകാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടത്. ഉത്തരവ് ചോദ്യംചെയ്യാൻ വൈകിയതിനെത്തുടർന്ന് ഏഴു ലക്ഷം രൂപ ഹൈക്കോടതിയിൽ കെട്ടിവെക്കാൻ കോടതി നേരത്തേ സർക്കാരിനോടു നിർദേശിച്ചിരുന്നു. ഇതനുസരിച്ച് കെട്ടിവെച്ച തുക പിൻവലിക്കാനാണ് ഇപ്പോൾ അനുമതി നൽകിയിട്ടുള്ളത്.

അതേസമയം, ഹർജിയിൽ കക്ഷിചേർന്ന സിദ്ധാർത്ഥന്റെ അമ്മ എം.ആർ. ഷീബ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു.






# 19th DEATH ANNIVERSARY

**8/16/2025**



## V.C. SIMON

## VETTUKATTIL

**PUNNATHURA**

Inserted By
Loving Family Members


# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of **HOME STAY** by Tourism Department of Kerala, Rated as one among the best **HOME STAY** by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



**CONTACT**

+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# THANNIKKARY
# VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



**For booking:**
**ABRAHAM THANNIKARI**
**USA - 346-632-6716**
**India - +91 815 692-0366 and +91 965 616-8399**
athannikari@hotmail.com

## ഒഡീഷയിൽ ബജ്റങ്ദൾ അക്രമം:

# മലയാളി വൈദികർക്കും കന്യാസ്ത്രീകൾക്കും മർദനം

ന്യൂഡൽഹി: ഒഡീഷയിലെ ജലേശ്വറിൽ മലയാളി വൈദികരെയും കന്യാസ്ത്രീകളെയും ബജ്റങ്ദൾ പ്രവർത്തകർ ആക്രമിച്ചു. ജലേശ്വർ സെന്റ് തോമസ് ഇടവക വികാരി ഫാ. ലിജോ ജോർജ് നിരപ്പേൽ, ജോഡ ഇടവക വികാരി ഫാ. വി. ജോജോ, സിസ്റ്റർ എലേസ ചെറിയാൻ, സിസ്റ്റർ മോളി ലൂയിസ് തുടങ്ങിയവരെയാണ് ഗംഗാധർ ഗ്രാമത്തിൽ മതപരിവർത്തനം ആരോപിച്ചു മർദിച്ചത്. ഫാ. ലിജോ കുറവിലങ്ങാട് സ്വദേശിയും ഫാ. ജോജോ തൃശൂർ സ്വദേശിയുമാണ്. ആലപ്പുഴ ചമ്പക്കുളം സ്വദേശിയായ സിസ്റ്റർ എലേസയും കൊച്ചി സ്വദേശിയായ സിസ്റ്റർ മോളിയും ആലപ്പുഴ സിസ്റ്റേഴ്സ് ഓഫ് ദ് വിസിറ്റേഷൻ കോൺഗ്രിഗേഷൻ അംഗങ്ങളാണ്.



ഒഡീഷയിലെ ജലേശ്വറിൽ മലയാളി വൈദികരെയും കന്യാസ്ത്രീകളെയും ബജ്റങ്ദൾ തടഞ്ഞുവെച്ചപ്പോൾ.

ഗ്രാമത്തിൽ ആണ്ടുകുർബാനയ്ക്ക് എത്തിയ വൈദികരും സംഘവും ജീപ്പിൽ മടങ്ങുന്നതിനിടെയാണു വഴിയിൽ കാത്തുനിന്ന എഴുപതിലേറെ പേർ ആക്രമിച്ചത്. വഴികാണിക്കാൻ ബൈക്കിൽ സഞ്ചരിച്ചയാളെ തടഞ്ഞുനിർത്തി മർദിച്ച് ബൈക്ക് തകർത്തശേഷമാണു സംഘം വൈദികർക്കും കന്യാസ്ത്രീകൾക്കും നേരെ തിരിഞ്ഞത്. ഫാ. ലിജോയുടെയും ഡ്രൈവറുടെയും ഫോണുകൾ പിടിച്ചെടുത്ത ശേഷമായിരുന്നു മർദനം. 'ബിജെഡി ഭരണം മാറി. ബിജെപി ഭരിക്കുമ്പോൾ മതപരിവർത്തനം നടക്കില്ല' എന്നു പറഞ്ഞായിരുന്നു ആക്രമണമെന്നു ഫാ. ലിജോ പറഞ്ഞു.

തങ്ങൾ ക്ഷണിച്ചിട്ടാണു വൈദികർ എത്തിയതെന്നും മർദിക്കരുതെന്നും ഗ്രാമവാസികൾ പറഞ്ഞിട്ടും സംഘം ചെവിക്കൊണ്ടില്ല. വിവരമറിഞ്ഞെത്തിയ പോലീസിന്റെ സാന്നിധ്യത്തിലും മർദനം തുടർന്നു. അക്രമികളുമായി ചർച്ച നടത്തിയ പോലീസ്, വൈദികരെയും സംഘത്തെയും സ്റ്റേഷനിലേക്കു കൊണ്ടുപോകുകയാണെന്ന് അറിയിച്ചു. ഹൈവേയിലെത്തിയപ്പോൾ ഇവരുടെ പേരുവിവരങ്ങൾ കുറിച്ചെടുത്തശേഷം പോകാൻ അനുവദിച്ചു.

സംഭവത്തിൽ പരാതി നൽകുന്ന കാര്യം സഭാ മേലധികാരികളുമായി ആലോചിച്ചു തീരുമാനിക്കുമെന്ന് ഫാ. ലിജോ പറഞ്ഞു.

അക്രമം ഞെട്ടിക്കുന്നതാണെന്ന് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ വക്താവ് ഫാ. റോബിൻസൻ റോഡ്രിഗസ് പറഞ്ഞു. ഇത്തരം അക്രമങ്ങൾ അംഗീകരിക്കാനാകില്ലെന്നും വൈദികർക്കും സന്യസ്തർക്കും സുരക്ഷയൊരുക്കണമെന്നും അദ്ദേഹം പറഞ്ഞു. അക്രമ വിവരം അറിഞ്ഞയുടൻ കന്യാസ്ത്രീകളുമായി ഫോണിൽ സംസാരിച്ചിരുന്നുവെന്നും ക്രൂരമായ മർദനമാണുണ്ടായതെങ്കിലും ഇപ്പോൾ സുരക്ഷിതരാണെന്ന് അവർ അറിയിച്ചതായും സിസ്റ്റേഴ്സ് ഓഫ് ദ് വിസിറ്റേഷൻ കോൺഗ്രിഗേഷൻ അധികൃതർ പറഞ്ഞു.

ഛത്തീസ്ഗഡിലെ ദുർഗിൽ കഴിഞ്ഞ മാസം 25-ന് ബജ്റങ്ദൾ പ്രവർത്തകർ മനുഷ്യക്കടത്ത് ആരോപിച്ച് രണ്ട് മലയാളി കന്യാസ്ത്രീകളെ തടഞ്ഞുവെച്ചതും ഇവർ ഒൻപത് നാൾ ജയിലിൽ കഴിയേണ്ടിവന്നതും വൻകോളിളക്കമുണ്ടാക്കിയിരുന്നു.

## ജമ്മുകാഷ്മീരിൽ അരുന്ധതി റോയിയുടെ ഉൾപ്പെടെ 25 പുസ്തകങ്ങൾ നിരോധിച്ചു

ന്യൂഡൽഹി: ബുക്കർ പുരസ്കാര ജേതാവ് അരുന്ധതി റോയിയുടെ ആസാദി ഉൾപ്പെടെ 25 പുസ്തകങ്ങൾ ജമ്മുകാഷ്മീർ സർക്കാർ നിരോധിച്ചു. ഭീകരതയെയും വിഘടനവാദത്തെയും പിന്തുണക്കുന്നുവെന്ന കാരണം ചൂണ്ടിക്കാട്ടി ലഫ്. ഗവർണർ ആണു നിരോധനം ഏർപ്പെടുത്തിയത്.

പുസ്തക നിരോധനത്തിനെതിരെ വ്യാപക പ്രതിഷേധം ഉയർന്നു. ജമ്മുകാഷ്മീരിൽ 25 പുസ്തകങ്ങൾ നിരോധിച്ചത് അപലപനീയമാണെന്ന് എഴുത്തുകാരും പണ്ഡിതരും പറഞ്ഞു.

അഭിപ്രായസ്വാതന്ത്ര്യത്തിനെതിരെയുള്ള പ്രാദേശിക സർക്കാരിന്റെ നീക്കമാണിതെന്നും എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും കുറ്റപ്പെടുത്തി.

അരുന്ധതി റോയിയെക്കൂടാതെ മൗലാനാ മൗദൂദി, എ.ജി.നൂറാനി, വിക്ടോറിയ ഷോഫീൽഡ്, സുമാന്ത്ര ബോസ്, ഡേവിഡ് ദേവദാസ്, അങ്കണ ചാറ്റർജി, തുടങ്ങിയവരുടെ പുസ്തകങ്ങളാണ് നിരോധിക്കപ്പെട്ടത്.

## കിറ്റെക്സിന്റെ ലിറ്റിൽ സ്റ്റാർ ഇന്ത്യൻ വിപണിയിലേക്ക്

കൊച്ചി: കിറ്റെക്സ് ഗാർമെന്റ്സ് തങ്ങളുടെ യുഎസ് ബ്രാൻഡായ ലിറ്റിൽ സ്റ്റാർ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കുന്നു. യൂറോപ്പ്, യുഎസ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് നവജാതശിശുക്കളുടെയും കുട്ടികളുടെയും വസ്ത്രങ്ങൾ കയറ്റുമതി ചെയ്യുന്ന ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ വസ്ത്രനിർമ്മാണ കമ്പനിയായ കിഴക്കമ്പലത്തെ കിറ്റെക്സ് ഗാർമെന്റ്സ് ലിമിറ്റഡാണ് തങ്ങളുടെ യുഎസ് ബ്രാൻഡായ ലിറ്റിൽ സ്റ്റാർ ആഭ്യന്തര വിപണിയിൽ അവതരിപ്പിക്കാൻ ഒരുങ്ങുന്നത്. ഇതിലൂടെ അടുത്ത രണ്ട് മൂന്ന് വർഷത്തിനുള്ളിൽ 1000 കോടി രൂപയുടെ അധിക വരുമാനമാണ് കമ്പനി പ്രതീക്ഷിക്കുന്നത്.

ലിറ്റിൽ സ്റ്റാറിന്റെ കടന്നുവരവോടെ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് മികച്ചത് വേണമെന്ന് ആഗ്രഹിക്കുന്ന ഏതൊരു ഇന്ത്യക്കാരനും അമേരിക്കൻ ഗുണനിലവാരവും സുരക്ഷയും ഫാഷനും ഒത്തിണങ്ങിയ വസ്ത്രങ്ങൾ താങ്ങാനാവുന്ന വിലയ്ക്ക് ലഭ്യമാകുമെന്ന് കിറ്റെക്സ് ഗാർമെന്റ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ സാബു എം. ജേക്കബ് പറഞ്ഞു.

ഇന്ത്യൻ വിപണിയിൽ കൂടി തങ്ങളുടെ സാന്നിധ്യം ശക്തമാക്കുന്നതിലൂടെ യുഎസിലേയ്ക്കുള്ള കയറ്റുമതിക്ക് ഉയർന്ന തീരുവമൂലം സംഭവിക്കാവുന്ന ഏത് വെല്ലുവിളികളെയും നേരിടാൻ സാധിക്കുമെന്നും സാബു ജേക്കബ് അഭിപ്രായപ്പെട്ടു. ഇതിലൂടെ ഇന്ത്യൻ ഉപഭോക്താക്കളുടെയും നിക്ഷേപകരുടെയും താൽപര്യങ്ങളും സംരക്ഷിക്കപ്പെടും. ഇന്ത്യയിലെ നവജാത ശിശുക്കളുടെ വസ്ത്ര വിപണി 2030 ആകുമ്പോഴേക്കും ഏകദേശം 1.46 ലക്ഷം കോടി രൂപയിലെത്തുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

യുഎസിലെ ജനന നിരക്കിന്റെ ആറ് ഇരട്ടിയാണ് ഇന്ത്യയിലെ ജനന നിരക്ക്. ഏകദേശം 24 ദശലക്ഷമാണ് ഇന്ത്യയിലെ ജനന നിരക്ക്. അതനുസരിച്ച് ഇന്ത്യയിൽ നവജാത ശിശുക്കളുടെയും കുട്ടികളുടെയും വസ്ത്രങ്ങളുടെ ആവശ്യകതയും വർദ്ധിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

## അയർലൻഡിൽ ആറ് വയസ്സുകാരിയായ മലയാളിക്കെതിരെ വംശീയാക്രമണം

ഡബ്ലിൻ: അയർലൻഡിൽ താമസിക്കുന്ന ആറ് വയസ്സുകാരിയായ മലയാളി പെൺകുട്ടിക്കെതിരെ വംശീയാക്രമണം. കോട്ടയത്തുനിന്നുള്ള ദമ്പതികളുടെ മകളായ നിയ നവീൻ തെക്കുകിഴക്കൻ അയർലൻഡിലെ വാട്ടർഫോർഡ് സിറ്റിയിലുള്ള വീടിനു വെളിയിൽ രാവിലെ കൂട്ടുകാർക്കൊപ്പം കളിക്കുന്നതിനിടെയാണു 12 മുതൽ 14 വയസ്സ് പ്രായമുള്ള ആൺകുട്ടികളുടെ സംഘം ആക്രമിച്ചത്. 'വൃത്തികെട്ട ഇന്ത്യൻ, ഇന്ത്യയിലേക്കു തിരികെപ്പോകൂ' തുടങ്ങിയ പരാമർശങ്ങൾ അക്രമികളായ കുട്ടികൾ ഉയർത്തി. നിയയുടെ മുഖത്തും കഴുത്തിലും അടിച്ചെന്നും സൈക്കിൾകൊണ്ട് ഇടിച്ചെന്നും മാതാവായ അനുപ അച്യുതൻ പറഞ്ഞു. അയർലൻഡിൽ നേഴ്സായ അനുപ എട്ട് വർഷം മുൻപാണു ഭർത്താവിനൊപ്പം ഇവിടെ എത്തിയത്. ഇപ്പോൾ പൗരത്വം നേടിയിട്ടുണ്ട് ഇവർ. ജനുവരിയിലാണു വാട്ടർഫോർഡ് സിറ്റിയിലേക്ക് കുടുംബം താമസത്തിനെത്തിയത്. കൂട്ടുകാർക്കൊപ്പം പുറത്തുകളിക്കണമെന്നു നിയ ആവശ്യപ്പെട്ടപ്പോൾ അനുപ അനുവദിച്ചു. നിയയെ നിരീക്ഷിച്ചുകൊണ്ട് അവർ പുറത്തുതന്നെ നിന്നെങ്കിലും 10 മാസം പ്രായമുള്ള രണ്ടാമത്തെ കുട്ടി കരഞ്ഞപ്പോൾ വീട്ടിലേക്കു കയറി. അപ്പോഴാണു സംഭവം നടന്നത്. അക്രമികളായ കുട്ടികളെ താൻ കണ്ടെന്നും അവർ തന്നെ തുറിച്ചുനോക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്തെന്നും അനുപ പറഞ്ഞു.

പോലീസിൽ പരാതി കൊടുത്തെങ്കിലും അക്രമികളായ കുട്ടികളെ ശിക്ഷിക്കരുതെന്നാണ് അനുപയുടെ നിലപാട്. പകരം കൗൺസലിങ് നൽകണമെന്ന് അവർ ആവശ്യപ്പെടുന്നു. അയർലൻഡിൽ അടുത്തിടെയായി ഇന്ത്യക്കാർക്കെതിരെ വംശീയ ആക്രമണങ്ങൾ കൂടുന്നുണ്ട്. കഴിഞ്ഞ വെള്ളിയാഴ്ച ഡബ്ലിനിലെ ബാലീമനിൽ ടാക്സി ഡ്രൈവറായ ലഖ്‌വീർ സിങ്ങിനെ രണ്ട് ഐറിഷ് യുവാക്കൾ ചേർന്നു കുപ്പികൊണ്ട് തലയ്ക്കടിച്ചു. അതിനു ദിവസങ്ങൾ മുൻപ് ടലാ മേഖലയിൽ ഇന്ത്യൻ യുവാവിനെ മർദിക്കുകയും വസ്ത്രങ്ങൾ അഴിപ്പിക്കുകയും ചെയ്തു. മറ്റൊരു സംഭവത്തിൽ 32 വയസ്സുള്ള ഇന്ത്യൻ വംശജനായ ഡേറ്റ സയന്റിസ്റ്റിനെ ആറ് കൗമാരക്കാർ ചേർന്നു മർദിച്ചു. ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, ഇന്ത്യൻ വംശജർ ജാഗ്രത പുലർത്തണമെന്ന് അയർലൻഡിലെ ഇന്ത്യൻ എംബസി മാർഗനിർദേശം പുറത്തിറക്കിയിരുന്നു.






# ഓർമ്മ ഓറേറ്റർ ഓഫ് ദ ഇയർ പുരസ്കാരം സോജു സി. ജോസിന്

ചിക്കാഗോ: ഓർമ്മ ഇന്റർനാഷണൽ പ്രമോഷൻ ഫോറം ആഗോളതലത്തിൽ സംഘടിപ്പിച്ച സീസൻ 3 അന്താരാഷ്ട്ര പ്രസംഗമത്സരത്തിൽ ഒരു ലക്ഷം രൂപയുടെ ഓർമ്മ ഓറേറ്റർ ഓഫ് ദ ഇയർ പുരസ്കാരം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ രണ്ടാംവർഷ ബിരുദവിദ്യാർത്ഥി സോജു സി. ജോസ് നേടി.

പ്രസംഗമത്സരം ഗ്രാൻഡ് ഫിനാലെ എ.ഡി.ജി.പി. പി വിജയൻ ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ തങ്ങളുടെ കർമ്മശേഷി രാഷ്ട്രപുരോഗതിക്കായി വിനിയോഗിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

ഓർമ്മ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. ജോസ് കെ. മാണി എംപി, മാണി സി. കാപ്പൻ എംഎൽഎ, മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ, ചലച്ചിത്ര സംവിധായകൻ ഭദ്രൻ മാട്ടേൽ, ചലച്ചിത്രതാരം വിൻസി അലോഷ്യസ്, ഓർമ്മ ട്രസ്റ്റി ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം, ചലച്ചിത്രതാരം സുവർണ്ണ മാത്യു, ചലച്ചിത്ര നിർമ്മാതാവ് ലിസി ഫെർണാണ്ടസ്, ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, ഓർമ്മ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, ഷാജി ആറ്റുപുറം, കുര്യാക്കോസ് മാണി വയലിൽ, ബെന്നി കുര്യൻ, സോയി തോമസ്, ജോർജ് കരുണയ്ക്കൽ, ടോമി ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു.



ഓർമ്മ അന്താരാഷ്ട്ര പ്രസംഗ മത്സരം സീസൺ 3 ഗ്രാൻഡ് ഫിനാലെ എഡിജിപി പി.വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ഓർമ്മ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ, ചലച്ചിത്രതാരം വിൻസി അലോഷ്യസ്, ജോസ് കെ. മാണി എംപി, മാണി സി. കാപ്പൻ എംഎൽഎ, തോമസ് പീറ്റർ, സംവിധായകൻ ഭദ്രൻ മാട്ടേൽ, ജോസ് ആറ്റുപുറം, സജിമോൻ ആന്റണി, ഓർമ്മ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, ഷാജി ആറ്റുപുറം, കുര്യാക്കോസ് മാണി വയലിൽ തുടങ്ങിയവർ സമീപം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആദ്യഘട്ടത്തിൽ 1700 മത്സരാർത്ഥികൾ പങ്കെടുത്തിരുന്നു. പാലായിൽ നടന്ന ഗ്രാൻഡ് ഫിനാലേയിൽ ജൂണിയർ, സീനിയർ വിഭാഗങ്ങളിൽ 60 പേരാണ് മത്സരിച്ചത്. 10 ലക്ഷത്തിൽപ്പരം രൂപ വിജയികൾക്ക് സമ്മാനമായി നല്കി. ഇതിനു പുറമേ ട്രോഫികളും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു,

ഓർമ്മ പുരസ്കാരം നേടിയ സോജു സി. ജോസ് പത്തനംതിട്ട കടമ്പനാട് ബേത്ത്ഹാരൻ വീട്ടിൽ പ്രവാസിയായ ജോസ് ചെറിയാന്റെയും ഏനാത്ത് മൗണ്ട് കാർമ്മൽ സിഎംഐ സെൻട്രൽ സ്കൂൾ അദ്ധ്യാപിക സുമ ജോസിന്റെയും മകനാണ്. സോനു സി. ജോസ് സഹോദരനാണ്.

സീനിയർ മലയാളം വിഭാഗത്തിൽ മദ്രാസ് ക്രിസ്ത്യൻ കോളജിലെ ബ്ലെസി ബിനു ഒന്നാം സ്ഥാനം നേടി 50000 രൂപ കരസ്ഥമാക്കി. സീനിയർ ഇംഗ്ലീഷ് വിഭാഗത്തിൽ പാലക്കാട് കാണിക്കമാതാ കോൺവെന്റ് ഇ.എം. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീയാ സുരേഷ് 50000 രൂപയുടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ജൂണിയർ വിഭാഗം മലയാളത്തിൽ കോഴിക്കോട് ബാലുശ്ശേരി ജി.എച്ച്.എസ്എസ്സിലെ അർച്ചന ആർ.വി. 25000 രൂപയുടെ ഒന്നാം സമ്മാനം നേടി. ജൂണിയർ ഇംഗ്ലീഷ് വിഭാഗത്തിൽ 25000 രൂപയുടെ ഒന്നാം സ്ഥാനം ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂളിലെ നിയ മരിയ ജോബി നേടി.



ഒരു ലക്ഷം രൂപയുടെ ഓർമ്മ ഓറേറ്റർ പുരസ്കാരം നേടിയ സോജു സി. ജോസ്, ഇംഗ്ലീഷ്, മലയാളം ജൂണിയർ സീനിയർ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടിയ ശ്രീയാ സുരേഷ്, ബ്ലെസി ബിനു, നിയ മരിയ ജോബി, അർച്ചന ആർ.വി. എന്നിവർ ട്രോഫികളുമായി.

## പിന്നാക്കക്കാരിലെ ക്രീമിലെയർ: വരുമാനപരിധി ഉയർത്തണം പാർലമെന്ററി സമിതി

ന്യൂഡൽഹി: പിന്നാക്കക്കാരിലെ ക്രീമിലെയർ നിശ്ചയിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തണമെന്ന് പാർലമെന്ററി സമിതിയുടെ ശിപാർശ. ക്രീമിലെയർ പരിധി 6.5 ലക്ഷം രൂപയിൽനിന്ന് എട്ടു ലക്ഷമായി ഉയർത്തിയത് 2017 -ലാണ്. പരിധി പരിഷ്കരിക്കാത്തതുകാരണം വലിയ വിഭാഗം ഒബിസി കുടുംബങ്ങൾക്ക് അർഹമായ സംവരണാനുകൂല്യങ്ങളും സർക്കാരിന്റെ ക്ഷേമപദ്ധതികളും നിഷേധിക്കപ്പെടുകയാണെന്ന് പിന്നാക്കക്കാരുടെ ക്ഷേമം സംബന്ധിച്ച പാർലമെന്ററിസമിതി ചൂണ്ടിക്കാട്ടി. ഓരോ മൂന്നു വർഷം കൂടുമ്പോഴും വരുമാനപരിധി കേന്ദ്ര പഴ്സണൽ മന്ത്രാലയം പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ബിജെപി അംഗം ഗണേശ് സിങ് അദ്ധ്യക്ഷനായുള്ള സമിതിയുടെ എട്ടാമത് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

സ്കോളർഷിപ്പുകൾക്ക് കണക്കാക്കുന്ന രക്ഷകർത്താക്കളുടെ വരുമാനപരിധി സംബന്ധിച്ച് പുനഃപരിശോധന വേണം. പിഎം-യശസ്വി പ്രകാരമുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി അഞ്ചാംക്ലാസ് മുതൽ ആരംഭിക്കണം. ഒബിസി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ (ഇബിസി), വിജ്ഞാപനം ചെയ്യാത്ത ഗോത്രങ്ങൾ (ഡിഎൻടി) എന്നിവർക്കായി സ്കൂൾ, കോളജ് തലങ്ങളിലെ വിദ്യാഭ്യാസ പദ്ധതികളുടെ സ്ലോട്ടുകൾ ഉയർത്തണം. ഒബിസി ക്ഷേമത്തിനായുള്ള കേന്ദ്രസഹായം വർദ്ധിപ്പിക്കണം. അതേസമയം, ക്രീമിലെയർ പരിധി ഉയർത്തുന്നതിൽ നിലവിൽ ശിപാർശകളൊന്നും പരിഗണനയിലില്ലെന്നാണ് സാമൂഹികനീതി ശാക്തീകരണ മന്ത്രാലയം സമിതിയെ അറിയിച്ചത്.

## അന്നമ്മ ജോസഫ് അന്തരിച്ചു



ചിക്കാഗോ: ഐപിസി ഹെബ്രോൻ ഗോസ്പൽ സെന്റർ സഭാംഗമായ പി.ജെ. ജേക്കബ് (ചാക്കോച്ചൻ)ന്റെ മാതാവ് ഏറ്റുമാനൂർ പടിഞ്ഞാറേ വേദംകുഴിയിൽ തെക്കേപ്പുര അന്നമ്മ ജോസഫ് (96) അന്തരിച്ചു. പരേതനായ പി.കെ. ജോസഫാണ് ഭർത്താവ്. പി.ജെ. ജേക്കബ്, ആൻസി ഫിലിപ്പ്, ജോൺസൺ പി. ജെ. (സൗദി അറേബ്യ), ഡെയ്സി കുഞ്ഞ് എന്നിവർ മക്കളും പൊന്നമ്മ, ഫിലിപ്പ്, ഡെയ്സി, കുഞ്ഞ് എന്നിവർ മരുമക്കളുമാണ്.

**വാർത്ത കുര്യൻ ഫിലിപ്പ്**



# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ സമ്മർ ക്യാമ്പ് വിജയകരമായി





ചിക്കാഗോ: മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ ദേവാലയത്തിൽ കുട്ടികൾക്കു വേണ്ടി മൂന്നു ദിവസം നീണ്ടുനിന്ന സമ്മർ ക്യാമ്പ് നടത്തപ്പെട്ടു.

ബൈബിൾ വായന, പ്രാർത്ഥന, വിശുദ്ധ കുർബാന, വ്യക്തിത്വ വികസനം, ക്നാനായ ചരിത്രം എന്നിവയാണ് സമ്മർ ക്യാമ്പിന്റെ മൂന്നു ദിവസങ്ങളിൽ പഠനവിഷയമായത്.

**അനിൽ മറ്റത്തിക്കുന്നേൽ**

വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഫാ. തോമസ് മുളവനാൽ, ഫാ. സിജു മുടക്കോടിൽ, ഫാ. ബിൻസ് ചേത്തലിൽ, ഫാ. അനീഷ് മാവേലിപുത്തൻപുര, ടോണി പുല്ലാപ്പള്ളി, ലിൻസൺ കൈതമല, റ്റിയ കണ്ടാരപ്പള്ളി, സൂസൻ എന്നിവർ ക്ലാസുകളെടുത്തു.

കത്തോലിക്കാ വിശ്വാസത്തിന്റെയും ക്നാനായ സമുദായ പാരമ്പര്യങ്ങളെയും ആസ്പദമാക്കിയുള്ള ക്ലാസുകൾക്കും ചർച്ചകൾക്കും പുറമെ ഉല്ലാസപ്രദമായ ഗെയിമുകളും മറ്റു പരിപാടികളും സമ്മർ ക്യാമ്പിന് ഊർജ്ജം പകർന്നു. ബെസ്റ്റ് ക്യാമ്പർമാരായി ക്രിസ് ഇല്ലിക്കാട്ടിൽ, ആബിഗൽ കണ്ണച്ചാൻപറമ്പിൽ, ഇവാനാ മണ്ണുകുന്നേൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സജി പൂതൃക്കയിൽ, ബിനു ഇടകര, വിസിറ്റേഷൻ കോൺവെന്റ് സിസ്റ്റേഴ്സ് എന്നിവർ ക്യാമ്പിനു നേതൃത്വം നല്കി. 120 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

# നിപ വൈറസിന്റെ വർധന തടയുന്ന നാനോ മെഡിസിൻ വികസിപ്പിച്ചു

പാലക്കാട്: നിപ വൈറസിനെ പ്രതിരോധിക്കാൻ കൂടുതൽ ഗുണമേന്മയും ശക്തിയുമുള്ള ആന്റിവൈറൽ മരുന്ന് വികസിപ്പിച്ച് പാലക്കാട് ഐഐടി ഗവേഷകർ. ശരീരത്തിനുള്ളിൽ നിപ വൈറസിന്റെ വർധന തടയുന്ന നാനോ മെഡിസിൻ ആണ് വികസിപ്പിച്ചത്.

ഐഐടി ബയോളജിക്കൽ സയൻസസ് ആൻഡ് എഞ്ചിനീയറിങ് വിഭാഗത്തിലെ ഡോ. ഗിരിധരൻ ലോകനാഥൻ മലർവിഴി, പ്രഫ. ജഗദീഷ് ബെയ്റി എന്നിവരാണു കണ്ടെത്തലിനു പിന്നിൽ. നിപ നിയന്ത്രണത്തിനു സുരക്ഷിതവും ചെലവു കുറഞ്ഞതുമായ മാർഗമാകും ഇത്. കഴിഞ്ഞ മാസം 30-ന് സയൻസ് ജേണലായ ഫെഡറേഷൻ ഓഫ് അമേരിക്കൻ സൊസൈറ്റീസ് ഫോർ എക്സ്പെരിമെന്റൽ ബയോളജിയിൽ (എഫ്എഎസ്ഇബി) ഇതു പ്രസിദ്ധീകരിച്ചു. പേറ്റന്റിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ആന്റിവൈറൽ മരുന്ന് കുത്തിവെച്ചുള്ള പരീക്ഷണഘട്ടത്തിലേക്കും വൈകാതെ ഗവേഷകർ കടക്കും. സസ്യതന്മാത്രകളെ അടിസ്ഥാനമാക്കിയുള്ള ആൻഡ്രോഗ്രാഫോളൈഡ്, സ്റ്റിഗ്മാസ്റ്ററോൾ എന്നീ രണ്ടു തന്മാത്രകളെയാണ് ഇരുവരും ഗവേഷണത്തിലൂടെ തിരിച്ചറിഞ്ഞത്. നിപ വൈറസിനു കാരണമായ പ്രധാന വൈറൽ പ്രോട്ടീനുകൾക്കെതിരെ ശക്തമായ ആന്റിവൈറസ് ശേഷിയുള്ളവയാണ് ഇവ. ഈ തന്മാത്രകൾ നാനോ കോൺജുഗ്രേറ്റുകളായി രൂപകൽപന ചെയ്തപ്പോൾ അവയുടെ നിപവിരുദ്ധ ഫലപ്രാപ്തി വർധിച്ചതായി കണ്ടെത്തി.

മാസങ്ങൾക്കു മുൻപു ഡിസ്പോസിബിൾ ഇലക്ട്രോകെമിക്കൽ ബിലിറൂബിൻ ഡിറ്റക്ഷൻ സെൻസർ വികസിപ്പിച്ചെടുത്ത ഐഐടി ഗവേഷണസംഘത്തിലും പ്രഫ. ജഗദീഷ് ബെയ്റി ഉണ്ടായിരുന്നു.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

*For All Your Real Estate Needs Please Call ...*



THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# ഫോമായുടെ 'മലയാള ഭാഷ – വിദ്യാഭ്യാസ്' കമ്മിറ്റിയുടെ ഉദ്ഘാടനം നടത്തപ്പെട്ടു




ഷോളി കുമ്പിളുവേലി

ഡാളസ്: അമേരിക്കൻ മലയാളികളുടെ പുതിയ തലമുറയെ മലയാളഭാഷ പഠിപ്പിക്കുന്നതിനും അവരേയും നമ്മുടെ സമൃദ്ധമായ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ഭാഗമായി നിലനിർത്തുന്നതിനും വേണ്ടി ഫോമാ രൂപംകൊടുത്ത മലയാള ഭാഷ-വിദ്യാഭ്യാസ കമ്മിറ്റിയുടെ ഉദ്ഘാടനം ജൂലൈ 7-ന് തിങ്കളാഴ്ച ഓൺലൈനിലൂടെ നടത്തപ്പെട്ടു. മുൻ ചീഫ് സെക്രട്ടറിയും ഗാനരചയിതാവും തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല വൈസ് ചാൻസലറുമായിരുന്ന ഡോ. കെ. ജയകുമാർ ഐഎഎസ് ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ പ്രശസ്ത കവി മുരുകൻ കാട്ടാക്കട മുഖ്യാതിഥിയായി പങ്കെടുത്തു.

മലയാള ഭാഷയുടെ ഉന്നമനത്തിനായി ഫോമാ ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നു കെ. ജയകുമാർ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ഭാഷാ മലയാളത്തെ സ്നേഹിക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിൽ ഫോമായെപ്പോലെ നൂറോളം അംഗസംഘടനകളുള്ള ഒരു വലിയ ഓർഗനൈസേഷന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറയുകയുണ്ടായി.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫോമായുടെ പുരോഗമനപരമായ പ്രവർത്തനത്തെക്കുറിച്ചും മലയാള ഭാഷ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും വിശദീകരിച്ച ബേബി മണക്കുന്നേൽ ഫോമാ അതിന് പ്രതിജ്ഞാബദ്ധമാണെന്നും ഉറപ്പു നല്കി.

ഫോമാ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ, ഫോമാ ഭാഷാ-വിദ്യാഭ്യാസ കമ്മിറ്റി ജോ. സെക്രട്ടറി ജോജോ കോട്ടക്കൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

ഫോമാ ഭാഷാ-വിദ്യാഭ്യാസ കമ്മിറ്റി ചെയർമാൻ സാമുവേൽ മത്തായി കമ്മിറ്റിയുടെ ഉദ്ദേശ്യത്തെക്കുറിച്ചും തുടർന്നുള്ള പ്രവർത്തനങ്ങളെപ്പറ്റിയും യോഗത്തിൽ വിശദീകരിച്ചു. മുഖ്യാതിഥിയായ മുരുകൻ കാട്ടാക്കട, ഭാഷാ മലയാളത്തിന് കൊടുക്കേണ്ട പ്രാധാന്യത്തെക്കുറിച്ചും ഫോമായുമായി അദ്ദേഹത്തിനുള്ള വ്യക്തിപരമായ അടുപ്പത്തെക്കുറിച്ചും പ്രതിപാദിച്ചു. തുടർന്ന് സ്വതസിദ്ധമായ ശൈലിയിൽ തന്റെ കവിത ആലപിച്ചത് യോഗത്തിന്റെ മാറ്റു കൂട്ടി. ഡോ. ശശി തരൂർ, പ്രസിദ്ധ എഴുത്തുകാരൻ ജോർജ് ഓണക്കൂർ എന്നിവരുടെ ആശംസകൾ യോഗത്തിൽ വായിക്കുകയുണ്ടായി.

അയ്യപ്പപണിക്കരുടെ പ്രശസ്തമായ 'അഗ്നിപൂജ' എന്ന കവിത ആദിത്യ സുജയ്യും, വള്ളത്തോൾ നാരായണമേനോന്റെ 'എന്റെ ഭാഷ' എന്ന കവിത കിരൺ രതീഷും ആലപിച്ചത് ഏവരുടെയും ശ്രദ്ധ നേടിയെടുത്തു. കൂടാതെ മനോഹരമായ ഗാനം ആലപിച്ച വിനീതാ അലക്സാണ്ടറും സദസ്യരുടെ കൈയടി വാങ്ങി.

ഇഷ വിനീന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച യോഗത്തിൽ കമ്മിറ്റി വൈസ് ചെയർപേഴ്സൺ എൽസി ജൂബ് സ്വാഗതവും ട്രഷറർ അമ്മു സഖറിയ നന്ദിയും രേഖപ്പെടുത്തി. ഫോമാ ഭാഷാ-വിദ്യാഭ്യാസ കമ്മിറ്റി സെക്രട്ടറി ബിനി മൃദുൽ എംസിയായി പരിപാടികൾ നിയന്ത്രിച്ചു.

# ഡോ. സ്വാമിനാഥൻ കൃഷി ജനജീവിതമെന്ന് പഠിപ്പിച്ച ഭാരതരത്നം: മോദി

ന്യൂഡൽഹി: ഡോ. എം.എസ്. സ്വാമിനാഥൻ ഭാരതമാതാവിന്റെ രത്നമാണെന്നും കൃഷിയെന്നാൽ വിളവുമാത്രമല്ല ജനജീവിതവുമാണെന്നു പഠിപ്പിച്ചത് അദ്ദേഹമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡോ. എം. എസ്. സ്വാമിനാഥൻ ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് ഡൽഹി പുസ ഇൻസ്റ്റിറ്റ്യൂട്ടിൽ (ഐസിഎആർ) നടന്ന രാജ്യന്തര സെമിനാറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മോദി. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനും (എംഎസ്എസ്ആർഎഫ്) ദ് വേൾഡ് അക്കാഡമി ഓഫ് സയൻസസും (ടിഡബ്യുഎഎസ്) നൽകുന്ന പ്രഥമ 'എം.എസ്. സ്വാമിനാഥൻ ഫുഡ് ആൻഡ് പീസ്' പുരസ്കാരം (25,000 ഡോളർ) നൈജീരിയയിൽ ചെറുകിട കർഷകരുടെ ഉന്നമനത്തിനായി ജീവിതം നീക്കിവെച്ച പ്രഫ. അഡമൊള എ. അഡെൻലെയ്ക്ക് മോദി സമ്മാനിച്ചു. എം.എസ്. സ്വാമിനാഥന്റെ സ്മരണയ്ക്കായുള്ള നാണയവും സ്റ്റാമ്പും പ്രകാശിപ്പിച്ചു. 'ഇന്ത്യയുടെ കാർഷിക വികസനത്തിനു വഴിയൊരുക്കിയതിനു പുറമേ ലോകത്തിന്റെ വിശപ്പടക്കാനുള്ള യജ്ഞങ്ങളിലും സ്വാമിനാഥൻ പങ്കാളിയായി. നിത്യഹരിത വിപ്ലവത്തിനാണ് അദ്ദേഹം വേരുപാകിയത്. ഭക്ഷ്യോൽപാദനത്തിൽ ഇന്ത്യയെ സ്വയംപര്യാപ്തമാകാൻ പ്രയത്നിച്ചു. ജൈവവൈവിധ്യങ്ങൾക്കപ്പുറം 'ജൈവാനന്ദത്തിന്' പ്രാധാന്യം നൽകി': മോദി പറഞ്ഞു. ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ സംസ്ഥാനത്ത് സോയിൽ ഹെൽത്ത് കാർഡ് വിതരണം ലക്ഷ്യം കണ്ടത് സ്വാമിനാഥന്റെ മാർഗനിർദേശത്തിലായിരുന്നെന്നും മോദി ഓർമിച്ചു. എന്തുവിലകൊടുത്തും ഇന്ത്യയിലെ കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുമെന്ന പ്രധാനമന്ത്രി മോദിയുടെ വാക്കുകൾ തന്റെ പിതാവിനെ ഏറെ സന്തോഷിപ്പിക്കുമായിരുന്നെന്ന് എംഎസ്എസ്ആർഎഫ് അദ്ധ്യക്ഷയും സ്വാമിനാഥന്റെ മകളുമായ ഡോ. സൗമ്യ സ്വാമിനാഥൻ പറഞ്ഞു.

ഡോ. എം.എസ്. സ്വാമിനാഥൻ തെളിച്ച വഴിയേ മുന്നേറുന്ന കാലത്തോളം വിശപ്പും ദാരിദ്ര്യവും ഇന്ത്യയെ ബാധിക്കില്ലെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു. ഐസിഎആർ ജോയിന്റ് ഡയറക്ടർ ഡോ. സി. വിശ്വനാഥൻ, എൻഎഎഎസ് സെക്രട്ടറി ഡോ. അശോക് സിങ് തുടങ്ങിയവരും സെമിനാറിൽ പ്രസംഗിച്ചു.

# തദ്ദേശ തെരഞ്ഞെടുപ്പ്: വോട്ടർപട്ടികയിലേക്ക് 19.21 ലക്ഷം അപേക്ഷ

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിനായി വോട്ടർപട്ടികയിൽ പേരുചേർക്കാൻ ഓൺലൈനിൽ അപേക്ഷാ പ്രവാഹം.

പ്രാദേശികമായി രാഷ്ട്രീയപാർട്ടികൾ മത്സരിച്ചു രംഗത്തിറങ്ങിയതോടെ രണ്ടാഴ്ച കൊണ്ട് 19.21 ലക്ഷം അപേക്ഷകളാണു ലഭിച്ചത്. അപേക്ഷകളിൽ ഭൂരിഭാഗവും ഹിയറിങ് നടക്കാത്തതിനാൽ അംഗീകരിച്ചിട്ടില്ല. രാഷ്ട്രീയപ്രവർത്തകരാണ് ഈ സൗകര്യം കൂടുതലായി ഉപയോഗിക്കുന്നത്.

ഹിയറിങ് നോട്ടീസ് ലഭിക്കുമ്പോൾ തിരിച്ചറിയൽ രേഖയുമായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറായ (ഇആർഒ) തദ്ദേശസ്ഥാപന സെക്രട്ടറിക്കു മുൻപാകെ ഇവരെ ഹാജരാക്കാനും രാഷ്ട്രീയപ്രവർത്തകർ രംഗത്തുണ്ട്.

ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുകയോ പഠിക്കുകയോ ചെയ്യുന്നവരെ നേരിട്ടു ഹാജരാകുന്നതിൽനിന്ന് ഒഴിവാക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശമുണ്ട്.

പകരം, അപേക്ഷയ്ക്കു ലഭിച്ച മറുപടി ഇആർഒയ്ക്ക് ഇമെയിലായി അയച്ചു നൽകുകയും ഇവരുടെ രക്തബന്ധുക്കൾ രേഖകളുമായി ഇആർഒ മുൻപാകെ ഹാജരാകുകയും വേണമെന്നാണു നിർദേശം. ഈ നടപടികൾ സുഗമമല്ലെന്നു പരാതിയുണ്ട്. ഹിയറിങ്ങിന് ഹാജരാകാൻ ഒരു അവസരം കൂടി നൽകാൻ ഇആർഒമാരോട് കമ്മീഷൻ നിർദേശിച്ചിട്ടുണ്ട്.



# വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ഓഫീസ് കൊച്ചിയിൽ ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു

കൊച്ചി: വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ഓഫീസ് കൊച്ചിയിൽ ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, സെക്രട്ടറി ജനറൽ

**ജെയിംസ് കൂടൽ**

ഷാജി മാത്യു, ട്രഷറർ സണ്ണി വെളിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡണ്ട് തങ്കം അരവിന്ദ്, തങ്കമണി ദിവാകരൻ, വിമൻസ് ഫോറം പ്രസിഡണ്ട് ഷീല റെജി, ഗ്ലോബൽ ഗുഡ്‌വിൽ അംബാസിഡർ ജോസ് കോലത്ത്, അലക്സ് വിളനിലം, ഇന്ത്യ റീജിയൻ പ്രസിഡണ്ട് പദ്മകുമാർ നായർ, സുജിത്ത് ശ്രീനിവാസൻ, യൂത്ത് ഫോറം പ്രസിഡണ്ട് രേഷ്മ റെജി, വിമൻസ് ഫോറം ചെയർ സലീന മോഹൻ അടക്കം ലോകമെമ്പാടുമുള്ള നൂറിലധികം അംഗങ്ങൾ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

ബാങ്കോക്കിൽ നടന്ന ഗ്ലോബൽ കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച സംഘാടക സമിതിയെ ചടങ്ങിൽ അഭിനന്ദിച്ചു. ഡോ. ബാബു സ്റ്റീഫൻ പ്രസിഡണ്ടും തോമസ് മൊട്ടക്കൽ ചെയർമാനുമായി നേതൃത്വം ഏറ്റെടുത്ത പുതിയ കമ്മിറ്റി ഒരാഴ്ചയ്ക്കുള്ളിൽ അധികാരമേൽക്കും. കേരളത്തിൽ ആദ്യമായി ഡബ്ല്യുഎംസി ഓഫീസ് തുടങ്ങുവാനായത് ചരിത്രപരമായ നേട്ടമാണെന്ന് ഗ്ലോബൽ വൈസ് പ്രസിഡണ്ട് അഡ്മിനിസ്ട്രേഷൻ ജെയിംസ് കൂടൽ പറഞ്ഞു. ഈ ഓഫീസ് സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രമാകും. ഡബ്ല്യുഎംസി അംഗങ്ങൾക്ക് എത്തിച്ചേരാവുന്ന ഒരു ഹബ്ബായി ഇവിടം മാറുമെന്നും ജെയിംസ് കൂടൽ പറഞ്ഞു.



കൺവൻഷനു ശേഷം പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫനും ജനറൽ സെക്രട്ടറി ഷാജി മാത്യുവും സുരേന്ദ്രൻ കണ്ണാട്ടും നേപ്പാളിൽ സന്ദർശനം നടത്തിയിരുന്നു. അവിടെ എംബസി ഉദ്യോഗസ്ഥരുമായും പ്രദേശത്തെ പ്രധാനപ്പെട്ട മലയാളികളുമായി വ്യവസായ വകുപ്പ് മന്ത്രിയുമായും കൂടിക്കാഴ്ച നടത്തി. നേപ്പാളിൽ ഒരു പുതിയ പ്രൊവിൻസ് ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അതുപോലെ അവിടെയുള്ള മലയാളികളുടെ പ്രശ്നങ്ങളും നിക്ഷേപസാദ്ധ്യതകളും ചർച്ച ചെയ്തു. സർക്കാർ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. ലോകമാകെയുള്ള എല്ലാ രാജ്യങ്ങളിലും ഡബ്ല്യുഎംസിയുടെ പ്രൊവിൻസുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ശക്തമാക്കാൻ തീരുമാനമായിട്ടുണ്ട്.



അതിനോടൊപ്പം കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിൽ ഭൂമി വാങ്ങി ഒരു ഗ്ലോബൽ സെന്റർ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചു. വിദേശത്ത് നേഴ്സിങ് പഠനം ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി ഒരു കോടി സ്കോളർഷിപ്പ് പദ്ധതി പ്രഖ്യാപിച്ചു. ആദ്യഘട്ടത്തിൽ നൂറു പേർക്ക് ഓരോരുത്തർക്കും ഒരു ലക്ഷം വീതം നല്കും. ഒരു സെലക്ഷൻ കമ്മിറ്റി ഇതിനായി രൂപീകരിക്കും. ആറു മാസത്തിനുള്ളിൽ തുക വിതരണം ചെയ്യാനാണ് ലക്ഷ്യം.


അടുത്ത ദ്വൈവാർഷിക കൺവൻഷൻ അമേരിക്കയിൽ വെച്ച് വിപുലമായി നടത്താനും വേൾഡ് മലയാളി കൗൺസിലിന്റെ പ്രതിച്ഛായ ലോകവ്യാപകമായി ഉയർത്തിക്കാണിക്കാനുമാണ് ഡബ്ല്യുഎംസിയുടെ ലക്ഷ്യം.

നമുക്ക് ശക്തമായ കൂട്ടായ്മയും ദൃഢനിശ്ചയവുമുണ്ട്. മലയാളിയെയും മലയാള ഭാഷയെയും ഉയർത്തിപ്പിടിക്കുന്നതിനായി അടുത്ത രണ്ടുവർഷം കൂടുതൽ സജീവമായി പ്രവർത്തിക്കണമെന്നും അതുവഴി ഡബ്ല്യുഎംസിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കണമെന്നും പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു.

## ഐ.എം.എ. ഓണാഘോഷം സെപ്റ്റംബർ അഞ്ചിന്

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: പ്രതീക്ഷയുടെ പൂക്കളങ്ങൾ തീർക്കാൻ ഓണം വരവായി. പൂവിലും തളിരിലും മാത്രമല്ല മനസ്സുകളിലും വസന്തം വിടർത്തിക്കൊണ്ടാണ് ഈ പൊന്നോണം പ്രവാസികളിലേക്ക് വിരുന്നു വരുന്നത്. നോർത്ത് അമേരിക്കയിലെ പ്രവാസി സംഘടനകളിൽ പതിറ്റാണ്ടുകളുടെ പാരമ്പര്യത്തിന്റെ ഗരിമ പേറുന്ന ഇല്ലിനോയി മലയാളി അസോസിയേഷൻ ഈ വരുന്ന സെപ്റ്റംബർ 5-ന് വെള്ളിയാഴ്ച വൈകുന്നേരം ആറു മണി മുതൽ ഡെസ്പ്ലെയിൻസിലെ ക്നാനായ സെന്ററിൽ (1800 E Oakton St. Des Plaines, IL 60018) ഓണാഘോഷം സംഘടിപ്പിക്കുന്നു.




ശോഭാ നായരുടെയും ആനീസ് സണ്ണിയുടെയും നേതൃത്വത്തിൽ ആകർഷകങ്ങളായ കലാപരിപാടികളും വിഭവസമൃദ്ധമായ ഓണസദ്യയും ആഘോഷങ്ങളുടെ ഭാഗമായി ഒരുക്കിയിട്ടുണ്ടെന്നും ഈ ഓണാഘോഷങ്ങളിൽ ഉടനീളം പങ്കെടുത്ത് ഈ പരിപാടിയെ വിജയിപ്പിക്കണമെന്ന് ചിക്കാഗോയിലെ നല്ലവരായ മലയാളി സമൂഹത്തോട് അഭ്യർത്ഥിക്കുന്നതായും പ്രസിഡണ്ട് ജോയ് പീറ്റേഴ്സ് ഇണ്ടിക്കുഴി, സെക്രട്ടറി പ്രജിൽ അലക്സാണ്ടർ, എക്സിക്യൂട്ടീവ് അംഗങ്ങളായ സ്റ്റീഫൻ ചൊള്ളമ്പേൽ, ഷാനി ഏബ്രഹാം, ലിൻസ് താന്നിച്ചുവട്ടിൽ, ജോസി കുരിശിങ്കൽ, ജോർജ് മാത്യു എന്നിവർ അറിയിച്ചു. സംഘടനയുടെ മുൻ പ്രസിഡണ്ട് ആയിരുന്ന സാം ജോർജാണ് ഇത്തവണത്തെ ഓണാഘോഷങ്ങളുടെ കോ-ഓർഡിനേറ്റർ.

## ബെൽവുഡിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ

**ജോർജ് അമ്പാട്ട്**

ചിക്കാഗോ: ബെൽവുഡിലുള്ള മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രലിൽ ഓഗസ്റ്റ് 3-ന് ഞായറാഴ്ച രാവിലെ 10 മണിയുടെ വിശുദ്ധ കുർബാനയോടെ കേരളത്തിന്റെ അഭിമാനവും ആഗോള കത്തോലിക്കാ സഭയുടെ സുകൃതവുമായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ഭക്തിപൂർവം ആചരിച്ചു.



ദിവ്യബലിക്ക് രൂപത മെത്രാൻ മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. കത്തീഡ്രൽ വികാരിയും വികാരി ജനറലുമായ റവ. ഫാ. തോമസ് കടുകപ്പിള്ളിയും ഫാ. യൂജിനും സഹകാർമ്മികരായിരുന്നു.

1910-ൽ കുടമാളൂരിൽ ജനിച്ച വിശുദ്ധ തന്റെ 36-ാമത്തെ വയസ്സിൽ 1946-ൽ കർത്താവിൽ നിദ്രപ്രാപിച്ചു. 2008 ഒക്ടോബർ 12-ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചു. സഹനത്തിലൂടെ വിശുദ്ധ പദവിയിലേക്ക് കടന്നുവന്ന ഒരു പ്രകാശകിരണമാണ് വിശുദ്ധ അൽഫോൻസാമ്മ. വിശുദ്ധയുടെ കബറിടം സ്ഥിതി ചെയ്യുന്ന ഭരണങ്ങാനം ഇന്ന് വിശ്വാസികളുടെ ഒരു പ്രധാന തീർത്ഥാടന കേന്ദ്രമാണ്. ദിവ്യബലിക്കുശേഷം തിരുനാൾ പ്രസുദേന്തിമാരായ പാലാ, മീനച്ചിൽ ഭാഗത്തു നിന്നുള്ള വനിതകൾ വിശുദ്ധയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് പ്രദക്ഷിണത്തിനു നേതൃത്വം നല്കി. അനേകം ഭക്തജനങ്ങൾ മുത്തുക്കുടകൾ വഹിച്ചുകൊണ്ട് പ്രദക്ഷിണത്തിൽ പങ്കെടുത്തു. കൈക്കാരന്മാരായ ബിജി സി. മാണി, സന്തോഷ് കാട്ടൂക്കാരൻ, വിവീഷ് ജേക്കബ്, ബോബി ചിറയിൽ എന്നിവർ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നല്കി. വാദ്യമേളങ്ങളും ചെണ്ടമേളങ്ങളും പ്രദക്ഷിണത്തിനു കൂടുതൽ മികവ് നല്കി.

ലദീഞ്ഞിനുശേഷം പ്രസുദേന്തിമാരുടെ നേതൃത്വത്തിൽ എല്ലാവർക്കും സന്തോഷപ്രദമായ സ്നേഹവിരുന്ന് നല്കപ്പെട്ടു.

# ഡിട്രോയിറ്റ് ക്നാനായ ദേവാലയത്തിൽ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു

ജെയിസ് കണ്ണച്ചാൻപറമ്പിൽ



ഡിട്രോയിറ്റ്: ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ഭക്തിയോടെ ആഘോഷിച്ചു. ഓഗസ്റ്റ് 1-ന് വെള്ളിയാഴ്ച 7 മണിക്ക് തിരുക്കർമ്മങ്ങൾ ആരംഭിച്ചു. തിരുനാൾ കൊടിയേറ്റ്, പരേതരുടെ ഓർമ്മയ്ക്കായി ഇടവക വികാരി റവ.ഫാ. ജോസഫ് തറയ്ക്കൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഓഗസ്റ്റ് രണ്ടിന് ശനിയാഴ്ച 5-ന് തിരുക്കർമ്മങ്ങൾ ആരംഭിച്ചു. ലദീഞ്ഞ്, റവ.ഫാ. ജോബി പന്നൂറയിൽ ഒഎസ്ബിയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും തിരുനാൾ സന്ദേശവും ഉണ്ടായിരുന്നു. റവ.ഫാ. ജോസഫ് തറയ്ക്കൽ, റവ.ഫാ. സാബു വെള്ളരിമറ്റത്തിൽ ഒഎസ്ബി, റവ.ഫാ. ജോസഫ് പുതുപ്പറമ്പിൽ ഒഎസ്ബി എന്നിവർ സഹകാർമ്മികരായി ദൈവാലയത്തിനു ചുറ്റും നടത്തിയ ജപമാല പ്രദക്ഷിണത്തിൽ ഇടവകജനം ഭക്തിയോടെ സംബന്ധിച്ചു. തിരുക്കർമ്മങ്ങൾക്കുശേഷം കലാസന്ധ്യയും സ്നേഹവിരുന്നും ഉണ്ടായിരുന്നു.





ഓഗസ്റ്റ് 3-ന് ഞായറാഴ്ച രാവിലെ 10.30-ന് തിരുക്കർമ്മങ്ങൾ ആരംഭിച്ചു. തിരുനാൾ റാസ കുർബാനയ്ക്ക് റവ. ഫാ. ജോസഫ് പുതുപ്പറമ്പിൽ ഒഎസ്ബി മുഖ്യകാർമ്മികത്വം വഹിച്ചു. റവ. ഫാ. ജോബി പന്നൂറയിൽ ഒഎസ്ബി, റവ.ഫാ. സാബു വെള്ളരിമറ്റത്തിൽ ഒഎസ്ബി (തിരുനാൾ സന്ദേശം), റവ. ഫാ. ജോസഫ് തറയ്ക്കൽ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. സെ. മേരീസ് ക്വയർ അംഗങ്ങൾ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കി. തുടർന്ന് തിരുനാൾ പ്രദക്ഷിണവും നടത്തപ്പെട്ടു. തിരുനാൾ പ്രദക്ഷിണത്തിനു നേതൃത്വം നല്കിയത് റവ.ഫാ. ജോയി ചക്കിയാൻ ആയിരുന്നു. മോ ടൗൺ മേളം (ഡിട്രോയിറ്റ്) ടീമിന്റെ ചെണ്ടമേളം പ്രദക്ഷിണത്തിനു മേളക്കൊഴുപ്പേകി. ഇടവക വികാരി റവ.ഫാ. ജോസഫ് തറയ്ക്കൽ, കൈക്കാരന്മാരായ സെബാസ്റ്റ്യൻ വഞ്ചിത്താനത്ത്, സേവ്യർ തോട്ടത്തിൽ, പാരിഷ് കൗൺസിൽ അംഗങ്ങളുടെയും പ്രസുദേന്തിമാരായ ജേക്കബ് ആൻഡ് ചിന്നമ്മ വേലിയാത്ത്, ജോയി വെട്ടിക്കാട്ട്, ബേബി കണ്ണച്ചാൻപറമ്പിൽ, ജോർജ് ആൻഡ് സൂസമ്മ അച്ചിറത്തറയ്ക്കൽ, ക്ലാരമ്മ ബേബി വെട്ടിക്കാട്ട്, സോമൻ ആൻഡ് സാലി ചാക്കച്ചേരിൽ, സേവ്യർ ആൻഡ് സുജ തോട്ടത്തിൽ, ഷാജി ആൻഡ് സുനു വെട്ടിക്കാട്ട് എന്നിവരോടൊപ്പം അനേകം ഇടവകാംഗങ്ങളുടെയും നിസ്വാർത്ഥ പരിശ്രമമാണ് തിരുനാൾ ഭക്തിയോടും ആഘോഷത്തോടും നടത്താൻ സാധിച്ചത്.

## ഗ്രേയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷം സെപ്റ്റം. 6-ന്

ജിതേഷ് ചുങ്കത്ത്

ചിക്കാഗോ: 2023-ൽ സ്ഥാപിതമായ ഗ്രേയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ (ജിസിഎംഎ) ഓണാഘോഷം സെപ്റ്റംബർ 6-ന് ശനിയാഴ്ച ബെൽവുഡ് സീറോമലബാർ ചർച്ചിൽ (5000 St. Charles Rd. Bellwood 60104) നടക്കും. വൈകുന്നേരം 4-ന് ആരംഭിക്കുന്ന ഓണാഘോഷത്തിനായി വാദ്യമേളത്തിന്റെ യും താലപ്പൊലിയുടെയും അകമ്പടിയോടെ മാവേലി മന്നനെ എതിരേൽക്കുന്ന ഘോഷയാത്ര, വിഭവസമൃദ്ധമായ ഓണസദ്യ, വിവിധ കലാപരിപാടികൾ, പൊതുസമ്മേളനം എന്നിവയ്ക്കുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി.

ഓണാഘോഷത്തിലേക്കും പൊതുസമ്മേളനത്തിലേക്കും എല്ലാ മലയാളികളെയും കുടുംബസമേതം ഗ്രേയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു. മനോജ് തോമസ് കോട്ടപ്പുറം, മേഴ്സി കുര്യാക്കോസ് എന്നിവർ മുഖ്യ സംഘാടകരായിരിക്കും.

ഗ്രേയ്റ്റർ ചിക്കാഗോയിലെ ഏറ്റവും മികച്ച ഡാൻസ് ഗ്രൂപ്പായ മണവാളൻസ് ചിക്കാഗോ അവതരിപ്പിക്കുന്ന ഡാൻസ് മെഡ്ലി, തിരുവാതിര, ഗായകരായ അനുജ് ഗോപാലിന്റെ ഗാനങ്ങൾ, ചെണ്ടമേളം, ഓണം ഫോട്ടോ സെഷൻ എന്നിവ ഉണ്ടായിരിക്കും. ഓണാഘോഷത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ ലിങ്കിനായി സംഘാടകരെ ബന്ധപ്പെടുക. മനോജ് തോമസ് (630 687 5768), മേഴ്സി കുര്യാക്കോസ് (773 865 2456), പ്രസിഡണ്ട് ജിതേഷ് ചുങ്കത്ത് (224 522 9157), സെക്രട്ടറി സേവ്യർ ജോൺ (312 391 6767). സെപ്റ്റംബർ 6-ന് നടക്കുന്ന ഓണാഘോഷത്തിനുശേഷം ഒക്ടോബർ 11-ന് നാഷണൽ ലെവൽ ബാഡ്മിന്റൺ മത്സരങ്ങളും 2026 ഏപ്രിൽ 11 ശനിയാഴ്ച കലാമത്സരങ്ങളും നടത്തുന്നതായിരിക്കും.



# കോട്ടയം അസോസിയേഷൻ ജൂബിലി–ബാങ്ക്വറ്റ് നൈറ്റിന്റെ നിറവിൽ

ഫിലാഡൽഫിയ: അക്ഷരനഗരിയുടെ തിരുമുറ്റത്തുനിന്നും ചരിത്രസ്മരണകളൂറുന്ന സഹോദരനഗരത്തിലേക്ക് കുടിയേറിപ്പാർത്തവരുടെ നേതൃത്വത്തിൽ കാൽ നൂറ്റാണ്ടുകൾക്കു മുമ്പ് ഉടലെടുത്ത സ്വപ്നസാക്ഷാത്കാരമായ കോട്ടയം അസോസിയേഷന്റെ 25-ാമത് ചാരിറ്റി ബാങ്ക്വറ്റ് നൈറ്റ് സെപ്റ്റം

**ജീമോൻ ജോർജ്**

ബർ 27-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 മണി മുതൽ സെന്റ് തോമസ് സീറോമലബാർ (608 Welsh Rd, Philadelphia, PA 19115) ചർച്ച് ഓഡിറ്റോറിയത്തിൽ ഇതര സാമൂഹിക സാംസ്കാരിക സംഘടനകളുടെ സഹകരണത്തിലുമായി നടത്തുന്ന സിൽവർ






ജൂബിലി ചാരിറ്റി ബാങ്ക്വറ്റ് നൈറ്റിന്റെ വിപുലമായ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു.

വടക്കെ അമേരിക്കയിലെ ചാരിറ്റി പ്രവർത്തനങ്ങളുടെ മുഖ്യ ചാലകശക്തിയായി നിലകൊള്ളുന്ന കോട്ടയം അസോസിയേഷൻ നാളിതുവരെയുള്ള വഴികളിലൂടെ നിർദ്ധനരായ കുടുംബങ്ങൾക്ക് ഭവനസഹായ പദ്ധതികൾ, വിദ്യാർത്ഥികൾക്കായുള്ള പഠനസഹായ പദ്ധതികൾ, രോഗികൾക്കായി സാമ്പത്തിക വൈദ്യസഹായ പദ്ധതികൾ തുടങ്ങിയ നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ കഴിഞ്ഞ കുറേ കാലഘട്ടങ്ങളിലായി അമേരിക്കയിലും കേരളത്തിലുമായി നടത്തുകയും കൂടാതെ നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് കോട്ടയം അസോസിയേഷൻ പ്രസിഡണ്ട് സണ്ണി കിഴക്കേക്കുറ്റ് പറയുകയുണ്ടായി.

ചാരിറ്റി പ്രവർത്തനങ്ങൾക്ക് മുഖ്യ പ്രാമുഖ്യം കൊടുത്തുകൊണ്ട് ആരംഭിച്ച സംഘടന ഇന്ന് ചാരിറ്റി പ്രവർത്തനങ്ങളിലൂടെ സഫലീകരണ സമുന്വയത്തിന്റെ നിറവിൽ നിൽക്കുമ്പോൾ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരുടെയും നിരാലംബരുടെയും അശരണരുടെയും ആലംബഹീനരുടെയും ഒരിറ്റ് കണ്ണീർ ഒപ്പുവാൻ അവരുടെ ഇടയിലേക്ക് സഹായഹസ്തവുമായി ഇറങ്ങിച്ചെന്ന് പ്രവർത്തിച്ചുവരികയും ചാരിറ്റി പ്രവർത്തന മേഖലയിലെ കാലോചിതമായ മാറ്റങ്ങൾക്കനുസൃതമായി പുതിയ പന്ഥാവിലൂടെ സഞ്ചരിച്ച് ഇതര സംഘടനകൾക്ക് പോലും മാതൃകയായി പ്രവർത്തിച്ചുവരുന്ന കോട്ടയം അസോസിയേഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി നാളിതുവരെ നല്കിവരുന്ന ചെറുതും വലുതുമായ മുഴുവൻ സഹായസഹകരണങ്ങളും ചാരിറ്റി പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നും കൂടാതെ സഹായഹസ്തവുമായി നിന്ന വ്യക്തികളോടും സ്ഥാപനങ്ങളോടും എക്കാലവും കടപ്പെട്ടിരിക്കുന്നുവെന്നും ജോബി ജോർജ് (കോ-ഓർഡിനേറ്റർ, സിൽവർ ജൂബിലി ചാരിറ്റി ബാങ്ക്വറ്റ്) പ്രസ്താവിക്കുകയുണ്ടായി.

ചാരിറ്റി ബാങ്ക്വറ്റ് നൈറ്റിനോടനുബന്ധിച്ച് നടത്തുന്ന പൊതുസമ്മേളനത്തിൽ അമേരിക്കയിലെ രാഷ്ട്രീയ, സാമൂഹിക സംഘടനാ നേതാക്കന്മാർ, മറ്റ് വിശിഷ്ടാതിഥികൾ തുടങ്ങിയവർ പങ്കെടുക്കുന്നതും നൃത്തവിദ്യാലയങ്ങളുടെ നേതൃത്വത്തിലുള്ള നൃത്ത നൃത്യങ്ങളും സുപ്രസിദ്ധ ഗായകരുടെ ശ്രുതിമധുരമായ ഗാനാലാപനവും ചാരിറ്റി പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹായസഹകരണങ്ങൾ നല്കിവരുന്നവർക്കുള്ള ആദരിക്കൽ ചടങ്ങ്, കമ്യൂണിറ്റി സർവീസ് അവാർഡ് വിതരണവും വിഭവസമൃദ്ധമായ ഡിന്നറും ഉണ്ടായിരിക്കുന്നതാണെന്ന് രാജൻ കുര്യൻ (ജനറൽ സെക്രട്ടറി കോട്ടയം അസോസിയേഷൻ) അറിയിക്കുകയുണ്ടായി.

ചാരിറ്റി ബാങ്ക്വറ്റ് നൈറ്റ് വൻ വിജയമാക്കി തീർക്കുവാനായിട്ടുള്ള കൂട്ടായ പരിശ്രമങ്ങൾ അണിയറയിൽ ധൃതഗതിയിൽ പുരോഗമിച്ചുവരികയാണെന്നും സിൽവർ ജൂബിലിയോടനുബന്ധിച്ച് ഏറെ പുതുമകൾ നിറഞ്ഞ ഒരു സ്മരണികയുടെ പ്രകാശനവും ഉണ്ടായിരിക്കുന്നതാണെന്ന് സഞ്ജു സഖറിയ (ചീഫ് എഡിറ്റർ, സുവനീർ) അറിയിച്ചു.

സിൽവർ ജൂബിലി ചാരിറ്റി ബാങ്ക്വറ്റിന്റെ വൻ വിജയത്തിനായി ജോസഫ് മാണി, സാബു ജേക്കബ്, സാജൻ വർഗീസ്, ബെന്നി കൊട്ടാരം, ജീമോൻ ജോർജ്, ജോൺ മാത്യു, ജോൺ പി. വർക്കി, ജെയ്സൺ വർഗീസ്, ജെയിംസ് അന്ത്രയോസ്, മാത്യു ഐപ്പ്, ഏബ്രഹാം ജോസഫ്, സാബു പാമ്പാടി, രാജു കുരുവിള, സെറിൻ ചെറിയാൻ, വർക്കി പൈലോ, വർഗീസ് വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ അഹോരാത്രം പ്രവർത്തിച്ചുവരുന്നു. വിമൻസ് ഫോറവും ചാരിറ്റി ബാങ്ക്വറ്റിന്റെ എല്ലാ വിജയങ്ങൾക്കുമായി കൂട്ടായി പ്രവർത്തിച്ചുവരുന്നതായി അറിയിക്കുകയുണ്ടായി.

ഫിലാഡൽഫിയയിലും പരിസരപ്രദേശങ്ങളിലുമായി പ്രവർത്തന മികവുകൊണ്ടും ജനബാഹുല്യംകൊണ്ടും നടത്തിവരാറുള്ള കോട്ടയം അസോസിയേഷന്റെ ജനകീയ ചാരിറ്റി ബാങ്ക്വറ്റ് നൈറ്റിലേക്ക് എല്ലാ കോട്ടയം നിവാസികളേയും അഭ്യുദയകാംക്ഷികളെയും സ്വാഗതംചെയ്യുന്നതായും ഒരു പ്രത്യേക പത്രക്കുറിപ്പിൽ അറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: www.kottayamassociation.org, E-mail: kottayamasn@gmail.com. കൂടാതെ കോട്ടയം അസോസിയേഷന്റെ FB പേജിലും വിവരങ്ങൾ ലഭ്യമാണ്.

# ഡോ. മാത്യൂസ് കെ. ലൂക്കോസ് മന്നിയോട്ട് എൻആർഐ കമ്മീഷൻ അംഗമായി ചുമതലയേറ്റു

ഡാളസ്/തിരുവനന്തപുരം: ഡാളസിൽ നിന്നുള്ള പ്രവാസിയും കേരള കോൺഗ്രസ് (എം) സംസ്ഥാന കോ-ഓർഡിനേറ്ററും സ്റ്റിയറിംഗ് കമ്മിറ്റി അംഗവുമായ ഡോ. മാത്യൂസ് കെ. ലൂക്കോസ് മന്നിയോട്ട് കേരള ഗവൺമെന്റ് എൻആർഐ കമ്മീഷൻ അംഗമായി ചുമതലയേറ്റു.

**പി.പി. ചെറിയാൻ**

പുനഃസംഘടിപ്പിച്ച ആറംഗ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനിൽ ജസ്റ്റിസ് (റിട്ട.) സോഫി തോമസ് ചെയർപേഴ്സണായുള്ള കമ്മീഷനിൽ പി.എം. ജാബിർ, ഡോ. മാത്യൂസ് കെ. ലൂക്കോസ്, എം.എം. നയീം, ജോസഫ് ദേവസ്യ പൊൻമാങ്കൽ, എൻ.ആർ.ഐ (കെ) കമ്മീഷൻ സെക്രട്ടറി (ജയറാംകുമാർ ആർ) എന്നിവരാണ് അംഗങ്ങൾ.

ചെയർപേഴ്സൺ ജസ്റ്റിസ് (റിട്ട.) സോഫി തോമസ് 2021 മുതൽ 2025 ഫെബ്രുവരി വരെ കേരള ഹൈക്കോടതി ജസ്റ്റിസായിരുന്നു. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ സ്വദേശിയാണ്.

ഡോ. മാത്യൂസ് കെ. ലൂക്കോസ് മന്നിയോട്ട് അന്താരാഷ്ട്ര മോട്ടിവേഷണൽ സ്പീക്കർ, സൈക്കോളജിസ്റ്റ്, പ്രശസ്ത കോഫി വിത്ത് ലൂക്ക് ടോക് ഷോ പ്രൊഡ്യൂസർ, മാധ്യമപ്രവർത്തകൻ, എഴുത്തുകാരൻ, പബ്ലീഷർ, കേരള ട്രിബ്യൂൺ ചെയർമാൻ, ലോക കേരള സഭാംഗം എന്നീ നിലകളിൽ പ്രശസ്തനും സെർവ് ഇന്ത്യ, ഗാർഡൻ ഓഫ് ലൈഫ് എന്നീ പ്രസ്ഥാനങ്ങളുടെ സ്ഥാപകനുമാണ്. ലീഡർഷിപ്, മെന്റൽ ഹെൽത്ത് എന്നീ മേഖലകളിൽ അഞ്ചോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൊട്ടാരക്കര വേങ്ങൂർ സ്വദേശിയാണ്.



പ്രവാസി ഭാരതീയരായ കേരളീയരുടെയും അവരുടെ കുടുംബത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുക, പ്രവാസി കേരളീയരുടെ കേരളത്തിലുള്ള സ്വത്തുക്കൾക്ക്, നിക്ഷേപങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കുക, അനധികൃത വിദേശ തൊഴിൽ റിക്രൂട്ടുമെന്റുകളിന്മേൽ നടപടി സ്വീകരിക്കുക തുടങ്ങിയവയാണ് കമ്മീഷന്റെ പ്രധാന ചുമതലകൾ.

പ്രവാസികളുടെ പരാതികളിന്മേലും ചില സന്ദർഭങ്ങളിൽ സ്വമേധയായും കമ്മീഷൻ ഇടപെടുന്നു. പരാതികൾ പരിഗണിക്കുവാൻ കമ്മീഷൻ നിശ്ചിത ഇടവേളകളിൽ സംസ്ഥാനത്തുടനീളം സിറ്റിംഗുകളും അദാലത്തുകളും നടത്തി പരാതികളിൽ നടപടി സ്വീകരിക്കും.

# ട്രൈസ്റ്റേറ്റ് കേരളാഫോറം 'മാൻ ഓഫ് ദി ഇയർ' അവാർഡ് ഡോ. കൃഷ്ണ കിഷോറിന്

ആഷാ മാത്യു

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് ഏരിയായിലെ മലയാളി സംഘടനകളുടെ ഐക്യവേദിയായ ട്രൈസ്റ്റേറ്റ് കേരളാ ഫോറം നല്കുന്ന ഈ വർഷത്തെ 'മാൻ ഓഫ് ദി ഇയർ' അവാർഡിന് ഏഷ്യാനെറ്റ് ന്യൂസ് യുഎസ്എ ഹെഡ് ഡോ. കൃഷ്ണ കിഷോർ അർഹനായി. അമേരിക്കൻ മലയാളികൾക്കിടയിൽ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ നല്കിയ മികച്ച സംഭാവനകൾ പരിഗണിച്ചാണ് ഡോ. കൃഷ്ണ കിഷോറിനെ അവാർഡിനായി തെരഞ്ഞെടുത്തത്. ഓഗസ്റ്റ് 23-ന് ശനിയാഴ്ച ഫിലാഡൽഫിയ സീറോ മലബാർ ഓഡിറ്റോറിയത്തിൽ നടക്കുന്ന ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ ഓണാഘോഷ വേദിയിൽ വെച്ച് അവാർഡ് സമ്മാനിക്കും.

മൂന്നു പതിറ്റാണ്ടിലധികമായി അമേരിക്കയിൽ സ്ഥിരതാമസക്കാരനാണ് ഡോ. കൃഷ്ണ കിഷോർ. മുതിർന്ന മാധ്യമപ്രവർത്തകൻ എന്ന നിലയിലും സാമൂഹിക രംഗത്ത് സജീവമായി ഇടപെടുന്ന വ്യക്തിയെന്ന നിലയിലും മികവു പുലർത്തുന്ന ഡോ. കൃഷ്ണ കിഷോർ 18 വർഷത്തിലേറെയായി ഏഷ്യാനെറ്റ് ന്യൂസിനുവേണ്ടി അമേരിക്കയിൽ നിന്നുള്ള എല്ലാ കവറേജുകൾക്കും നേതൃത്വം നല്കുന്നു. അമേരിക്കൻ സംഭവവികാസങ്ങൾ ആഴത്തിലും വ്യക്തതയിലും പൂർണ്ണതയിലും ഇന്ത്യൻ ജനങ്ങളിലേക്ക് എത്തിക്കാൻ എല്ലായ്പ്പോഴും അദ്ദേഹത്തിനു കഴിഞ്ഞു. അഞ്ച് യുഎസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പുകൾ, ഇന്ത്യൻ പ്രധാനമന്ത്രിയുടെ യുഎസിലേക്കുള്ള ഒന്നിലധികം സന്ദർശനങ്ങൾ, മറ്റ് സുപ്രധാന സംഭവങ്ങൾ എന്നിവ അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പത്രപ്രവർത്തന മികവിന് 20-ലധികം അവാർഡുകളും അദ്ദേഹം നേടിയിട്ടുണ്ട്. സ്പോർട്സ് റിപ്പോർട്ടിങ്ങിൽ അസാമാന്യ താല്പര്യമുള്ള കൃഷ്ണ കിഷോർ ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ (ഐസിസി), ഇംഗ്ലണ്ട് ആൻഡ് വെയിൽസ് ക്രിക്കറ്റ് ബോർഡ് (ഇസിബി), വെസ്റ്റിൻഡീസ് ക്രിക്കറ്റ് ബോർഡ് (ഡബ്ല്യുഐസിബി) എന്നിവയുടെ അംഗീകാരമുള്ളയാളാണ്.

സാമൂഹിക രംഗത്തെ അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും മാധ്യമരംഗത്തെ സ്വാധീനവും രാഷ്ട്രീയ ഇടപെടലുകളും ഇരുരാജ്യങ്ങൾക്കുമിടയിലുള്ള സഹവർത്തിത്വം വർദ്ധിപ്പിക്കാൻ ഒരു കാരണമായിട്ടുണ്ട്. കോർപ്പറേറ്റ് രംഗത്തും മാധ്യമ മേഖലയിലും നല്കിയ മികച്ച സേവനങ്ങൾ അദ്ദേഹത്തിലെ ബഹുമുഖ പ്രതിഭയെ വ്യക്തമാക്കുന്നു.



അമേരിക്കൻ രാഷ്ട്രീയ രംഗത്തും ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന അദ്ദേഹം ഗവർണർ ഫിൽ മർഫി സ്ഥാപിച്ച ന്യൂജേഴ്സി ഇന്ത്യ കമ്മീഷനിലെ അഞ്ച് മലയാളികളിലൊരാൾ കൂടിയാണ്. ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും മുന്നോട്ട് കൊണ്ടുപോകുന്നതിനും ന്യൂജേഴ്സിയിലും ഇന്ത്യയിലും സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന കമ്മീഷനിലേക്ക് വിവിധ മേഖലകളിൽ നിന്നായി 30 അംഗങ്ങളെയാണ് ഗവർണർ നിയമിച്ചത്. കോർപ്പറേറ്റ് രംഗത്തെയും മാധ്യമ മേഖലയിലെയും മികച്ച സേവനം പരിഗണിച്ചാണ് കൃഷ്ണ കിഷോറിനെ കമ്മീഷനിലേക്ക് തെരഞ്ഞെടുത്തത്. ഡിലോയ്റ്റ്, പിഡബ്ല്യുസി തുടങ്ങിയ ആഗോള കമ്പനികളിൽ മുൻനിര നേതൃത്വത്തിൽ പരിചയസമ്പത്തും ഇദ്ദേഹത്തിനുണ്ട്. ന്യൂജേഴ്സിയും ഇന്ത്യയും തമ്മിലുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കൈമാറ്റവും സുസ്ഥിരമായ ദീർഘകാല സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിനായി കമ്മീഷൻ പ്രവർത്തിക്കുമ്പോൾ അതിന്റെ പിന്നണിയിൽ ഇന്ത്യയുടെ അഭിമാനമായി ഡോ. കൃഷ്ണ കിഷോർ ഉണ്ടാകും.

സതേൺ ഇല്ലിനോയി യൂണിവേഴ്സിറ്റിയിൽനിന്ന് സയൻസിൽ പിജിയും പെൻസിൽവാനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് പിഎച്ച്.ഡിയും നേടിയിട്ടുള്ള അദ്ദേഹം എംഐടി സ്ലോൺ സ്കൂൾ ഓഫ് മാനേജ്മെന്റിൽ നിന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ എക്സിക്യൂട്ടീവ് കോഴ്സും പൂർത്തിയാക്കിയിട്ടുണ്ട്.

ഓഗസ്റ്റ് 23-ന് ഉച്ചയ്ക്ക് 2-ന് പഞ്ചാരിമേളത്തിന്റെ അകമ്പടിയോടെ ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ ഓണാഘോഷത്തിനു കൊടിയേറും. റോണി വർഗീസ് (അവാർഡ് കമ്മിറ്റി ചെയർമാൻ) ബിനു മാത്യു, സാജൻ വർഗീസ്, ജോർജ് ഓലിക്കൽ, അഭിലാഷ് ജോൺ, വിൻസന്റ് ഇമ്മാനുവൽ, രാജൻ സാമുവൽ, സുമോദ് നെല്ലിക്കാല, അലക്സ് തോമസ്, ജോബി ജോർജ്, ഫിലിപ്പോസ് ചെറിയാൻ, സുധാ കർത്താ, ജോർജ് നടവയൽ, ജീമോൻ ജോർജ്, സുരേഷ് നായർ, കുര്യൻ രാജൻ എന്നിവരാണ് അവാർഡ് സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ.

# വടംവലി മാമാങ്കത്തിനൊരുങ്ങി ന്യൂയോർക്ക്

സിജു ചെരുവൻകാലായിൽ

ന്യൂയോർക്ക്: മലയാളി കൂട്ടായ്മയായ ന്യൂയോർക്ക് സോഷ്യൽസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വടംവലി മത്സരം ഓഗസ്റ്റ് 23-ന് റോക്ക്ലാൻഡ് കൗണ്ടിയിലെ ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് നടക്കും. അമേരിക്ക, യുകെ, കാനഡ എന്നിവിടങ്ങളിൽ നിന്നുള്ള 15-ലധികം ടീമുകൾ പങ്കെടുക്കും.




ഒന്നാംസ്ഥാനം നേടുന്ന ടീമിന് റോബർട്ട് അരീച്ചിറ സ്പോൺസർ ചെയ്യുന്ന 5001 യുഎസ് ഡോളർ സമ്മാനമായി ലഭിക്കും.

രണ്ടാംസ്ഥാനം നേടുന്ന ടീമിന് റോയി മറ്റപ്പിള്ളി നല്കുന്ന 3001 യുഎസ് ഡോളറും മൂന്നാമത് എത്തുന്ന ടീമിന് മുപ്രാപ്പള്ളിൽ ബ്രദേഴ്സ് നല്കുന്ന 2001 യുഎസ് ഡോളറും നാലാം സ്ഥാനം നേടുന്ന ടീമിന് തോമസ് നൈനാൻ നല്കുന്ന 1001 യുഎസ് ഡോളറും സമ്മാനമായി ലഭിക്കും, കൂടാതെ അഞ്ചു മുതൽ എട്ട് വരെ സ്ഥാനങ്ങളിൽ എത്തുന്ന ടീമുകൾക്ക് ബെർണി മുല്ലപ്പള്ളി, ഫ്രണ്ട് ഡിജെ, ഗ്ലോബൽ കൊളിഷൻസ്, ലക്സ് ഡിസൈൻസ് എന്നിവർ സ്പോൺസർ ചെയ്യുന്ന 500 യുഎസ് ഡോളർ വീതവും ലഭിക്കും. രണ്ടായിരത്തിലധികം കാണികൾ എത്തുമെന്നു പ്രതീക്ഷിക്കുന്ന മത്സരത്തോടനുബന്ധിച്ച് വിവിധ കലാ-സാംസ്കാരിക പരിപാടികളും ഒരുക്കിയിട്ടുണ്ട്. ലോങ് ഐലൻഡ് താളലയം ടീമിന്റെ ശിങ്കാരിമേളം, ട്രൈസ്റ്റേറ്റ് ഡാൻസ് അക്കാഡമി ഒരുക്കുന്ന ബോളിവുഡ് ഡാൻസ്, ഡിജെ വല്ലടൻ നയിക്കുന്ന സംഗീത വിസ്മയം, വ്യത്യസ്തയിനം ഭക്ഷണയിനങ്ങൾ ഉൾപ്പെടുത്തിയുള്ള ഫുഡ് ഫെസ്റ്റ് (നാടൻ, ഇൻഡോ, മിഡിൽ ഈസ്റ്റ് സ്പെഷ്യൽ) തുടങ്ങിയവ പരിപാടിയുടെ മുഖ്യ ആകർഷണങ്ങളാണ്. പ്രവേശനം സൗജന്യമാണ്. ഇതോടൊപ്പം വിശാലമായ പാർക്കിംഗ് സൗകര്യവും സംഘാടകർ ഒരുക്കിയിട്ടുണ്ട്. ന്യൂയോർക്ക് മലയാളികൾ ഏറെ ആവേശത്തോടെ കാത്തിരിക്കുന്ന ഈ കായിക മാമാങ്കത്തിന് ഏവരെയും സാദരം ക്ഷണിക്കുന്നു.

2023-ൽ ന്യൂയോർക്കിലും ന്യൂജേഴ്സിയിലുമായി പ്രവർത്തിക്കുന്ന യുവ സുഹൃത്തുക്കൾ ചേർന്ന് രൂപീകരിച്ച സൗഹൃദ കൂട്ടായ്മയാണ് ന്യൂയോർക്ക് സോഷ്യൽസ് ക്ലബ്. ക്ലബ് നടത്തിയ ആദ്യ അന്താരാഷ്ട്ര വടംവലി മത്സരം വലിയ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. മലയാളി സമൂഹത്തെ ഒരുമിപ്പിച്ച്, അവർക്കായി സാംസ്കാരികവും കായികവുമായ അവസരങ്ങൾ ഒരുക്കുക എന്നതാണ് സംഘടനയുടെ മുഖ്യലക്ഷ്യം. കൂടാതെ മലയാളി സംരംഭകരെ പ്രോത്സാഹിപ്പിച്ച് അവരുടെ ബ്രാൻഡുകൾ സമൂഹത്തിൽ കൂടുതൽ പരിചിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും ക്ലബ് സജീവമാണ്. റോയി മറ്റപ്പിള്ളിൽ (പ്രസിഡണ്ട്), സാജൻ കുഴിപ്പറമ്പിൽ (വൈസ് പ്രസിഡണ്ട്), ജിമ്മി പൂഴിക്കുന്നേൽ (സെക്രട്ടറി), ഷിബു ഏബ്രഹാം (ജോ. സെക്രട്ടറി), ജോസുകുട്ടി പൊട്ടൻകുഴിയിൽ (ട്രഷറർ) എന്നിവരാണ് സംഘടനയുടെ സാരഥികൾ. ബോർഡ് മെംബർമാരായ ബിജു മുപ്രാപള്ളി, ജോയൽ വിശാഖന്തറ, നിബു ജേക്കബ്, മനു അരയൻതാനത്ത്, സിജു ചെരുവൻകാല എന്നിവരും ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു.


# സ്റ്റാറ്റൻ ഐലൻഡ് ഓർത്തഡോക്സ് പള്ളിയിൽ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ ആഘോഷിക്കുന്നു

ക്യാപ്റ്റൻ രാജു ഫിലിപ്പ്

ന്യൂയോർക്ക്: പരിശുദ്ധ കന്യകാമറിയത്തിന്റെ വാങ്ങിപ്പു പെരുന്നാൾ സ്റ്റാറ്റൻ ഐലൻഡ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ (130 Park Avenue, Staten Island, NY) ഓഗസ്റ്റ് 15-ന് വെള്ളിയാഴ്ചയും 16-ന് ശനിയാഴ്ചയും ആഘോഷിക്കുന്നു.



ഫാ. ഡോ. നൈനാൻ വി. ജോർജ്



ഫാ. ടി.എ. തോമസ്



ഫാ. ഗീവർഗീസ് വർഗീസ്

സെയിന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘം ജനറൽ സെക്രട്ടറി ഫാ.ഡോ. നൈനാൻ വി. ജോർജ് ആയിരിക്കും മുഖ്യകാർമ്മികത്വം വഹിക്കുക. ഓഗസ്റ്റ് 10-ന് ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം പതാക ഉയർത്തൽ ചടങ്ങോടെ പെരുന്നാൾ ആഘോഷങ്ങൾ ഔദ്യോഗികമായി ആരംഭിക്കും.

ഓഗസ്റ്റ് 15-ന് വെള്ളിയാഴ്ച വൈകുന്നേരം 6-ന് സന്ധ്യാനമസ്കാരം, തുടർന്ന് ഫാ. ഡോ. നൈനാൻ വി. ജോർജ് വചനശുശ്രൂഷ നിർവഹിക്കും.

ഓഗസ്റ്റ് 16-ന് ശനിയാഴ്ച രാവിലെ 8.30-ന് പ്രഭാത നമസ്കാരം ആരംഭിക്കും. 9.30-ന് വിശുദ്ധ കുർബാന ആഘോഷിക്കും. ഫാ.ഡോ. നൈനാൻ വി. ജോർജ് മുഖ്യകാർമ്മികനും ഫാ. ടി.എ. തോമസ് (വികാരി), ഫാ. ഗീവർഗീസ് വർഗീസ് (അസി. വികാരി) എന്നിവർ സഹകാർമ്മികരുമായിരിക്കും. വിശുദ്ധ കുർബാനയ്ക്കുശേഷം പ്രദക്ഷിണം നടക്കും. തുടർന്ന് നേർച്ചയും ഉച്ചഭക്ഷണവും ഉണ്ടായിരിക്കും.

ഫാ. ടി.എ. തോമസ്, ഫാ. ഗീവർഗീസ് വർഗീസ്, ക്യാപ്റ്റൻ രാജു ഫിലിപ്പ് (സെക്രട്ടറി), ജോസഫ് ഇ. മാത്യു (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നു.

എല്ലാവരും പങ്കെടുക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യണമെന്ന് ഇടവകയുടെ ഭാരവാഹികൾ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: ക്യാപ്റ്റൻ രാജു ഫിലിപ്പ് (917) 854 3818.

# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ കിക്കോഫ് ശ്രദ്ധേയമായി




**ജോസ് കണിയാലി**

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 31-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിമുതൽ നടത്തപ്പെടുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ കിക്കോഫ് ആളുകൊണ്ടും, അർത്ഥംകൊണ്ടും ശ്രദ്ധേയമായി.





സോഷ്യൽ ക്ലബ് അങ്കണത്തിൽ ചേർന്ന സമ്മേളനം മോർട്ടൻഗ്രോവ് മേയർ ജാനിൻ വിറ്റ്ക ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ വടംവലി മത്സരത്തിന് ആതിഥേയത്വം വഹിക്കുവാൻ മോർട്ടൻഗ്രോവിന് കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ടെന്ന് മേയർ പറഞ്ഞു. വിശാലമായ മോർട്ടൻഗ്രോവ് പാർക്ക് ഡിസ്ട്രിക്ട് സ്റ്റേഡിയം വടംവലി മത്സരത്തിനായി ഒരുങ്ങിക്കഴിഞ്ഞു. ഭാവിയിലും അവിടെത്തന്നെ വടംവലി മത്സരം തുടരണമെന്നും, എല്ലാവിധ പിന്തുണയും വില്ലേജിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നും മേയർ ജാനിൻ ഉറപ്പുനൽകി. തുടർന്ന് വടംവലി മത്സരത്തിന്റെ കിക്കോഫ് മേയർ ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ എല്ലാവരെയും സ്വാഗതം ചെയ്തു. വടംവലി മത്സരത്തിന്റെ വിജയത്തിനായി എല്ലാവരുടെയും സഹായ സഹകരണങ്ങൾ റൊണാൾഡ് പൂക്കുമ്പേൽ അഭ്യർത്ഥിച്ചു. ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, മുൻ പ്രസിഡന്റുമാരായ സൈമൺ ചക്കാലപ്പടവിൽ, സാജു കണ്ണമ്പള്ളി, അലക്സ് പടിഞ്ഞാറേൽ, പീറ്റർ കുളങ്ങര, ബിനു കൈതക്കത്തൊട്ടിയിൽ, സിബി കദളിമറ്റം, പി.ആർ.ഒ. മാത്യു തട്ടാമറ്റം, എൻ.ആർ.ഐ. റിപ്പോർട്ടർ ചീഫ് എഡിറ്റർ ബിജു കിഴക്കേക്കുറ്റ്, ഐ.പി.സി.എൻ.എ. ചിക്കാഗോ പ്രസിഡന്റ് ബിജു സക്കറിയ, വിവിധ ക്ലബുകളെയും, സംഘടനകളെയും പ്രതിനിധീകരിച്ച് സോയി കുഴിപ്പറമ്പിൽ, പ്രിൻസ് ഈപ്പൻ, സ്റ്റെബി ആനാലിൽ, ജോയി ഇണ്ടിക്കുഴി, പ്രിൻസ് മാഞ്ഞൂരാൻ, ലൂക്ക് ചിറയിൽ, ജോസ് ജോർജ് എന്നിവർ ആശംസകൾ നേർന്നു. ഇൻഡ്യാ ഫുഡ് ഫെസ്റ്റ് ചെയർമാൻ ജോസ് മണക്കാട്ട് എം.സി. ആയിരുന്നു. വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി കൃതജ്ഞത പറഞ്ഞു. ജെ ആന്റ് ജെ കിച്ചൻ ജിനിൽ ജോസഫിന്റെ നേതൃത്വത്തിൽ സ്നേഹവിരുന്ന് നടത്തപ്പെട്ടു. സ്പോൺസർമാരായ ജോയി നെടിയകാലായിൽ, നിണൽ മുണ്ടപ്ലാക്കൽ, റ്റോണി കിഴക്കേക്കുറ്റ്, ഷൈബു കിഴക്കേക്കുറ്റ്, മോഹിത് മാമ്മൂട്ടിൽ, റഫറി ജോസ് ഇടിയാലിൽ എന്നിവരും സന്നിഹിതരായിരുന്നു.



പരിപാടികൾക്ക് രാജു മാനുങ്കൽ, ബിജോയ് കാപ്പൻ, തോമസ് പൂത്തേത്ത്, അനിൽ മറ്റത്തിക്കുന്നേൽ, സെൽജോ ജോർജ് (സ്പാർക്കിൾ ഇവന്റ്) തുടങ്ങിയവർ നേതൃത്വം നൽകി.





പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലാണ് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ. കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടുപ്രവർത്തിക്കുന്നു.

ആകർഷകമായ സമ്മാനത്തുകയാണ് ഈ വടംവലി മത്സരത്തിന്റെ പ്രത്യേകത. ഒന്നാം സ്ഥാനം നേടുന്ന ടീമിന് 11,111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിക്കും. ചിക്കാഗോയിലെ വ്യവസായ പ്രമുഖനായ ജോയി നെടിയകാലായിലാണ് സ്പോൺസർ. രണ്ടാംസ്ഥാനം നേടുന്ന ടീമിന് 5555 ഡോളറും ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിക്കും. ചിക്കാഗോയിലെ വ്യവസായ പ്രമുഖനായ ഫിലിപ്പ് മുണ്ടപ്ലാക്കലാണ് സ്പോൺസർ.

മൂന്നാം സ്ഥാനം നേടുന്ന ടീമിന് 3333 ഡോളറും കിഴക്കേക്കുറ്റ് ചാക്കോ & മറിയം മെമ്മോറിയൽ എവർ റോളിങ് ട്രോഫിയുമാണ് ലഭിക്കുക. അറിയപ്പെടുന്ന സ്ഥാപനമായ എലൈറ്റ് ഗെയിമിംഗിനു വേണ്ടി റ്റോണി & ഫ്രാൻസിസ് കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്തിരിക്കുന്നു. നാലാംസ്ഥാനം ലഭിക്കുന്ന ടീമിന് 1111 ഡോളറാണ് സമ്മാനത്തുക. ചിക്കാഗോ മംഗല്യ ജൂവല്വറിക്കു വേണ്ടി ഷൈബു കിഴക്കേക്കുറ്റ്, മനീവ് ചിറ്റലക്കാട്ട്, മിഥുൻ മാമ്മൂട്ടിൽ എന്നിവരാണ് സ്പോൺസർമാർ.











ആയിരക്കണക്കിന് കാണികളെ പ്രതീക്ഷിക്കുന്ന ഈ വടംവലി മാമാങ്കത്തിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു. പുതിയ അഡ്രസ് ശ്രദ്ധിക്കുക:

**MORTON GROVE PARK
DISTRICT STADIUM
6834 DEMPSTER ST,
MORTON GROVE,
ILLINOIS 60053.**

വിശദവിവരങ്ങൾക്ക്: റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്)-(630) 935-9655. സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)-(630) 673-3382

ഫോട്ടോ: മോനു വർഗീസ്

# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ കിക്കോഫ് ചിത്രങ്ങളിലൂടെ...



# ചില തിരിച്ചറിവുകൾ

അനുഭവം



മിനി വിശ്വനാഥൻ



കുറച്ച് കാലമായി ഞാൻ യാത്രകളിലും തിരക്കിലുമായതിനാൽ റേഷൻ പീടികയിൽ പോവുന്ന പണി അമ്മാവൻ സ്വമേധയാ ഏറ്റെടുത്തതായിരുന്നു.

ഇന്നലെ വൈകിട്ടാണ് മൂപ്പർ 'അയ്യോ ഇന്ന് മുപ്പത്തിഒന്നാം തീയ്യതിയാണ് മാസത്തിലെ അവസാന ദിവസം, കൂടാതെ അര ലിറ്റർ മണ്ണെണ്ണയും ഉണ്ട്, നീ പോയി റേഷൻ വാങ്ങുമോ' എന്ന് ചോദിച്ചുകൊണ്ട് എന്നെ വിളിച്ചത്.

'മണ്ണെണ്ണയും ഉണ്ട്' എന്ന് കേട്ടപ്പോൾ ഒരുങ്ങിയിറങ്ങാൻ മടിയുണ്ടെങ്കിലും പോവാം എന്ന് ഞാനും പറഞ്ഞു. കഴിഞ്ഞ ഒരു കൊല്ലത്തോളമായി റേഷൻ കടയിൽ നിന്ന് എനിക്ക് മണ്ണെണ്ണ കിട്ടിയിട്ടില്ല. അത് കിട്ടാത്തത് കൊണ്ട് പ്രത്യേകിച്ച് ഒരു പ്രശ്നവും ഉണ്ടായിട്ടുമില്ല.

പക്ഷേ, റേഷൻ കടയിലെ മണ്ണെണ്ണ എന്നത് ഒരു വികാരമാണ്. ക്യൂ നിന്നും പെർമിറ്റ് സംഘടിപ്പിച്ചും അയൽക്കാരോട് കാർഡ് ചോദിച്ച് വാങ്ങിയും മണ്ണെണ്ണ ടിൻ നിറച്ച ഒരു കാലമുണ്ടായിരുന്നു. ആ നൊസ്റ്റാൾജിക്ക് ഓർമ്മയും കൂടിയാണ് റേഷൻ കടയിലെ മണ്ണെണ്ണ.

സ്കൂൾ വിട്ടുവന്നാൽ മുട്ട വിളക്ക് മുതലിങ്ങോട്ട് എല്ലാ വിളക്കുകളും കരി കഴുകി, തിരി ഒപ്പിച്ച് മുറിച്ച്, മണ്ണെണ്ണ നിറക്കുന്നത് കുട്ടികളുടെ പണിയാണ്. കൂട്ടത്തിൽ വലിയ വിളക്ക് വേണമെന്ന വാശിയും ബഹളവും മറ്റൊരു രസം. നേരിയ നങ്കീസ് വിളക്കിലെ തീയ്യിൽ കാണിച്ച് ഉരുക്കുന്നത് എന്റെ പ്രധാന വിനോദമായിരുന്നു അക്കാലത്ത്.

കരണ്ടുണ്ടെങ്കിലും, വോൾട്ടേജ് ഇല്ലാത്തത് കൊണ്ട് രാത്രി കഞ്ഞി വിളമ്പുന്നത് വരെ പഠിക്കുന്നതുപോലെ അഭിനയിക്കാൻ സഹായിച്ച മണ്ണെണ്ണ വിളക്കിനോടുള്ള കടപ്പാട് മായാത്തതാണ്.

അതുകൊണ്ട് തന്നെ റേഷൻ മണ്ണെണ്ണ മിസ്സാക്കരുത് എന്ന് കരുതി രണ്ട് സഞ്ചിയും എണ്ണക്കുപ്പിയുമായി ഞങ്ങൾ ഇറങ്ങി.

സ്ഥിരമായി പോവുന്ന ചോയ്യാടത്തെ പീടികയിൽ നല്ല തിരക്കാവും, നമുക്ക് കതിരൂരിൽ പോവാം എന്ന് മണ്ണെണ്ണക്കുപ്പിയുമായി കൂട്ടു വന്ന രാജേഷ് നിർദ്ദേശിച്ചു. കതിരൂർ പോവുന്നെങ്കിൽ പ്രതിയുടെ ഓട്ടോ വിളിക്കണം, തിരിച്ച് വരുമ്പോൾ സന്ധ്യയാവും എന്ന് മമ്മി കർശനക്കാരിയായി.

അങ്ങിനെ സർവ്വസന്നാഹങ്ങളുമായി ഞാൻ മീത്തലെ കതിരൂരിൽ പുതിയ കാനറാ ബാങ്കിന്റെ മുന്നിലുള്ള റേഷൻ പീടിയയിൽ എത്തി. ഒട്ടും അടക്കമില്ലാതെ ചാക്കുകെട്ടുകൾ നിരത്തി വെച്ച കടയിലെത്തിയപ്പോഴേ മണ്ണെണ്ണ ഗന്ധം എന്നെ സ്വീകരിച്ചു.

ഒട്ടും തിരക്കുണ്ടായിരുന്നില്ല അവിടെ. ആ സമാധാനത്തിൽ മാസാവസാനം ഛരജ യുമായി വരുന്ന കസ്റ്റമർ ആയത് കൊണ്ട് ക്യൂവിൽ നിൽക്കുന്നതിന് മുൻപ് തന്നെ OTP യാണേ എന്ന് ഞാൻ കടക്കാരനോട് പറഞ്ഞു. 'ഓ അതിനെന്താ' എന്ന മട്ടിൽ അയാൾ ഒരു നോട്ടം നോക്കി. ഒരു തരം വഷളൻ നോട്ടമായിരുന്നു അതെന്ന് ഞാൻ തിരിച്ചറിഞ്ഞത് പിന്നെയാണ്. അയാൾ മിഷ്യൻ ഓൺ ചെയ്തു. കാർഡ് നമ്പർ അടിച്ചു. വിവരങ്ങൾ വന്നു. സാധാരണ ഇത്രയുമായാൽ കടക്കാരൻ വിരൽ സ്കാൻ ചെയ്ത് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാറാണ് പതിവ്. പക്ഷേ, ഇയാൾ ബയോമെട്രിക്ക് കാണിച്ച് എന്നോട് വിരൽ വെക്കാൻ പറഞ്ഞു.

സാധാരണ ഈ ഒരു കാര്യം ചെയ്യാത്തത് കൊണ്ട് തന്നെ ഞാൻ OTP യാണ് എന്ന് മുന്നോർമ്മയിൽ ശങ്കിച്ചു. ഉടനെ അയാൾ എന്നെ നോക്കി അല്പം ശബ്ദം താഴ്ത്തി 'റേഷൻ പീടികക്കാരൻ പറഞ്ഞിടത്ത്, വിരലോ, അതല്ലെങ്കിൽ കാലോ, മറ്റെന്തെങ്കിലുമോ വെക്കേണ്ടി വരും' എന്ന് പറഞ്ഞ് ഒരു അറുവഷളൻ ചിരി ചിരിച്ചു.

സത്യത്തിൽ ഞാനാകെ പൊള്ളിപ്പോയി. പ്രതികരിക്കാൻ പോലുമാവാതെ നിശബ്ദയായി. ഇന്റർനെറ്റ് കണകാവുന്നില്ലെന്ന് പറഞ്ഞ് അയാൾ മറ്റു നടപടികളിലേക്ക് കടന്നുമില്ല. അപ്പോഴേക്ക് കട നിറയെ സ്ത്രീകൾ എത്തി. എല്ലാവരും മുപ്പത്തിഒന്നാം തീയ്യതിയുടെ ടെൻഷനിലാണ്. ആ പരിഭ്രമവും, പരിചയവും മുതലെടുത്ത് അയാൾ ഉറക്കെ ഉറക്കെ വഷളൻ തമാശകൾ പറഞ്ഞ് ചിരിച്ച് തുടങ്ങി. അരിയും മണ്ണെണ്ണയും അയാളുടെ ഔദാര്യമാണെന്ന മട്ടിൽ ആ പാവങ്ങൾ ഇല്ലാച്ചിരി ചിരിച്ച് അയാളെ പ്രോത്സാഹിപ്പിച്ചു.

എനിക്ക് ശ്വാസം മുട്ടിത്തുടങ്ങി. നൊസ്റ്റാൾജിക്ക് മണ്ണെണ്ണ സുഗന്ധം തലവേദനിപ്പിക്കുന്ന നാറ്റമായി മാറി. അപമാനിതയായി പ്രതികരിക്കാൻ പോലുമാവാതെ റേഷൻകാർഡുമെടുത്ത് ഞാൻ പുറത്തിറങ്ങി.

താഴെയുള്ള റേഷൻ കടയിൽ പോവാമെന്ന് പ്രതിയേട്ടൻ സമാധാനിപ്പിച്ചു. മടുത്തു പോയിരുന്നു ഞാൻ! ഏതായാലും അവിടെയും പോയി നോക്കാമെന്ന് തലകുലുക്കി. അവിടെ എത്തിയപ്പോൾ മണ്ണെണ്ണ മണത്തിന് പകരം എന്നെ സ്വീകരിച്ചത് തൊട്ടടുത്ത തട്ടുകടയിലെ 'കോയിക്കാൽ' മുരിയുന്ന സുഗന്ധമാണ്.

അവിടെയും തിരക്കുണ്ടായിരുന്നില്ല. റേഷൻ കാർഡ് നീട്ടി OTP ആണെന്ന് പറഞ്ഞപ്പോൾ 'ഓ അതിനെന്താ' എന്ന് സൗമ്യമായി പറഞ്ഞ് കൊണ്ട് അദ്ദേഹം തന്നെ ബയോമെട്രിക്കിൽ വിരൽ വെച്ച് വിവരങ്ങൾ ശേഖരിച്ച്, OTP വന്നോ എന്ന് നോക്കാൻ പറഞ്ഞു. ഒരു കോംപ്ലിക്കേഷനുമില്ലാതെ കാര്യങ്ങൾ നടന്നു. പച്ചരി മാത്രം മതിയെന്ന് പറഞ്ഞപ്പോൾ 'തരാലോ' എന്ന് ഉദാരനായി.

മണ്ണെണ്ണ നിറച്ച് തന്നു. വൃത്തിയുള്ള കടയും, സൗഹാർദ്ദമുള്ള അന്തരീക്ഷവും, അടുത്ത കടയിലെ അടിച്ച ചായയുടെ മണവും കൂടിയായപ്പോൾ ഞാൻ ഉഷാറായി.

അരിയും മണ്ണെണ്ണയുമായി പുറത്തിറങ്ങിയപ്പോൾ എന്നിൽ കെ.സി. മിനി ആവേശിച്ചു. 'പ്രതിയേട്ടാ എനിക്കയാളെ ചീത്ത പറയണം, വണ്ടി അങ്ങോട്ട് വിട്' എന്ന് വാശി പിടിച്ചു. എന്നാപ്പിന്നെ അങ്ങിനെയാവട്ടെ എന്ന് പ്രതിയേട്ടനും സമ്മതിച്ചു. പറയാനുള്ള നല്ല വാക്കുകൾ മനസ്സിൽ അടുക്കി പ്പെറുക്കി അവിടെ എത്തുമ്പോഴേക്ക് അവിടെ ഉണ്ടായിരുന്ന പെണ്ണുങ്ങൾ പുറത്ത് കാത്ത് നിൽക്കുക തന്നെയാണ്. അയാൾ നെറ്റ് ഇഷ്യൂ ശരിയാക്കാൻ ആ കുന്തവും കൊണ്ട് എവിടെയോ പോയിരിക്കയാണെന്ന് അവർ പറഞ്ഞു.

താഴത്തെ കടയിൽ തിരക്കില്ലെന്നും സൂപ്പർ ആണെന്നും, വേഗം അങ്ങോട്ട് പോയിക്കോളൂ, ഇവന്റെ വഷളത്തം കേട്ട് സമയം കളയല്ലെന്നും അവരോട് പറഞ്ഞ് ഞങ്ങൾ മടങ്ങി.

വീട്ടിൽ വന്ന് ഞാൻ സാനിറ്റയിസർ കണ്ട് പിടിച്ച് കൈയ്യും ശരീരവും തുടച്ചു. അവന്റെ വഷളൻ ചിരിയും ചുണ്ട് കോട്ടലും എന്റെ സ്വസ്ഥത നശിപ്പിച്ചു. എന്തുകൊണ്ട് അപ്പോൾ പ്രതികരിച്ചില്ല എന്ന തോന്നലിൽ ഞാൻ വെന്തു.

വിശേട്ടനെ വിളിച്ച് എനിക്ക് ശ്വാസം മുട്ടുന്നു എന്ന് സങ്കടക്കെട്ടഴിച്ചു. ആ നിമിഷം എന്ത് കൊണ്ട് പ്രതികരിച്ചില്ല, അയാളുടെ വഷളത്തം യഥാർത്ഥ അളവിൽ തിരിച്ചറിഞ്ഞില്ല എന്നതായിരുന്നു എന്റെ സങ്കടം.

ചിലപ്പോഴൊക്കെ അങ്ങിനെയാണെന്ന് വിശേട്ടൻ സമാധാനിപ്പിച്ചു. ദയാർത്ഥങ്ങൾ മനസ്സിലാവാത്ത, തമാശയാണെന്ന് കരുതി ചിരിക്കുന്ന മറ്റ് സ്ത്രീകളെ ഓർത്താണ് എന്റെ സങ്കടമെന്ന് ഞാൻ അവർത്തിച്ചു!

ഡാഡി ഉണ്ടായിരുന്നെങ്കിൽ എന്ന് നിരാശപ്പെട്ടു.

സാരമില്ല, പക്ഷേ വിട്ടുകളയരുത് എന്ന് വിശേട്ടൻ എന്നെ സമാധാനിപ്പിച്ചു. ശരിയാണെന്ന് എനിക്കും തോന്നി.

തിരിച്ചറിവുകൾ ഉണ്ടാക്കേണ്ടതാണ്. അതിന് മടിക്കരുത്!

കേരളാ എക്സ്പ്രസ്
Weekly Newspaper National Edition from Chicago
KERALA EXPRESS
വാരാന്ത്യം

# അടൂരിനെ തെറിവിളിക്കുന്നവരോട്

ലേഖനം



സഞ്ജു സുശീലൻ

അടൂരിനെ വളഞ്ഞിരുന്നു തെറിവിളിക്കുന്ന കൂട്ടത്തിൽ അടൂരിന്റെ സിനിമകളെപ്പറ്റി ചിലരൊക്കെ അടിച്ചുവിടുന്ന അഭിപ്രായങ്ങൾ കണ്ടപ്പോൾ ചിരിയാണ് വന്നത്. ജനത്തിനിഷ്ടപ്പെടുന്ന ഏതു സിനിമയാണ് ഇയാൾ എടുത്തിട്ടുള്ളത്? ഇയാളുടെ സിനിമ ആരു കാണും? ഇങ്ങനത്തെ ഉറക്കം തൂങ്ങി സിനിമയെയാണോ മഹത്തായ സിനിമ എന്ന് വിളിക്കുന്നത് എന്ന് ചിലർ. പാശ്ചാത്യ സിനിമാക്കാരുടെ സൃഷ്ടികൾ കോപ്പി അടിച്ച ഒരു കോപ്പിക്കാറ്റ് ആണ് അടൂരെന്ന് മറ്റുചിലർ. അവാർഡ് കമ്മിറ്റികളെ മണിയടിച്ച് എപ്പോളും അവാർഡ് ഒപ്പിക്കുന്ന കൗശലക്കാരൻ എന്നിങ്ങനെയൊക്കെയാണ് ജെൻ സി അടൂരിനെ വിലയിരുത്തുന്നത്. എലിപ്പത്തായം, അനന്തരം, വിധേയൻ, കൊടിയേറ്റം, മുഖാമുഖം പോലുള്ള സിനിമകളെടുത്ത ഒരാളെപ്പറ്റിയാണ് ഇതൊക്കെ അടിച്ചുവിടുന്നത് എന്നോർക്കണം. ഡേയ്. നിങ്ങൾ അടൂർ ഗോപാലകൃഷ്ണനെന്ന വ്യക്തിയെ എങ്ങനെ വേണമെങ്കിലും വിമർശിച്ചോ. പക്ഷേ, അങ്ങേരുടെ സിനിമകളെപ്പറ്റി വിവരക്കേട് പറയുന്നതിന് മുമ്പ് ഏറ്റവും കുറഞ്ഞത് അതൊരു തവണ



യെങ്കിലും കാണാനും മനസ്സിലാക്കാനും ശ്രമിക്കണം. അതിന് കുറച്ചു പശ്ചാത്തല ജ്ഞാനം ആവശ്യമായേക്കും. നരസിംഹമോ പുലി മുരുകനോ കാണുന്നത് പോലെയല്ല അത് കാണേണ്ടത്. ഒട്ടും പറ്റുന്നില്ലെങ്കിൽ സിനിമാസ്വാദനത്തിനായി ഇന്ത്യയിൽ തന്നെ പല സ്ഥാപനങ്ങളും കോഴ്സുകൾ നടത്തുന്നുണ്ട്. അതൊന്നു പരീക്ഷിച്ചു നോക്കുക.

പണിക്കത്തി



രാജീവ് പണിക്കർ



# ജൽദി ആവോ

**തും**ഹാരാ ഹാഥ് മേം മേം സരൂർ മാരൂംഗാ....

ടീച്ചറേ, രണ്ടു മേം അടുത്ത് പറയേണ്ട കാര്യമുണ്ടോ?

ചുപ്! ഹിന്ദി മേം ബാത് കരോ...

ഒന്ന് ചമ്മിയെങ്കിലും ഞാൻ സമചിത്തത കൈവെടിയാതെ പറഞ്ഞു...

ഓക്കേ

അംഗ്രേസി നഹി ഹിന്ദി മേം ബാത് കരോ..

അതോടെ ഉള്ള സമചിത്തതയും പോയി.

ഉം..

അപ്നേ ക്ലാസ് മേം കോയി കിസി ഓർ ഭാഷാ മേം ബാത് നഹി കരേംഗേ...ബസ് ഹിന്ദി മേം ബാത് കരേംഗേ. ഠീക്...

എല്ലാവരും കോറസ്സായി മൂളി...

ഉം ....

(പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ വ്യത്യാസമില്ലാതെ സ്കൂളിൽ ഹിന്ദി ടീച്ചർമാർ ക്ലാസിൽ ഹിന്ദി മാത്രം സംസാരിച്ചു പോന്നു. പിൽക്കാലത്ത് കേരളത്തിൽ വന്ന ഭായിമാർ സംസാരിക്കുന്ന ഭാഷയുമായി പുലബന്ധമില്ലാത്ത, ഹിന്ദി സിനിമകളിൽ നടീനടന്മാർ സംസാരിച്ചിരുന്ന ഹിന്ദി ഭാഷയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ഹിന്ദി ആയിരുന്നു അതെങ്കിലും പരീക്ഷയ്ക്കായി അത് പഠിക്കേണ്ടിയിരുന്നു...)

അതോടെ ഹിന്ദി ക്ലാസിൽ, ഞങ്ങളുടെ ക്ലാസിലെ വർത്താനം പറച്ചിൽ നിന്നു. ആർക്കും ഹിന്ദിയിൽ സംസാരിക്കാൻ അറിഞ്ഞൂടല്ലോ...

പിന്നീടുള്ള എല്ലാ ക്ലാസുകളിലും ഞങ്ങൾ നല്ല കുട്ടികളായി ഇരുന്നു. പെൻസിലും ബുക്കും പേനയും പതിവായി മറന്ന് അയലോക്കക്കാരോട് വായ്പ വാങ്ങുന്ന സ്വഭാവമുള്ളവർ പോലും ചോദിക്കാൻ അറിയാൻ മേലാത്ത കാരണം ഡീസന്റായി മറവി ഉപേക്ഷിച്ചു..

അങ്ങനെയിരിക്കെ ഒരു ദിവസം...

ഹിന്ദി പിരീഡിനു തൊട്ടു മുൻപ് തന്നെ അത്യാവശ്യം പറയണ്ട കാര്യം ഒക്കെ പറഞ്ഞു തീർത്ത്, ഒന്ന് രണ്ട് തുടങ്ങിയവ ഇടയിൽ ആവശ്യമായി വന്നാൽ ആവശ്യപ്പെടാൻ  അറിയാത്ത കാരണം അതെല്ലാം നേരത്തെ തന്നെ തീർത്ത് മിടുക്കരായി ഞങ്ങൾ ഇരിക്കുന്ന ഒരു ദിവസം..

ഹിന്ദി പഠിപ്പിക്കുന്ന രാധ ടീച്ചർ ക്ലാസിലേക്ക് നടന്നു വരികയാണ്.. ക്ലാസിന്റെ വാതിലിന്റെ പുറകിൽ നിന്ന് ടീച്ചറിന്റെ വരവ് ഒളിഞ്ഞു നോക്കി ക്ലാസ് ലീഡർ ഔസേപ്പ് ബാക്കിയുള്ളവർക്ക് തത്സമയവിവരണം നൽകുന്നുണ്ട്..

ടീച്ചർ ക്ലാസിനടുത്ത് എത്താറായപ്പോഴേക്കും ഔസേപ്പ് ഓടി സ്വന്തം സീറ്റിലെത്തി പഠിക്കുന്ന പോലെ അഭിനയിച്ചു തുടങ്ങി.

കോയാത്തി എന്നായിരുന്നു ഔസേപ്പിന്റെ ഇരട്ടപ്പേര്. ഏതോ ഒരു ക്ലാസിൽ, സാർ കയറി വരുമ്പോൾ ഔസേപ്പ് ഉറക്കെ കൂവുന്നതായിരുന്നു കണ്ടത്. കൈയോടെ പിടിച്ച് രണ്ടടി കൊടുത്ത് കുറുക്കൻ എന്നൊരു പേരും ഇട്ടു കൊടുത്തു. കൂടാതെ കുറുക്കന് ഇംഗ്ലീഷിൽ എന്ത് പറയും എന്ന് ചോദിച്ചു. പേരിട്ടതും അടികിട്ടിയതും ഔസേപ്പ് എങ്ങനെയൊക്കെയോ സഹിക്കാൻ തയ്യാറായിരുന്നു എങ്കിലും ഇംഗ്ലീഷ് പറയാൻ പറഞ്ഞത് ആൾക്ക് അത്ര ഇഷ്ടായില്ല. ഇഷ്ടക്കേട് പ്രകടിപ്പിച്ച് പരുങ്ങി നിൽക്കെ പുറകിലിരുന്ന ആരോ പുസ്തകം തുറന്നു നോക്കി കുറുക്കന്റെ ഛായ ഉള്ള ഒരു ചിത്രം കാണിച്ച് കോയോട്ട് (coyot) എന്ന് പറഞ്ഞു കൊടുത്തു. അരികും മൂലയും മാത്രം കേട്ട ഔസേപ്പ് മിന്നാരത്തിലെ മണിയൻ പിള്ള രാജു പറയുന്ന പോലെ ഉറക്കെ പറഞ്ഞു..

കോയാത്തി! കോയാത്തി!

ക്ലാസിലെ ഏറ്റവും തല്ലിപ്പൊളിയും സമരം വല്ലതും വന്നാൽ ക്ലാസ് ലീഡറിന്റെ വിവേചനാധികാരം ഉപയോഗിച്ച് ആദ്യം ഇറങ്ങുന്നവനുമായ ഔസേപ്പിന്റെ അഭിനയം രാധ ടീച്ചറിന്റെ കണ്ണ് നനയിച്ചു. ക്ലാസിൽ വന്ന ഉടനെ ടീച്ചർ ഔസേപ്പിനെ അടുത്തേക്ക് വിളിച്ചു.

ഔസേപ്പ്..ഇധർ ആവോ...

ഔസേപ്പ് അടുത്തേക്ക് ചെന്നു. ടീച്ചർ ഔസേപ്പിന്റെ തോളിൽ തട്ടി പ്രോത്സാഹനത്തോടെ പറഞ്ഞു..

ഔസേപ്പ്... ആജ് സോംവാർ ഹേ... ഛാത്രോം സേ രച്നാ പുസ്തകോം കോ സങ്കലൻ കർകെ യഹാം ലായിയെ...

പൊട്ടൻ ബിസ്കറ്റ് കണ്ടപോലെ മിഴിച്ചു നിൽക്കുന്ന ഔസേപ്പിനെ മുൻ നിരയിൽ ഇരുന്നിരുന്ന ആരോ രചനാ പുസ്തകം ഉയർത്തിക്കാട്ടി രക്ഷിച്ചു.

ഔസേപ്പ് എല്ലാവരും കേൾക്കെ ഹിന്ദി ക്ലാസ് ആണെന്ന കാര്യം മറന്ന് ഉറക്കെ രചനാ പുസ്തകം തരാൻ ശുദ്ധ മലയാളത്തിൽ ആഹ്വാനം ചെയ്തു.

ആഹ്വാനം തീരും മുൻപേ ചന്തിയിൽ ഒരടി വീണു. കൂട്ടത്തിൽ ഒരു ആക്രോശവും!

ഹിന്ദി മേം ബാത് കരോ...

ഔസേപ്പ് ചന്തി തടവിക്കൊണ്ട് ഒരു നിമിഷം ആലോചിച്ചു...

പിന്നെ സകലമാന ഹിന്ദി ദൈവങ്ങളെയും മനസ്സിൽ ധ്യാനിച്ച് ഒരൊറ്റ കീച്ച് കീച്ചി!

അച്ഛാ അച്ഛാ... രചനാ പുസ്തക് യഹാം കമത്തി കരോ... ജൽദി ആവോ..

ഇപ്പൊ ഔസേപ്പ് എവിടെയാണോ എന്തോ...

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!



# മണൽച്ചിപ്പികൾ

കവിത



ആര്യ ഗോപി

**ക**രിങ്കണ്ണുതട്ടി
ചിതറുന്ന വാക്കേ
പെരും ചീളുകൊണ്ടെൻ
വഴിക്കണ്ണുടഞ്ഞേ.

നിണം തൊട്ട വാക്കിൻ
പൊരുൾ കണ്ട നാളിൽ
നിനക്കോർമ്മയുണ്ടോ
നിരാലംബ ജൻമം?

നുകം കെട്ടിയോടും
ദുരാഗ്രഹക്കാലം
വഴിക്കെത്ര ചക്രം
വലിക്കുന്നു നിത്യം.

സ്വരം താഴ്ത്തിയാരോ
വിളിക്കുന്നു ദൂരെ
മരുപ്പച്ചയാവാം
മഴത്തുള്ളിയാവാം.

കടിച്ചൂറ്റുവാനായ്
മുഴുഭ്രാന്തരാവാം
പകച്ചോടിയെത്തും
മൃഗക്കൂട്ടമാവാം.

എനിക്കെന്റെ വാക്കിൻ
കരൾചോപ്പു തായോ
ഇരുട്ടിന്റെ ദിക്കിൽ
ജ്വലിച്ചൊന്നുദിക്കാൻ.

ബലിക്കാക്കയല്ലെ-
ന്നരിപ്രാക്കൾ വന്നീ
കടൽത്തീര സന്ധ്യയ്-
ക്കെടുക്കട്ടെയന്നം.

കുളിപ്പിച്ചെടുക്കും
മണൽചിപ്പിതോറും
പിടയ്ക്കുന്ന കണ്ണിൻ
കതിർമുത്തു തായോ!

# വീട്ടിലേക്കുള്ള വഴി



പ്രഫ. ബാബു തോമസ് പൂഴിക്കുന്നേൽ

ഭയപ്പെടുത്തുന്ന രൂപമുള്ള ജെസിബിയുടെ വിരൂപമായ യന്ത്രക്കൈ തന്റെ തറവാട്ടുവീടിന്റെ ചുമരുകൾ മാന്തിപ്പറിക്കുന്നത് കുഞ്ഞുമോൻ വേദനയോടെ നോക്കിനിന്നു. ഉണങ്ങിപ്പോയ ചാമ്പമരത്തിൽ പിടിച്ചുകൊണ്ട് തന്റെ തറവാട് വീട് പൊളിഞ്ഞു വീഴുന്നത് കാണുമ്പോൾ കുഞ്ഞുമോന്റെ മനസ്സിൽ നാല്പത് കൊല്ലം മുമ്പ് താൻ യാത്രപറഞ്ഞിറങ്ങിപ്പോയ ആ ഭവനത്തോടും ഓടിക്കളിച്ച വിസ്തൃതമായ പറമ്പുകളോടും തോന്നുന്ന ആത്മബന്ധത്തിന്റെ നൊമ്പരപ്പൂക്കൾ ഓരോന്നായി വിടരുകയായി. അഞ്ചു തലമുറകളിലെ കാരണവന്മാരും മാതാപിതാക്കളും ജനിച്ചുവളർന്ന് ഒട്ടേറെ ഓർമ്മകൾ പങ്കുവെച്ചുപോയ കുരീക്കാട്ട് പറമ്പിൽ വീട്. മുന്നൂറു വർഷത്തിലേറെക്കാലത്തെ സ്മരണകളിരമ്പുന്ന തറവാട്. പ്രതാപിയായ കുരീക്കാട്ട് പറമ്പിലെ മാണി അപ്പച്ചൻ പണിയിച്ച അറയും നിരയുമുള്ള അക്കാലത്തെ മാളികവീട്. അവിടെനിന്ന് പിരിഞ്ഞുപോയ മക്കളും കൊച്ചുമക്കളുമൊക്കെ 'വലിയ വീട്ടിലെ' ഓർമ്മകൾ ഇന്നും പങ്കുവെക്കുന്നുണ്ട്. മീനച്ചിലാറിന്റെ തീരം മുതൽ വടക്കോട്ട് നീണ്ടുപരന്നു കിടക്കുന്ന രണ്ട് കിലോമീറ്റർ ചുറ്റളവിലുള്ള കരഭൂമിയും പാടശേഖരങ്ങളും തോടുകളും കുളങ്ങളുമുള്ള വിസ്തൃതമായ കൃഷിയിടങ്ങളുടെ ഉടമ. കൃഷിയിൽ സഹായിക്കാനായി കർഷകതൊഴിലാളികളായ അടിയാന്മാരുടെ സംഘത്തെ പല തുരുത്തുകളിൽ താമസിപ്പിച്ചിരിക്കുന്നു. മാണിയപ്പൂപ്പനും ചാച്ചിയമ്മൂമ്മയും നാൾഫലമായിപ്പോലും അപൂർവ്വ പൊരുത്തമുള്ള ദമ്പതികളായിരുന്നു. അഞ്ച് ആൺമക്കളും നാല് പെൺമക്കളും അടങ്ങുന്ന സന്താനസൗഭാഗ്യത്താൽ അനുഗ്രഹിക്കപ്പെട്ട ദമ്പതികൾ. ആറടിയിലധികം ഉയരവും ആജാനബാഹുക്കളുമായ അഞ്ച് ആൺമക്കളുടെ നിരന്നുള്ള നില്പ് ആ കരക്കാർക്കു തന്നെ ആദരവുള്ള ഒരു കാഴ്ചയായിരുന്നു. കുതിരപ്പുറത്ത് സഞ്ചരിച്ചിരുന്ന മാണി അപ്പൂപ്പൻ ഈ കരയിലെ മുടിചൂടാമന്നൻ. എന്റെ വല്യപ്പന്റെ അപ്പനായ മാണിയപ്പൂപ്പൻ ഇന്നുണ്ടായിരുന്നെങ്കിൽ എത്ര വയസ്സുണ്ടാകുമായിരുന്നു. കുഞ്ഞുമോൻ ആലോചിച്ചു. 300 വയസ്സിനടുത്ത് കാണുമായിരുന്നിരിക്കാം. ആ വല്യപ്പൂപ്പന്റെയും അമ്മൂമ്മയുടെയും കുഞ്ഞുമക്കൾ ഇന്ന് ഏതെല്ലാം രാജ്യങ്ങളിലാണ് താമസിക്കുന്നത്. ചിന്തകളുടെ ചക്രവാളങ്ങൾ നിറഞ്ഞ മനസ്സോടെ കുഞ്ഞുമോൻ അവിടെ പൊളിഞ്ഞു വീഴുന്ന തറവാട് വീടിനെ നോക്കിനിന്നു.

നടന്നുനടന്ന് കന്നുകാലിക്കൂടിരിക്കുന്ന ഭാഗത്തേയ്ക്ക് അടുത്തുചെന്നു. വിശാലമായ തൊഴുത്ത്. ഇവിടെ എത്രയോ പശുക്കളെയും കാളകളെയും വളർത്തിയിരുന്ന ഇടമായിരുന്നു. ട്രാക്ടർ ഇല്ലായിരുന്ന ആ കാലത്ത് കാളകളെ പൂട്ടിയാണ് നിലം ഉഴുതിരുന്നത്. തൊഴുത്തിയെിട്ടിരിക്കുന്നു. തുരുമ്പു പിടിച്ച ഇരുമ്പായുധങ്ങളുടെ ശേഖരം. എന്റെ ബാല്യകാലത്തും ഈ തൊഴുത്തിൽ പശുക്കളുണ്ടായിരുന്നു. തൊഴുത്തും ചാണകക്കുഴിയും കൃഷിക്കാരന്റെ അവിഭാജ്യ ഘടകങ്ങളായിരുന്നു. രാവിലെ പശുക്കളെ കറന്ന് പാലെടുത്ത് എല്ലാവരും കാപ്പി കുടിക്കുന്ന രംഗം. പശുവിനെ കറക്കാനും കാപ്പിയുണ്ടാക്കാനും എല്ലാം അപ്പച്ചൻ തന്നെയാണ് നേതൃത്വം കൊടുക്കുന്നത്. അമ്മ ഒരു സഹകാരിയായി അങ്ങനെ നില്ക്കും. അന്ന് വീട്ടിലെത്തുന്നവർക്കെല്ലാം ഒരുപാത്രം കാപ്പി സാധാരണമായിരുന്നു. കോളജ് വിദ്യാഭ്യാസം കഴിഞ്ഞ് ഞാൻ വീട്ടിൽ വെറുതെ നില്ക്കുന്ന കാലം. ചേട്ടന്മാരൊക്കെ ജോലിക്കായി ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് കുടിയേറിയ സമയം. ഏഡൻ, സാംബിയ തുടങ്ങിയ രാജ്യങ്ങളിലേക്കായിരുന്നു അന്നത്തെ കുടിയേറ്റം. വാർദ്ധക്യത്തിൽ എത്തിയ അപ്പച്ചനും അമ്മച്ചിക്കും താനാണ് സഹായി. രാവിലെ കാപ്പികുടി കഴിഞ്ഞ് പത്രം വായിച്ചുകൊണ്ടിരിക്കുമ്പോൾ അപ്പച്ചൻ ഉറക്കെ ചോദിക്കും: "പശുക്കളെ ഇറക്കി കെട്ടിയോടാ?" താൻ മിണ്ടാതെ നില്ക്കുമ്പോൾ അപ്പച്ചൻ ആക്രോശിക്കും: "പശുക്കളെ ഇറക്കി കെട്ടിയിട്ട് ചാണകം വാരി തൊഴുത്ത് വൃത്തിയാക്കിയിട്ട് വാടാ." മനസ്സില്ലാ മനസ്സോടെ താൻ പോയി പശുക്കളെ പടിഞ്ഞാറേ പറമ്പിലേക്ക് ഇറക്കിക്കെട്ടും. ചാണകം വാരി തൊഴുത്ത് വൃത്തിയാക്കി വീടിന്റെ പിന്നാമ്പുറത്തിരുന്ന് വീണ്ടും പത്രവായന തുടരും. രാവിലത്തെ ഒരു മയക്കം കഴിഞ്ഞ് ഉച്ചയ്ക്ക് ഊണിനു മുൻപായി അപ്പച്ചൻ മുറ്റത്തൂടെ ഒരു നടപ്പുണ്ട്. എന്നെ കാണുമ്പോൾ ഉടനെ ഒരു ചോദ്യമാണ്: "പശുക്കളെ മാറ്റിക്കെട്ടിയോടാ?" മനസ്സില്ലാ മനസ്സോടെ ഞാൻ വീണ്ടും പോയി പശുക്കളെ മാറ്റിക്കെട്ടിയിട്ട് ഊണും കഴിഞ്ഞ് പതുക്കെയൊന്നു മയങ്ങാൻ കിടക്കും. മൂന്നുമണി ആകുമ്പോൾ അപ്പച്ചന്റെ അടുത്ത ചോദ്യം കേൾക്കാം. "കുഞ്ഞുമോനെ പശുക്കളെ കേറ്റിക്കെട്ടെടാ. എന്നിട്ട് വന്ന് കാപ്പി കുടിക്ക്." ചേട്ടന്മാർ അവധിക്കു വരുമ്പോൾ പശുക്കളുമായുള്ള എന്റെ മൽപ്പിടിത്തം കണ്ടിട്ട് പൊട്ടിച്ചിരിച്ചുകൊണ്ട് പറയും: "ഇറക്കിക്കെട്ടും മാറ്റികെട്ടും കയറ്റിക്കെട്ടും മടുത്തിട്ടാണ് ഞങ്ങൾ ആഫ്രിക്കയ്ക്ക് പോയത്. നീയും എവിടെയെങ്കിലും പോയി രക്ഷപ്പെടാൻ നോക്ക്." പ്രായത്തിൽ തന്നെക്കാൾ വളരെ വ്യത്യാസമുള്ള അവരെ നോക്കി കുഞ്ഞുമോൻ ദയനീയമായി ചിരിച്ചുകൊണ്ട് മനസ്സിൽ പറയും: "ഇങ്ങനെ പറയുന്നതല്ലാതെ നിങ്ങളാരും എന്നെക്കൊണ്ടു പോയി രക്ഷപ്പെടുത്തുന്നില്ലല്ലോ."

വീണ്ടും നടന്ന് കുഞ്ഞുമോൻ തൊഴുത്തിനു പിറകിലുള്ള തെങ്ങിൻ ചുവട്ടിലെത്തി. നിറയെ കായ്ഫലമുണ്ടായിരുന്ന തെങ്ങ് ഇപ്പോൾ കൊന്നത്തെങ്ങായി നില്ക്കുന്നു. പള്ളിയിൽ വൈകുന്നേരങ്ങളിൽ ബാറ്റ് കളിക്കാൻ പോയിരുന്ന കാര്യം കുഞ്ഞുമോൻ ഓർത്തു. ചെറുപ്പക്കാരനായ വാഴേലച്ചൻ വികാരിയായി വന്നതുമുതലാണ് പള്ളിയിൽ ഷട്ടിലുകളി ആരംഭിച്ചത്. ചേട്ടന്മാരിൽ നിന്നൊക്കെ കിട്ടിയ പോക്കറ്റ്മണി ഉപയോഗിച്ച് താനും ഒരു ബാറ്റ് വാങ്ങിച്ചു. മിക്കവാറും എല്ലാ സായാഹ്നങ്ങളിലും സമപ്രായക്കാരായ കൂട്ടുകാർ ഒത്തുകൂടി സന്ധ്യ ആകുന്നതു വരെ ബാറ്റ് കളിക്കും. രസികനായ വാഴേലച്ചനും ഞങ്ങളുടെ കൂടെ കളിക്കാൻ കൂടും. ഞങ്ങളെയെല്ലാം വാഴേലച്ചൻ ഗായകസംഘത്തിൽ ചേർത്ത് പാട്ടുകാരാക്കി. ഹാർമോണിയത്തിൽ അല്പം പരിശീലനം നേടിയിരുന്നതുകൊണ്ട് താൻ ഗായകസംഘത്തിന്റെ മുഖ്യ ഘടകമായി മാറി.

നെല്ലുകുത്തിക്കാൻ കൂടെപ്പോകണമെന്ന കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് അപ്പച്ചനും അമ്മയും ഒരു കല്യാണത്തിന് പോയകാര്യം കുഞ്ഞുമോൻ ഓർത്തു. നെല്ലുകുത്തിക്കാൻ ആളു വന്നതുമില്ല, താനൊട്ട് പോയതുമില്ല. വൈകുന്നേരം പണിക്കാരിയായ കുഞ്ഞിക്കായെ വീട് ഏല്പിച്ച് താൻ പതിവുപോലെ ബാറ്റുമായി കളിക്കാൻ പോയി. കളി കഴിഞ്ഞു വരുമ്പോൾ മുറ്റത്ത് കലിതുള്ളി നില്ക്കുന്ന അപ്പച്ചനെയാണ് കണ്ടത്. "കുരുത്തംകെട്ടവനെ, അനുസരണയില്ലാത്തവനേ, നിന്റെ ബാറ്റ്കളി ഇന്നു ഞാൻ നിർത്തും." ഒന്നും വിശദീകരിക്കാനാകുന്നതിനു മുമ്പുതന്നെ അപ്പച്ചൻ ബാറ്റ് വാങ്ങി ചവിട്ടി ഒടിച്ചു. ഈ തെങ്ങിൻ ചുവട്ടിലാണ് ആ ബാറ്റിന്റെ മുറിക്കഷണങ്ങൾ കൊണ്ടിട്ടത്. അത്താഴം പോലും കഴിക്കാതെ താൻ ആ ഇരുട്ടിൽ തെങ്ങിൻ ചുവട്ടിൽ കുത്തിയിരുന്ന കാര്യം കുഞ്ഞുമോൻ ഓർത്തു. പിന്നെ അമ്മ വന്ന് കെട്ടിപ്പിടിച്ച് "നിനക്ക് ഞാനൊരു ബാറ്റ് വാങ്ങിത്തരാം" എന്നു പറഞ്ഞ് അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ഈ തെങ്ങ് കാണുമ്പോഴൊക്കെ മഞ്ഞ നിറത്തിലുള്ള ആ ബാറ്റിന്റെ ഓർമ്മ എന്നെ വേട്ടയാടുന്നു. തെങ്ങിൻചുവട്ടിനപ്പുറത്തുള്ള പുൽമേട്ടിൽ ചീട്ടുകളിച്ചിരുന്ന നാൽവർ സംഘത്തേയും കുഞ്ഞുമോൻ ഓർത്തു. സിബി, റോയ്, മാത്യു, മോൻ... ഇവരൊക്കെ പലവഴിക്ക് പിരിഞ്ഞുപോയിരിക്കുന്നു.

പറമ്പിന്റെ കിഴക്കുവശത്ത് പരന്നു കിടക്കുന്ന കൃഷിയില്ലാത്ത വയലുകളിലാണ് ഞങ്ങൾ പണ്ട് ക്രിക്കറ്റ് കളിച്ചിരുന്നത്. ബാറ്റിനു പകരം ആദ്യം കവളൻ മടലാണ് ഉപയോഗിച്ചിരുന്നതെങ്കിലും പിന്നീട് ഞങ്ങൾ പിരിവെടുത്ത് ഒരു ബാറ്റ് വാങ്ങി. ആ കൂട്ടുകാരും ഇപ്പോൾ പലയിടങ്ങളിലായി ചിതറിപ്പോയിരിക്കുന്നു. അനുപമ തിയേറ്ററിലെ സിനിമകൾ... (ശേഷം 28-ാം പേജിൽ)

## ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ പിവൈപിഎ കൺവൻഷൻ ഹൂസ്റ്റണിൽ

ഫിന്നി രാജു, ഹൂസ്റ്റൺ




ഹൂസ്റ്റൺ: ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ പിവൈപിഎ കൺവൻഷൻ 2025 ഓഗസ്റ്റ് 30 മുതൽ 31 വരെ ഹൂസ്റ്റണിലെ ഐപിസി ഹെബ്രോൻ സഭയിൽ നടക്കും. പാസ്റ്റർ ബ്ലിസ്സ് വർഗീസ് (ന്യൂയോർക്ക്) പ്രസംഗിക്കും. ശനിയാഴ്ച രാവിലെ 9 മുതൽ താലന്ത് പരിശോധനയും ബാഡ്മിന്റൺ ടൂർണമെന്റും നടക്കും. ടൂർണമെന്റിൽ വിജയിക്ക് 500 ഡോളറും റണ്ണർ അപ്പിന് 250 ഡോളറും സമ്മാനമായി നല്കും. രജിസ്ട്രേഷൻ ഫീസ് 100 ഡോളറാണ്. വൈകിട്ട് 6.30-നാണ് പൊതുയോഗം. കൺവൻഷൻ ഞായറാഴ്ച രാവിലെ 9-ന് ആരംഭിക്കുന്ന ആരാധനയോടെ സമാപിക്കും.

ഐപിസിയുടെ ഉത്തര അമേരിക്കയിലെ ഏറ്റവും വലിയ റീജിയനുകളിൽ ഒന്നായ മിഡ്‌വെസ്റ്റ് റീജിയൻ ഡാളസ്, ഒക്കലഹോമ, ഹൂസ്റ്റൺ, സാൻ അന്റോണിയോ, ഓസ്റ്റിൻ എന്നീ പട്ടണങ്ങളിലായി വ്യാപിച്ച 25 സഭകളുടെ ഐക്യകൂട്ടായ്മയാണ്.

കൺവൻഷൻ വിജയകരമായി നടത്തുവാൻ ഷോണി തോമസ് (പ്രസിഡണ്ട്), വെസ്ലി ആലുംമൂട്ടിൽ (വൈസ് പ്രസിഡണ്ട്), അലൻ ജെയിംസ് (സെക്രട്ടറി), വിന്നി ഫിലിപ്പ് (ജോ. സെക്രട്ടറി), റോഷൻ വർഗീസ് (ട്രഷറർ), ജെസ്വിൻ ജെയിംസ് (ടാലന്റ് കോ-ഓർഡിനേറ്റർ), ജസ്റ്റിൻ ജോൺ (സ്പോർട്സ് കോ-ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: (972) 814-1213-ഷോണി തോമസ്, (832) 352-3787-അലൻ ജെയിംസ്.

## റൂഫസ് ഡിസൂസക്ക് അമേരിക്കൻ പ്രവാസികളുടെ ആദരവ്



ഫുട്ബോൾ, ഹോക്കി പരിശീലകൻ റൂഫസ് ഡിസൂസക്ക് മുൻ കേന്ദ്രമന്ത്രി പ്രഫ. കെ.വി. തോമസ്, തോമസ് തോമസ് പാലത്തറ, സാബു എഡ്‌വേർഡ് എന്നിവർ ചേർന്ന് ഉപഹാരം സമർപ്പിക്കുന്നു.

ഫോർട്ടുകൊച്ചി: നവതിയുടെ നിറവിലും കഴിഞ്ഞ 55 വർഷങ്ങളായി ഫുട്ബോൾ, ഹോക്കി പരിശീലന രംഗത്തുള്ള റൂഫസ് ഡിസൂസക്ക് അമേരിക്കൻ പ്രവാസികൾ ആദരവ് നല്കി. ഫോർട്ടുകൊച്ചി സിറിൾസ് ഹാളിൽ നടന്ന അനുമോദന സമ്മേളനം മുൻ കേന്ദ്രമന്ത്രി പ്രഫ. കെ.വി. തോമസ് ഉദ്ഘാടനം ചെയ്തു. തോമസ് തോമസ് പാലത്തറ അദ്ധ്യക്ഷത വഹിച്ചു. സാബു എഡ്‌വേർഡ് മുഖ്യപ്രഭാഷണം നിർവഹിച്ചു. നഗരസഭ വിദ്യാഭ്യാസ-കായിക സ്ഥിരം സമിതി അദ്ധ്യക്ഷൻ വി.എ. ശ്രീജിത്ത്, മെട്രോപോളിറ്റൻ വികസന സമിതി അദ്ധ്യക്ഷൻ ബെന്നി ഫെർണാണ്ടസ്, കൗൺസിലർ ഷീബ ലാൽ, മുൻ മേയർ കെ.ജെ. സോഹൻ, ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, അഗസ്റ്റസ് സിറിൾ, പ്രഫ. പി.എ. ജെറാൾഡ്, ഡബ്ല്യു.സി തോമസ് എന്നിവർ സംസാരിച്ചു. പി.എസ്. വിപിൻകുമാർ പള്ളുരുത്തി സ്വാഗതവും എം.എം. സലിം നന്ദിയും പറഞ്ഞു.

# നിർമ്മിത ബുദ്ധിയുടെ കടന്നുകയറ്റത്തെക്കുറിച്ച് ഫൊക്കാന മീഡിയ സെമിനാറിൽ വേറിട്ട ചർച്ച

ഫൊക്കാനയുടെ കേരള കൺവൻഷനോട് അനുബന്ധമായി നടന്ന മാധ്യമ സെമിനാർ കേരള ചീഫ് വിപ്പ് എൻ. ജയരാജ് ഉദ്ഘാടനം ചെയ്തു. രാഷ്ട്രീയക്കാരൻ ആയിരുന്നില്ലെങ്കിൽ താൻ ഒരു മാധ്യമപ്രവർത്തകൻ ആകുമായിരുന്നെന്ന് ജയരാജൻ എംഎൽഎ സദസ്സിനോട് പറഞ്ഞു. അമേരിക്കൻ മാധ്യമങ്ങളും മലയാള മാധ്യമങ്ങളും നിർമ്മിത ബുദ്ധിയുടെ ഈ കാലഘട്ടത്തിൽ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് സെമിനാറിൽ

**ശ്രീകുമാർ ഉണ്ണിത്താൻ**

പങ്കെടുത്ത ഫാ. മൈക്കിൾ വെട്ടിക്കാട്ട് (ദീപിക), പി.പി. ജെയിംസ്, അനിൽ അടൂർ (ഏഷ്യാനെറ്റ് ന്യൂസ്), ശരത് ചന്ദ്രൻ (കൈരളി), ജെയ്സൺ ജോസഫ് (വീക്ഷണം), ബൈജു കൊട്ടാരക്കര (ചാനൽ 24), റോമി മാത്യു (മനോരമ), പ്രമേഷ് കുമാർ (മാതൃഭൂമി), ജോർജ് ജോസഫ് (ഇ-മലയാളി) തുടങ്ങിയവർ തങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കി. ക്രിസ്റ്റീന ചെറിയാൻ (24 ന്യൂസ്) എംസിയായിരുന്നു.

ഫൊക്കാനയുടെ പ്രഥമ ട്രഷറർ തോമസ് തോമസ് ഏവരെയും സ്വാഗതം ചെയ്തു. പ്രസിഡണ്ട് സജിമോൻ ആന്റണി അദ്ധ്യക്ഷത വഹിച്ചു. പത്രമാധ്യമങ്ങൾ വായിക്കും മുൻപ് ട്രൂത്ത് സോഷ്യൽ നോക്കുന്നതാണ് അമേരിക്കയിലെ ഇപ്പോഴത്തെ സ്ഥിതിയെന്നും ട്രംപ് എല്ലാ കാര്യങ്ങളും ഇതിലൂടെ അറിയിക്കുന്നത് പ്രസ്തുത പ്ലാറ്റ്ഫോമിന്റെ പ്രചാരം വർദ്ധിപ്പിച്ചതായും ക്രിസ്റ്റീന ആമുഖത്തിൽ പറഞ്ഞു. മാധ്യമങ്ങളിലേക്ക് ഒരു ഭരണാധികാരി കടന്നുവരുമ്പോൾ അതിനെ ഏതു രീതിയിൽ കാണണമെന്ന ചോദ്യവും അവർ മുന്നോട്ടുവെച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മാധ്യമപ്രവർത്തനത്തെ അമേരിക്കയിലായാലും കേരളത്തിലായാലും അടിമുടി മാറ്റുമെന്ന അഭിപ്രായവും ശക്തമായി ഉയർന്നു. ക്രിസ്തീയ സഭ തുടക്കം കുറിച്ച പത്രമാണെങ്കിലും സെക്കുലർ മുഖം കാത്തുസൂക്ഷിക്കാൻ ദീപിക ഇന്നും ശ്രമിക്കുന്നതായി ദീപികയുടെ എംഡിയായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് പറഞ്ഞു. നേരായ വാർത്ത വിശദമായി അറിയാൻ കേരളത്തിൽ പ്രിന്റ് മീഡിയയെ ഇന്നും ആശ്രയിക്കുന്നത് നല്ല ലക്ഷണമായി ഫാദർ ചൂണ്ടിക്കാട്ടി. ഏത് വ്യാവസായിക പ്രേരണ ഉണ്ടായാലും മാധ്യമങ്ങൾ അതിന്റെ നിലപാടിൽ നിന്ന് മാറരുതെന്നും ഓർമ്മിപ്പിച്ചു. സർക്കാരിനെ വിമർശിച്ചാൽ രാജ്യദ്രോഹക്കുറ്റം ചുമത്തുന്ന ഒരവസ്ഥ ഇന്ത്യയിലുണ്ടെന്നും ജനാധിപത്യ രാജ്യത്ത് അത് അഭികാമ്യമല്ലെന്നും റോമി മാത്യു വിലയിരുത്തി. മാധ്യമങ്ങൾ നേരിടുന്ന സാമ്പത്തിക വെല്ലുവിളികളിലേക്കും സമൂഹമാധ്യമങ്ങളിലൂടെയുള്ള ആക്രമണങ്ങളിലേക്കും അദ്ദേഹം വിരൽചൂണ്ടി. അമേരിക്കയിൽ പ്രധാനമായുമുള്ള രണ്ട് രാഷ്ട്രീയ പാർട്ടികളെ നേരിട്ടാൽ മതിയെന്നും കേരളത്തിൽ മത സാമുദായിക സംഘടനകളെയും നേരിടണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അമേരിക്കയിൽ ഭരണഘടന മാധ്യമസ്വാതന്ത്ര്യം നല്കുമ്പോൾ പൗരന്റെ മൗലികാവകാശങ്ങളിലൂടെ ഫ്രീഡം ഓഫ് സ്പീച്ച് ഉള്ള രാജ്യമാണ് ഇന്ത്യ എന്നും അതിന് അതിന്റേതായ മെച്ചവും പരിമിതികളുമുണ്ടെന്ന് പ്രമേഷ് കുമാർ വിലയിരുത്തി. മാധ്യമങ്ങളിലെ മാറ്റം ആഗോള പ്രതിഭാസമാണെന്നും കൂട്ടിച്ചേർത്തു. 'നമ്മൾ തമ്മിൽ' പോലെ ഗിന്നസ് റെക്കാർഡുള്ള പരിപാടി സംവിധാനം ചെയ്തതിന്റെയും യുക്രെയ്ൻ യുദ്ധമുഖത്തു പോയി വാർത്ത റിപ്പോർട്ട് ചെയ്തതിന്റെയും അനുഭവം ബൈജു കൊട്ടാരക്കര പങ്കുവെച്ചു. സമൂഹത്തിനു നേർക്കു പിടിക്കുന്ന കണ്ണാടി പോലെയായിരിക്കണം മാധ്യമങ്ങളെന്നും അഭിപ്രായപ്പെട്ടു. വിമർശനങ്ങൾ വസ്തുത അറിഞ്ഞു മാത്രമേ ആകാവൂ എന്ന് ശരത് ചന്ദ്രൻ പറഞ്ഞു. ചൂരൽമലയിൽ സർക്കാർ നിർമ്മിച്ചു നല്കിയ വീടുകളെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ചതിനെ അദ്ദേഹം കുറ്റപ്പെടുത്തി. കേരളത്തെ കേരളമായി നിലനിർത്തുന്നതിൽ ഇവിടെയുള്ള ഒരുകൂട്ടം മാധ്യമങ്ങൾ വലിയ പങ്ക് വഹിക്കുന്നതായി കൂട്ടിച്ചേർത്തു. ആളുകളുടെ ശ്രദ്ധ പിടിച്ചുനിർത്താൻ പ്രയാസമുള്ള പുതുയുഗ സാഹചര്യത്തിൽ ദൈർഘ്യമേറിയ ലേഖനങ്ങൾക്ക് സ്ഥാനമുണ്ടോ എന്ന സംശയവും അദ്ദേഹം പങ്കുവെച്ചു. അമേരിക്കയിലെ പ്രമുഖ മാധ്യമങ്ങൾ ഇന്നും 4000 വാക്കുകളുടെ ലേഖനങ്ങൾ എഴുതുമ്പോൾ ചെറുലേഖനങ്ങൾക്കാണ് മലയാള മാധ്യമങ്ങൾ സാധ്യത കാണുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
















# NUN'S ARREST AND DETENTION: A WAKEUP CALL FOR CHRISTIAN LEADERSHIP

**George Abraham**

After a chorus of protests and pleas, two nuns from Kerala are granted bail in Chhattisgarh, and some in Kerala's Christian leadership celebrate it as if they have achieved a miraculous breakthrough with the BJP governments in charge at both the state and central levels. The truth of the matter is, these fabricated charges are still pending, and a trial could be set anytime soon. Nevertheless, this whole exercise gives the Christian church a chance to take a fresh look in the mirror and see whether they are truly following their mission with integrity and honor.

There have been century-old debates that divided the Church in India on denominational lines, with deep-rooted disagreement on some theological terms. However, for a member of the Bajarang Dal in North India, the youth wing of the RSS, there are no differences between Catholics or Pentecostals. Still, they view them as Christians who are about to convert their family and friends to a 'foreign religion'. To them, it matters little whether those folks decided on their own through the hearing of the word directly from someone or by getting convinced of their faith online. Moreover, they do not respect the provision of the constitution that guarantees every citizen the freedom to choose to believe or not to believe in any religious philosophy.

The Church in Kerala has been too complacent about what has been happening to the body politic in India. They felt insular at home, which has very little or no history of government-led persecution of minorities or harassment of their mission work. Although Modi's ascendance to power drastically altered the fate of the Christians in North India, especially in Tribal lands, Kerala Christians failed to see the impending danger.

In 2024 alone, there were over 800 attacks on Christians or Christian Institutions across India. There are stories of Pastors who are killed, worship places invaded, churches vandalized or completely burned down, religious leaders being arrested and incarcerated in jail, a litany of human rights violations right on our face. In Manipur alone, over 240 churches were burned down, and the city of Imphal was ethnically cleansed of Kukis, who are mostly Christians. Although Hindu extremists were behind the plotting and the carnage, the BJP government successfully created an image of tribal conflict, camouflaging the real intent behind the mayhem.

Through it all, the Christian church leaders remained mum, occasionally expressing their displeasure through carefully crafted words that do not offend anyone. They appear to be more interested in protecting their institutional interests rather than standing up for truth and justice. Many of them would hobnob with the BJP's top brass on occasion, like Christmas, and wouldn't utter a word displeasing their hosts. It never bothered them that the Prime Minister never visited Manipur, but rather globe-trotting around the world talking about 'Sanatana Dharma'.

When the Prime Minister renamed Good Friday and Easter as working days for central government employees and renamed them as 'Good Governance Day', there was hardly any outcry. Christian leaders still didn't get it, the mere fact that the rug was being pulled right under their feet. When Stan Swamy was denied a straw for his inability to drink directly from a cup due to Parkinson's disease, they couldn't comprehend that this was an onslaught that had become a regular feature of their foundational faith. Either they were incoherent or hiding in open space, disgracing themselves.

Violations of fundamental rights of the Christians have been on the rise along with the ascendance of the Hindutva right, which powers RSS and its subsidiary organizations like Viswa Hindu Parishad and Bajrang Dal. In the early 2000s, coinciding with the arrival of Narendra Modi as the Chief Minister of Gujarat, there was a sharp escalation of attacks on Churches, prayer halls, and Christian homes around Christmas. In the Dang district, primarily a tribal area, at least 20 churches were destroyed, and Christian tribals were assaulted and pressured to renounce their faith. Although overt violence has subsided in the area, surveillance, harassment, and social pressure on Christians continued. This Gujarat model seemed to have followed him to Delhi when he was sworn in as the Prime Minister and has become a pan-India strategy for Christians.



George Abraham

As Modi commences his administrative duty in Delhi, just as it happened in Gujarat, there was a series of attacks on churches in Delhi that occurred primarily between 2014 and February 2015, triggering national and international concern about the safety and well-being of religious minorities in India. The largest and prominent attack happened at the St. Sebastian Church in Dilshad Gardens on December 1, and the church was gutted by fire. On January 3, 2015, the Church of Resurrection in Rohini was vandalized, and the decorations were damaged. Our Lady of Church in Vikaspuri, St. Alphonso's church in Vasant Kunj, and the Holy Child Auxilium School in Vasant Vihar also suffered the same fate. It is inconceivable that these incidents could occur in isolation, right under the noses of national security agencies and law enforcement authorities within the heavily guarded capital of the nation!

By now, we are all familiar with the Manipur story. Those attacks appeared to have been premeditated and well-planned. In the valley, the reports indicate the precision pinpointing of minority houses that were selected and burnt. The Hindu militants, who mainly belong to ArambaiTenngol and Meitei Leepun, appeared to have the tacit support of the Police and the law enforcement authorities. Therefore, the theory promoted by vested interests that there is hardly any religious angle to the whole unrest is quite suspect. BJP has long been critical of the Northeastern states and blamed foreigners, especially missionaries, for their separatist tendencies. This is a payback and part of a well-orchestrated BJP effort to remake the Northeast to their liking.

Why is the BJP engaged in such polarizing and punishing enterprises instead of focusing on nation-building and social and economic progress? The simple answer is their deep-seated commitment to the RSS ideology. Narendra Modi was an RSS Pracharak before he was tapped to become the Gujarat CM. RSS is the ideological backbone of the BJP's anti-minority Project that is deeply rooted in Hindutva's cultural and nationalistic Project manifested in political symbolism, policy, and narrative framing. It also underpins campaigns of cultural policing and community coercion, mostly directed at Christians and Muslims.

Their so-called Project is guided by their spiritual mentor and theoretician, M.S. Golwalker, also known as Guruji. He wrote in his 1939 tract (Our Nationhood Defined) about Christians and other Semitic minorities. Golwalkar argued that religion is central to nationhood, placing Hinduism at the core. He rejected secular or territorial nationalism in favor of a cultural definition of nationhood rooted in five unities: geography, race, religion, culture, and language. He wrote explicitly that Semitic faiths—Muslims and Christians—should either fully assimilate into Hindu culture or remain subordinate with no citizens' rights, privileges, or protections unless they abandoned their religious and cultural identity. Golwalkar went further, praising nazi Germany's racial policies as a model, arguing that Germany's "purging of the Semitic races" served as a warning that mixed cultures cannot be assimilated into a united whole—and was a lesson India should heed.

It's important to recognize the profound influence of Christians in the academic, health, and social arenas, despite constituting only 2.3% of the population.

(see page 28)


Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615

Email: tino@greatwaysinc.com

1001 E Chicago Ave, Suite 151, Naperville, IL 60540

Free Electronic Filing



Pramod Zacharias, E.A.

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# വടക്കെ ഇന്ത്യയിലെ ക്രൈസ്തവർക്കെതിരേയുള്ള ആക്രമണത്തിൽ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ ആശങ്ക രേഖപ്പെടുത്തി



ഹൂസ്റ്റൺ: മതേതരത്വ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മതന്യൂന പക്ഷമായ ക്രൈസ്തവർ നേരിടുന്ന പീഡനങ്ങൾ ആശങ്കാജനകമാണ്. ലോകത്തിലെ ഏറ്റവും ശക്തമായ ഭരണഘടനയായ ഇന്ത്യൻ ഭരണഘടന എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യവും എല്ലാ മതങ്ങളെയും ഉൾക്കൊള്ളുന്നതുമാണ്.

എന്നാൽ, അടുത്ത നാളുകളായി വടക്കെ ഇന്ത്യയിൽ ക്രൈസ്തവ വിഭാഗത്തിൽപ്പെടുന്നവരെ അകാരണമായി ആക്രമിക്കുന്നതും ഉപദ്രവിക്കുന്നതും കള്ളക്കേസിൽ കുടുക്കി ജയിലിൽ അ

ജീമോൻ റാന്നി

ടയ്ക്കുന്നതും വർദ്ധിച്ചുവരുന്നു. അടുത്തയിടെ ഛത്തീസ്ഗഢിൽ രണ്ട് കന്യാസ്ത്രീകളെ കള്ളക്കേസിൽ കുടുക്കി 9 ദിവസം ജയിലിൽ അടച്ചു.

പോലീസ് അധികാരികളുടെ മുൻപിൽ വെച്ച് ക്രൈസ്തവരായ ആളുകളെ തദ്ദേശവാസികൾ മർദ്ദിക്കുന്നതും നാം കണ്ടുകഴിഞ്ഞു. ഇന്ത്യയിൽ ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളിൽ ഐസിഇസിഎച്ച് സംഘടിപ്പിച്ച പ്രത്യേക സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരും ആശങ്ക പങ്കുവെച്ചു.

കേന്ദ്ര ഗവൺമെന്റും ഛത്തീസ്ഗഢ് ഗവൺമെന്റും ക്രൈസ്തവർക്ക് എതിരെ നടത്തുന്ന അക്രമപ്രവർത്തനങ്ങളെ കണ്ടില്ലെന്നു നടിക്കരുതെന്നും ഭരണഘടന വിഭാവന ചെയ്യുന്ന തുല്യനീതി ക്രൈസ്തവർക്കും ലഭിക്കണമെന്നും ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ എടുക്കണമെന്നും പൂർണ സ്വാതന്ത്ര്യത്തോടെ ഭയാശങ്കകൾ ഇല്ലാതെ ക്രൈസ്തവരെ ജീവിക്കാൻ അനുവദിക്കണമെന്നും ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ (ഐസിഇസിഎച്ച്) പ്രമേയത്തിൽക്കൂടി അധികാരികളോട് ആവശ്യപ്പെട്ടു.

സെക്രട്ടറി ഷാജൻ ജോർജ് പ്രമേയം അവതരിപ്പിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരും എഴുന്നേറ്റുനിന്ന് ഐകകണ്ഠ്യേന പ്രമേയം പാസാക്കി.



ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 4-ന് സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വെച്ച് നടത്തിയ പ്രതിഷേധ സമ്മേളനത്തിൽ ഹൂസ്റ്റണിലെ സാമൂഹിക, സാംസ്കാരിക, സാമുദായിക രംഗത്തെ പ്രമുഖർ പങ്കെടുത്തു സംസാരിച്ചു.

യോഗത്തിൽ ഐസിഇസിഎച്ച് പ്രസിഡണ്ട് റവ.ഫാ.ഡോ. ഐസക് ബി. പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ. രാജേഷ് കെ. ജോണിന്റെ പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം റവ.ഫാ. ഡോ. ബെന്നി ഫിലിപ്പ് സ്വാഗതപ്രസംഗം നടത്തി. ശ്രീമതി ഫാൻസിമോൾ പള്ളത്തുമഠം വേദഭാഗം വായിച്ചു. സ്റ്റാഫോഡ് സിറ്റി മേയർ കെൻ മാത്യു യോഗം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ ഇന്ത്യൻ ഭരണഘടനയിൽ മതേതരത്വത്തിനുള്ള പ്രാധാന്യത്തെ പ്രത്യേകം വരച്ചുകാട്ടി.

റവ.ഫാ. ഡോ. വറുഗീസ് വർഗീസ്, റവ.ഡോ. ജോസഫ് ജോൺ, റവ. ദീബു എബി ജോൺ, റവ.ഡോ. ജോബി മാത്യു, റവ.ഫാ. സജീവ് മാത്യു, റവ.ഫാ. എം.ജെ. ഡാനിയേൽ, റവ. ഫാ. ജെക്കു സക്കറിയ, റവ.ഫാ. ജോൺസൺ പുഞ്ചക്കോണം, റവ.ഫാ. ടെജി ഏബ്രഹാം, സിസ്റ്റർ ശാന്തി, സുജിത് ചാക്കോ (ട്രഷറർ മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ) തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

ഐസിഇസിഎച്ച് ട്രഷറർ രാജൻ അങ്ങാടിയിൽ യോഗത്തിൽ നന്ദി പ്രകാശിപ്പിച്ചു.

റവ. ജീവൻ ജോൺ സമാപന പ്രാർത്ഥന നടത്തി. ഐസിഇസിഎച്ച് പബ്ലിക് റിലേഷൻ ഓഫീസർ ജോൺസൻ ഉമ്മൻ, നൈനാൻ വീട്ടിനാൽ, ഡോ. അന്ന ഫിലിപ്പ്, ജിനു തോമസ്, ഹൂസ്റ്റണിലെ ഇരുപത് ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും മറ്റു സാമൂഹിക പ്രവർത്തകരും യോഗത്തിൽ പങ്കെടുത്തു.

കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഫൊക്കാന കൺവൻഷനിൽ മാർ ക്രിസോസ്റ്റം സ്മാരക ചിത്രപ്രദർശനം നടത്തി

ജോയി ജോൺ

കോട്ടയം: മാർ ക്രിസോസ്റ്റത്തിന്റെ ദർശനങ്ങൾ കാലത്തിന് അതീതമായിരുന്നുവെന്ന് ചലച്ചിത്ര സംവിധായകൻ പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടു.






കുമരകം ഗ്രാൻഡ് റിസോർട്ടിൽ ഫൊക്കാനയുടെ കേരളാ കൺവൻഷനിൽ തിരുവല്ല വൈ.എം.സി.എ വികാസ് സ്കൂൾ നടത്തിയ മാർ ക്രിസോസ്റ്റം മെമ്മോറിയൽ ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യോഗത്തിൽ ഫൊക്കാന മുൻ പ്രസിഡണ്ട് ജോർജി വർഗീസ് അദ്ധ്യക്ഷത വഹിച്ചു.

ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി മുഖ്യപ്രഭാഷണം നടത്തി. ഡോ. മാമ്മൻ സി. ജേക്കബ്, ദിനേശ് പണിക്കർ, ജോസ് പനച്ചിപ്പുറം, തിരുവല്ല വൈ.എം.സി.എ. സെക്രട്ടറി ജോയി ജോൺ, അഡ്വ. വർഗീസ് മാമ്മൻ എന്നിവർ ആശംസകളർപ്പിച്ചു. ഫൊക്കാന മുൻ പ്രസിഡണ്ട് പോൾ കറുകപ്പള്ളിൽ ആദ്യചിത്രം ഏറ്റുവാങ്ങി.

## രവീന്ദ്രൻ കുട്ടപ്പൻ ചിക്കാഗോ ഗീതാമണ്ഡലം പ്രസിഡണ്ട് സ്ഥാനാർത്ഥി



ഹാനോവർ പാർക്ക്: നോർത്ത് അമേരിക്കയിലെ ഹൈന്ദവ സംഘടനകളുടെ മാതാവായ ചിക്കാഗോ ഗീതാമണ്ഡലത്തിന്റെ പുതിയ പ്രസിഡണ്ട് സ്ഥാനാർത്ഥിയായി ചിക്കാഗോ മോർട്ടൻഗ്രോവ് സ്വദേശി രവീന്ദ്രൻ കുട്ടപ്പൻ നാമനിർദേശ പത്രിക സമർപ്പിച്ചു.

ക്ഷേത്രശില്പിയും സ്ഥാപത്യ വേദോപാസകനും ആയ രവീന്ദ്രൻ കുട്ടപ്പൻ രണ്ട് പതിറ്റാണ്ടിലേറെയായി ചിക്കാഗോയിലെ വിവിധ കലാ-സാംസ്കാരിക മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ഗീതാമണ്ഡലം ഉൾപ്പെടെ ചിക്കാഗോയിലെ വിവിധ സംഘടനകളിലൂടെ പ്രവർത്തന മികവ് തെളിയിച്ച രവീന്ദ്രൻ മലയാളി സമൂഹത്തിന് നിറസാന്നിദ്ധ്യമാണ്.


തന്റെ ജനസമ്മതിയും സേവനമനോഭാവവും ഗീതാമണ്ഡലത്തിന്റെ ഭാവിക്ക് മുതൽക്കൂട്ടാകുമെന്നും ഗീതാമണ്ഡലത്തിനെ ഇനിയും ഉയരങ്ങളിലേക്ക് എത്തിക്കാൻ തനിക്കാവുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഭാരതീയ സംസ്കാരവും സനാതന ധർമ്മമൂല്യങ്ങളും പുതിയ തലമുറയിലേക്ക് എത്തിക്കുക എന്നുള്ളതാണ് തന്റെ പ്രഥമമായ ദൗത്യമെന്നും അദ്ദേഹം അടിവരയിട്ടു പറഞ്ഞു.


ഈ വരുന്ന ഓഗസ്റ്റ് 23-ന് 7020 Barrington Road, Hanover Park, IL വെച്ച് നടക്കുന്ന ജനറൽ ബോഡി ഇലക്ഷനിൽ പങ്കെടുത്ത് തന്റെ വിജയം ഉറപ്പുവരുത്താൻ കുട്ടപ്പൻ എല്ലാ സനാതന ധർമ്മ വിശ്വാസികളോടും മലയാളി സമൂഹത്തോടും എല്ലാ സഹായസഹകരണവും അഭ്യർത്ഥിക്കുകയും ചെയ്തു.

# ഡാർവിന്റെ പരിണാമ സിദ്ധാന്തം വെറും മിഥ്യയും വഞ്ചനയും

അലൻ ചെന്നിത്തല

ചിക്കാഗോ: ഡാർവിന്റെ പരിണാമ സിദ്ധാന്തം വെറും മിഥ്യയാണെന്ന് ശാസ്ത്രീയ തെളിവുകളോടു കൂടി ഡോ. പി.വി. ചെറിയാൻ തന്റെ Brilliant Bloopers (അസാമാന്യമായ മണ്ടത്തരങ്ങൾ) എന്ന പുതിയ പുസ്തകത്തിലൂടെ അസന്നിഗ്ദ്ധമായി തെളിയിക്കുന്നു. ജീവിത പരിണാമങ്ങൾ




മൂലം അനേക കോടി സസ്യവർഗ്ഗങ്ങളും ജന്തുവർഗ്ഗങ്ങളും ഒപ്പം മനുഷ്യവർഗ്ഗവും ഒരുവിധത്തിലും ഉണ്ടാകയില്ല എന്നത് ശാസ്ത്രീയമായും ജീവശാസ്ത്രപരമായും ദൈവശാസ്ത്രപരമായും അടിത്തറയുള്ള തെളിവുകൾ നിരത്തിക്കൊണ്ട് തെളിയിക്കുകയാണ് ഈ പുസ്തകത്തിലൂടെ പ്രഫസർ ചെറിയാൻ. ഡാർവിന്റെ പരിണാമസിദ്ധാന്തത്തിൽ വിശ്വസിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ വാദങ്ങൾ വഞ്ചനയാണെന്നും അഖിലാണ്ഡം മുഴുവനും സസ്യ-ജന്തു-മനുഷ്യർ ദൈവകല്പനയാൽ ഉളവായതാണെന്നും ബ്രില്യന്റ് ബ്ലൂപേർസ് എന്ന പുസ്തകം സമർത്ഥിക്കുന്നു.

കഴിഞ്ഞ 50 വർഷത്തിൽ അധികമായി അമേരിക്കയിൽ വിവിധ മെഡിക്കൽ സ്കൂളുകളിൽ പ്രഫസറായി സേവനമനുഷ്ഠിക്കുകയും ശാസ്ത്രീയ ഗവേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള ഡോ. ചെറിയാൻ സയൻസും വേദശാസ്ത്രവും സമന്വയിപ്പിച്ച് നിരവധി പുസ്തകങ്ങളുടെ രചയിതാവാണ്. Origins of the Universe-Life and Species, New Perspectives from Science and Theologyഎന്ന പുസ്തകത്തിന്റെ തുടർച്ചയാണ് Brilliant Bloopers. ഈ പുസ്തകങ്ങൾ വായിച്ചാൽ പരിണാമസിദ്ധാന്തത്തിന്റെ മണ്ടത്തരങ്ങൾ മനസ്സിലാക്കാനും ദൈവവിശ്വാസം ഉറപ്പിക്കുന്നതിനും സഹായിക്കുമെന്ന് ദൈവശാസ്ത്ര വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. അമേരിക്കയിലെ പ്രസിദ്ധരായ പ്രസാധകർ Covenant Book Publications ആണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. Barnes and Nobles, Amazon എന്നവിടങ്ങളിൽ നിന്നും ഈ പുസ്തകം വാങ്ങാവുന്നതാണ്.



ഡോ. പി.വി. ചെറിയാൻ

വിവിധ ശാസ്ത്രവിഷയങ്ങളിലും ദൈവശാസ്ത്രത്തിലും അഗാധ പാണ്ഡിത്യമുള്ള പ്രഫസർ ചെറിയാൻ മേപ്രാൽ പ്ലാമ്മൂട്ടിൽ കുടുംബാംഗമാണ്. ഔദ്യോഗിക സേവനത്തിൽ നിന്നും വിരമിച്ച ശേഷം ചിക്കാഗോയിൽ വിശ്രമജീവിതം നയിക്കുന്നു.

# IOCUSA CALLS FOR A NATIONWIDE AUDIT OF VOTER ROLLS AND VVPAT FOR EVERY EVM



George Abraham

"The recent revelations by Rahul Gandhi, the opposition leader in India, have brought to light shocking election irregularities in Karnataka and Maharashtra. The solid evidence of massive fraud, aimed at subverting the voter's will, poses a grave threat to the democratic process," said George Abraham, Vice-Chairman for the Indian Overseas Congress, USA.

Mr. Gandhi alleged manipulation via duplicate registrations, fake addresses, misused Form 6 entries, and more. The scale of the fraud is staggering and shocking. About 100,000 votes were stolen in the Mahadevapura constituency in Bangalore. This was achieved through five manipulating tactics: 11,965 duplicate voter entries, 40,009 fake or invalid addresses, 10.452 bulk entries from a single or invalid address, 4132 entries with invalid photos, and 33,692 misuses of Form 6 (new voter additions).

The Election Commission has become a vassal in the hands of the BJP, infringing its independence and transforming it into a subsidiary of the government machinery, contrary to what the framers of the Constitution intended. The removal of the Chief Justice from the EC decision making process, while appointing bureacrats amenable to the whims of the ruling disposition, was the beginning of the end of this venerable institution that was known for its independence and integrity. These explosive revelations throw into doubt not only the integrity of past elections but also their usability and value of this grand exercise, as they have become a mockery of deceit and thievery.

IOCUSA is calling upon the Election Commission to conduct a nationwide audit of its voter rolls and to add VVPAT to every Electronic Voting Machine (EVM). These measures are crucial for ensuring complete transparency and fairness in elections, thereby preventing election manipulation. These principles are not just ideals, but the very foundation of a democratic society. Additionally, IOCUSA urges the BJP government to halt Executive overreach.

# ‘എല്ലാ നാളും’ ബ്രയാൻ തോമസ് രചിച്ച പുതിയ ഭക്തിഗാനം ജനശ്രദ്ധ നേടുന്നു

**ബാബു പി. സൈമൺ**

ഡാളസ്: യുവ സംഗീത പ്രതിഭകളുടെ കൂട്ടായ്മയിൽ പിറന്ന മറ്റൊരു പുതിയ ഭക്തിഗാനം ‘എല്ലാ നാളും’ സംഗീതപ്രേമികൾക്കിടയിൽ ശ്രദ്ധ നേടുന്നു. പ്രത്യാശയും വിശ്വാസവും നിറയുന്ന വരികളും ഹൃദയത്തിൽ തൊടുന്ന ഈണവുമാണ് ഈ ഗാനത്തെ വേറിട്ടുനിർത്തുന്നത്.




ബ്രയാൻ തോമസ് രചിച്ച് സംഗീതം നല്കിയിരിക്കുന്ന ഈ ഗാനം ആലപിച്ചിരിക്കുന്നത് മെർലിൻ സ്റ്റീവാണ്. ‘ഈ ലോകമെന്ന തഴഞ്ഞീടിലും തഴയുകയില്ല നിൻ കൈകൾ’ എന്ന വരികൾ പ്രതിസന്ധികളിൽ തളരാതെ മുന്നോട്ടു പോകാനുള്ള ആത്മവിശ്വാസം പകരുന്നു.

കേരളത്തിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറിയശേഷം മലയാള ഭക്തിഗാനങ്ങളുടെ രചനാലോകത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച് ശ്രദ്ധേയനാവുകയാണ് യുവകവി ബ്രയാൻ തോമസ്. അമേരിക്കയിലെ ഉന്നത വിദ്യാഭ്യാസത്തിനുശേഷം ഒരു പ്രമുഖ ഐടി കമ്പനിയിൽ ജോലി ചെയ്യുന്ന ബ്രയാൻ, തന്റെ തിരക്കേറിയ ഔദ്യോഗിക ജീവിതത്തിനിടയിലും ഭക്തിഗാന രചനയ്ക്കായി സമയം കണ്ടെത്തുന്നു. ബ്രയാൻ തോമസിന്റെ രചനകൾ ഇതിനോടകംതന്നെ സംഗീതപ്രേമികളുടെ ഇടയിൽ ചർച്ചയായിക്കഴിഞ്ഞു.

കെ.എസ്. ബിജേഷ് ആണ് ഓർക്കസ്ട്രേഷനും പ്രോഗ്രാമിംഗും നിർവഹിച്ചിരിക്കുന്നത്. ഗാനത്തിന് കൂടുതൽ ആഴം നല്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് വലുതാണ്. ഗാനത്തിന്റെ മിക്സിംഗും മാസ്റ്ററിംഗും കൈകാര്യം ചെയ്തത് സിജിൻ വർഗീസ് ആണ്. വയലിൻ വിദഗ്ദ്ധനായ ആൽവിൻ കുര്യാക്കോസിന്റെ സോളോ വയലിൻ ഗാനത്തിന് ഒരു പ്രത്യേക ഭംഗി നല്കുന്നു. മാർട്ടിൻ പറക്കൻ ആണ് ഗാനത്തിന്റെ ഛായാഗ്രഹണവും എഡിറ്റിംഗും നിർവഹിച്ചിരിക്കുന്നത്. റെക്കോർഡിംഗ് ആർട്ടിസ്റ്റായി അബി വിൽസൺ ജോസ് പ്രവർത്തിച്ചു.

ഇരുൾ നിറഞ്ഞ ജീവിതവഴികളിൽ വെളിച്ചം തേടുന്ന ഒരു മനസ്സിന്റെ യാത്രയും ക്രൂശിന്റെ തണലിൽ അഭയം കണ്ടെത്തുന്നതിന്റെ ആത്മീയമായ അനുഭവവും ഗാനം പങ്കുവെക്കുന്നു. ആഴമായ ആത്മീയ ചിന്തകൾക്കൊപ്പം സംഗീതത്തിന്റെ എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തിയാണ് ഈ ഗാനം ഒരുക്കിയിരിക്കുന്നത്.

സാമൂഹിക മാധ്യമങ്ങളിലടക്കം മികച്ച പ്രതികരണമാണ് ഗാനത്തിനു ലഭിച്ചുകൊണ്ടിരിക്കുന്നത്. നിരാശയുടെ നിമിഷങ്ങളിൽ പ്രത്യാശയുടെ വെളിച്ചം പകരുന്ന ഈ ഗാനം കൂടുതൽ ആളുകളിലേക്ക് എത്തുമെന്നാണ് അണിയറ പ്രവർത്തകരുടെ പ്രതീക്ഷ. ഗാനം ശ്രവിക്കാനുള്ള ലിങ്ക്: https://youtu.be/Bx8fgi.5rRg


# ചിക്കാഗോ മലയാളി അസോസിയേഷൻ ബാസ്കറ്റ്ബോൾ ടൂർണമെന്റ്

**ബിജു മുണ്ടക്കൽ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ബാസ്കറ്റ്ബോൾ ടൂർണമെന്റ് ഓഗസ്റ്റ് 16-ന് മൗണ്ട് പ്രോസ്പെക്ടിലുള്ള റെക് പ്ലെക്സ് ഇൻഡോർ കോർട്ടിൽ (420 W Dempster St, Mount Prospect, IL) നടക്കും. ടൂർണമെന്റിൽ പങ്കെടുക്കുന്ന ടീമുകളുടെ രജിസ്ട്രേഷൻ പൂർത്തിയായതായി കോ-ഓർഡിനേറ്റർ മനോജ് അച്ചേട്ട്, കോ കോ-



ജെസ്സി റിൻസി



ആൽവിൻ ഷിക്കോർ



മനോജ് അച്ചേട്ട്

ഓർഡിനേറ്റർമാരായ ജോർജ് പ്ലാമൂട്ടിൽ, മാത്യു അച്ചേട്ട്, ആന്റണി പ്ലാമൂട്ടിൽ എന്നിവർ അറിയിച്ചു.

ഓഗസ്റ്റ് 16-ന് രാവിലെ 8-ന് ടൂർണമെന്റ് ആരംഭിക്കും. വിജയികൾക്കുള്ള ട്രോഫികൾ ഷിബു മുളയാനിക്കുന്നേൽ, വിനു മാമ്മൂട്ടിൽ, ടോം സണ്ണി, ജോൺസൺ കണ്ണൂക്കാടൻ എന്നിവരാണ് സ്പോൺസർ ചെയ്തിരിക്കുന്നത്.

ടൂർണമെന്റിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു. ഇത്തവണ എല്ലാ കളിക്കാർക്കും മലയാളി അസോസിയേഷന്റെ ലോഗോ മുദ്രണം ചെയ്തിട്ടുള്ള ടീ ഷർട്ടുകൾ സമ്മാനിക്കും. ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ജെസ്സി റിൻസി 773 322 2554, ആൽവിൻ ഷിക്കോർ 630 274 5423, മനോജ് അച്ചേട്ട് 224 522 2470.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 87.71 |
| യൂറോ | 102.11 |
| സ്റ്റെർലിംഗ്പൗണ്ട് | 117.90 |
| സ്വിസ് ഫ്രാങ്ക് | 108.30 |
| സിംഗപ്പൂർ ഡോളർ | 68.25 |
| കനേഡിയൻ ഡോളർ | 63.67 |
| ഒമാൻ റിയാൽ | 228.12 |
| ബഹ്റൈൻ ദിനാർ | 232.67 |
| സൗദി റിയാൽ | 23.37 |
| യു.എ.ഇ. ദിർഹം | 23.88 |
| കുവൈത്ത് ദിനാർ | 286.97 |

# ഗ്രാൻഡ് പേരന്റ്സ് ഡേ ഗ്രാൻഡാക്കി ബെൻസൻവിൽ ഇടവക

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിൽ ഗ്രാൻഡ് പേരന്റ്സ് ഡേ ഗ്രാൻഡായി ആഘോഷിച്ചു.

അന്നേദിവസം അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയിൽ പേരന്റ്സ് എന്ന പേരിനോടൊപ്പം ഗ്രാൻഡ് എന്നു വിളിക്കപ്പെടാൻ കഴിയുമാറ് ഈശോയുടെ മുത്തച്ഛനും മുത്തശ്ശിയുമായ അന്ന-യൊവാക്കിം ദമ്പതികളുടെ ജീവിതമാതൃക പ്രചോദനമാകണം എന്ന് അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ ഓർമ്മപ്പെടുത്തി. തുടർന്ന് എല്ലാവരെയും പ്രത്യേകം ആശീർവദിച്ചു.

തുടർന്ന് സെന്റ് സ്റ്റീഫൻ കൂടാരയോഗത്തിന്റെ നേതൃത്വത്തിൽ താരാട്ട് പാട്ട് ദൃശ്യാവിഷ്കാര മത്സരം നടത്തപ്പെട്ടു.





# ബിഗ് ആൻഡ് ബ്യൂട്ടിഫുൾ ബിൽ – ഗുണങ്ങളും ദോഷങ്ങളും



പി.ജി. വർഗീസ് എം.കോം, എംബിഎ, ഇഎ, ഒക്കലഹോമ

2025-ലെ അമേരിക്കൻ ഫെഡറൽ ബജറ്റ് ബില്ലായ ബിഗ് ആൻഡ് ബ്യൂട്ടിഫുൾ ബില്ല് അനേക നികുതി ഇളവുകളും ആനുകൂല്യങ്ങളും നല്കുന്നുണ്ടെങ്കിലും സമ്പദ്ഘടനയ്ക്കു ദോഷം വരുന്ന ചില നിർദ്ദേശങ്ങളും ഈ ബില്ലിൽ കടന്നുകൂടിയിട്ടുണ്ട്.

താഴപ്പറയുന്നതാണ് ബജറ്റ് ബില്ലിലെ നികുതിദായകർക്ക് അനുകൂലമായ പ്രധാന നിർദ്ദേശങ്ങൾ.

1. മുതിർന്ന പൗരന്മാർക്കുള്ള അധികനികുതി ഇളവ്: 65 വയസ് കഴിഞ്ഞവർക്ക് 6,000 ഡോളറും ദമ്പതിമാർക്ക് 12,000 ഡോളറും ഇളവ് ലഭിക്കുന്നു.

2. നികുതി കുറയ്ക്കുവാനുള്ള വർദ്ധിപ്പിച്ച പരിധി: സ്റ്റേറ്റിനും ലോക്കൽ ബോഡിക്കും കൊടുക്കുന്ന നികുതി കുറയ്ക്കുവാനുള്ള പരിധി 10,000 ഡോളറിൽ നിന്നും 40,000 ഡോളറായി ഉയർത്തി.

3. ടിപ്പായി ലഭിക്കുന്ന വേതനത്തിൽ നിന്നും 25,000 ഡോളറും ഓവർടൈമിന് വ്യക്തികൾക്ക് 12,500 ഡോളറും ദമ്പതികൾക്ക് 25,000 ഡോളറും ഇളവ് ലഭിക്കും.

4. 10,000 ഡോളർ വരെ പുതിയ കാറുകൾക്കുള്ള പലിശ ഇളവ് പുതിയ കാറുകൾ വാങ്ങിക്കുന്നവർക്ക് പ്രയോജനപ്പെടും.

5. ചൈൽഡ് ടാക്സ് ക്രെഡിറ്റ് 2,000 ഡോളറിൽ നിന്നും 2,200 ഡോളറായി വർദ്ധിപ്പിച്ചു.

6. ഐറ്റമൈസ് ചെയ്യാത്ത നികുതിദായകർക്കും ചാരിറ്റിക്കുവേണ്ടി കൊടുത്ത തുക, വ്യക്തികൾക്ക് 1,000 ഡോളർ വരെയും ദമ്പതികൾക്ക് 2,000 ഡോളർ വരെയും വാർഷിക വരുമാനത്തിൽ നിന്നും കുറയ്ക്കുവാൻ കഴിയും.

മുകളിൽ പറഞ്ഞ ഗുണപ്രദമായ നിർദ്ദേശങ്ങൾക്കൊപ്പം സമ്പദ്ഘടനയെത്തന്നെ തകർക്കുന്ന ചില വ്യവസ്ഥകളും ഈ ബജറ്റിൽ നിർദേശിക്കുന്നുണ്ട്.

സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ:

1. 4 ട്രില്യൺ (ഏകദേശം 4,00,000 കോടി) ഡോളർ പുതിയ കടബാദ്ധ്യതയാണ് ഈ ബജറ്റ്മൂലം ഉണ്ടാകുന്നത്. 2. ഉയർന്ന പലിശനിരക്കും പണപ്പെരുപ്പവും. 3. സ്വകാര്യ നിക്ഷേപത്തിൽ വരുന്ന കുറവ്. 4. ദീർഘകാല സാമ്പത്തിക പുരോഗതിയിൽ വരുന്ന അനിശ്ചിതത്വം. 5. ഫോസിൽ ഊർജത്തിൽ മാത്രം ആശ്രയിക്കുവാനുള്ള നിർദ്ദേശങ്ങൾ ഇന്ധനച്ചെലവ് വർദ്ധിക്കുവാൻ കാരണമാകും. അതുപോലെ മറ്റ് ഊർജ്ജമേഖലകളിലുള്ള അനേകരുടെ ജോലികൾ നഷ്ടപ്പെടുവാനും ഇതു കാരണമാകും. 6. വർദ്ധിച്ചുവരുന്ന പരിസരമലിനീകരണവും അനന്തര പ്രശ്നങ്ങളും. 7. സമൂഹത്തിൽ താഴെത്തട്ടിലുള്ള മില്യൺ കണക്കിന് ആളുകൾക്ക് (ലോ ഇൻകം പീപ്പിൾ) പ്രയോജനം ചെയ്യുന്ന ആരോഗ്യസംരക്ഷണ, ഫുഡ് സ്റ്റാമ്പ് പദ്ധതികളിൽ വ്യവസ്ഥ ചെയ്യുന്ന വെട്ടിക്കുറവുമൂലം വരുന്ന പ്രശ്നങ്ങൾ. ഈ ബജറ്റ് ബില്ലിലെ (മെഡിക്കെയിഡ് ആൻഡ് എസ്എൻഎപി പ്രോഗ്രാം) വ്യവസ്ഥകൾ പ്രകാരം സമൂഹത്തിലെ താഴേക്കിടയിലുള്ള ഏകദേശം 15 മില്യൺ ആളുകൾക്ക് ആരോഗ്യസംരക്ഷണം നഷ്ടപ്പെടും.

അമേരിക്കയുടെ സമ്പദ് വ്യവസ്ഥയ്ക്ക് സമൂല പരിവർത്തനം വരുത്തുവാൻ കഴിവുള്ള ഈ ബിൽ ബിഗ് തന്നെയാണ്. എന്നാൽ, ബ്യൂട്ടിഫുൾ ആണോ അഗ്ലി ആണോ എന്ന് വായനക്കാർ ഇതിന്റെ ഗുണങ്ങളും ദോഷങ്ങളും വിലയിരുത്തിയതിനു ശേഷം തീരുമാനിക്കുക.

# വൈദ്യുതവാഹന പ്രോത്സാഹന പദ്ധതി കേന്ദ്രം 2028 വരെ നീട്ടി

ന്യൂഡൽഹി: വൈദ്യുതവാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രധാനമന്ത്രിയുടെ പദ്ധതിയായ പിഎം ഇ-ഡ്രൈവിന്റെ കാലാവധി 2028 മാർച്ച് 31 വരെ നീട്ടി. വൈദ്യുത ഇരുചക്ര, മുച്ചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി നേരത്തേ പ്രഖ്യാപിച്ചതുപോലെ 2026 മാർച്ച് 31-ന് തന്നെ അവസാനിക്കുമെന്ന് കേന്ദ്ര ഘനവ്യവസായ മന്ത്രാലയം അറിയിച്ചു.


2024 ഒക്ടോബർ ഒന്നിനാണ് 10,900 കോടിയുടെ പിഎം ഇ-ഡ്രൈവ് (പ്രധാനമന്ത്രി ഇലക്ട്രിക് ഡ്രൈവ് റെവലൂഷൻ ഇൻ ഇനവേറ്റീവ് വെഹിക്കിൾ എൻഹാൻസ്മെന്റ്) പദ്ധതി പ്രഖ്യാപിച്ചത്. വൈദ്യുതി വാഹനങ്ങൾ വാങ്ങുന്നവർക്കുള്ള പ്രോത്സാഹനം, ചാർജിങ് സൗകര്യങ്ങൾ വികസിപ്പിക്കൽ, പരീക്ഷണ സൗകര്യങ്ങൾ, വൈദ്യുതി വാഹന സാങ്കേതികവിദ്യയുടെ പ്രാദേശിക വികസനം തുടങ്ങിയവയാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

ഇരുചക്ര, മുച്ചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി 2026 മാർച്ചിൽ അവസാനിക്കുമെങ്കിലും ഇ-ബസുകൾ, ഇ-ട്രക്കുകൾ, ഇ-ആംബുലൻസുകൾ എന്നിവയ്ക്കുള്ള സഹായം ഫണ്ട് ലഭ്യതയെ ആശ്രയിച്ച് 2028 മാർച്ച് വരെ തുടരും. നിശ്ചിത ഫണ്ട് (10,900 കോടി രൂപ) മാത്രമുള്ള പദ്ധതിയാണിത്. പദ്ധതിത്തുകയിൽ 3,679 കോടി ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ, ആംബുലൻസുകൾ, ട്രക്കുകൾ എന്നിവയ്ക്കും ബാക്കി 7,171 കോടി ഇ-ബസുകൾക്കുമാണ്. കാലാവധിയെത്തുംമുൻപേ ഫണ്ട് തീർന്നാൽ പദ്ധതിയും നിർത്തും.

2024 ഒക്ടോബറിൽ വൈദ്യുത ഇരുചക്ര വാഹനങ്ങൾക്ക് കിലോവാട്ടിന് 5,000 രൂപ വീതം പരമാവധി 10,000 രൂപ സബ്സിഡി നൽകിയാണ് പിഎം ഇ-ഡ്രൈവ് പദ്ധതി ആരംഭിച്ചത്. 2025 ഏപ്രിലിൽ സബ്സിഡി പകുതിയായി. കുറച്ച് കിലോവാട്ടിന് 2,500 രൂപയാക്കി. ഇ-റിക്ഷകൾക്ക് 25,000 രൂപ പരിധിയിൽ ഒരു കിലോവാട്ടിന് 5,000 രൂപ സബ്സിഡിയാണ് നൽകുന്നത്. അതേ സമയം പാസഞ്ചർ, കാർഗോ ഇലക്ട്രിക് ഓട്ടോകൾക്ക് കഴിഞ്ഞ വർഷം ഒരു വാഹനത്തിന് ഒരു കിലോവാട്ടിന് 5,000 രൂപ വീതം പരമാവധി 50,000 രൂപ പരിധിയിൽ സബ്സിഡി ലഭിച്ചു. 2025 ഏപ്രിൽ മുതൽ ഇതും പകുതിയാക്കി.

ഈ വർഷം ജൂലൈയിൽ, ഇലക്ട്രിക് ട്രക്കുകൾക്ക് സബ്സിഡി നൽകാൻ സർക്കാർ മാർഗനിർദേശമിറക്കി. ഇതുപ്രകാരം മൊത്തം വാഹനഭാരം മൂന്നര ടണ്ണിൽ കൂടുതലും എന്നാൽ 55 ടണ്ണിൽ കൂടാത്തതുമായ ഇ-ട്രക്കുകൾക്ക് സബ്സിഡി ലഭിക്കും. ഒരു കിലോവാട്ടിന് 5,000 രൂപ നിരക്കിലോ, അല്ലെങ്കിൽ വാഹനവിലയുടെ പത്ത് ശതമാനമോ ഏതാണോ കുറവ് അതായിരിക്കും സബ്സിഡിത്തുക.

# കൂടുതൽ കാലം കേന്ദ്ര ആഭ്യന്തരമന്ത്രിയായി അമിത് ഷാ



ന്യൂഡൽഹി: സ്വതന്ത്ര ഇന്ത്യയിൽ കേന്ദ്രത്തിൽ ഏറ്റവും കൂടുതൽ കാലം ആഭ്യന്തരമന്ത്രിയായി തുടർന്ന വ്യക്തിയെന്ന നേട്ടം അമിത് ഷാ സ്വന്തമാക്കി. എൻഡിഎ പാർലമെന്ററി പാർട്ടി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അമിത് ഷായെ അഭിനന്ദിച്ചു. 2258 ദിവസമാണ് ഓഗസ്റ്റ് 5 നു അമിത് ഷാ പൂർത്തിയാക്കിയത്. എൽ.കെ. അഡ്വാനിയാണു തൊട്ടുപിന്നിൽ–2256 ദിവസം.

# NUN'S ARREST AND DETENTION

(from page 24)

Their contributions have been significant, shaping these sectors in ways that benefit society as a whole. The tightening of FCRA is a clear attempt to undermine these contributions, with over 20,000 entities already affected.

Despite being aware of the situation, the Church leadership in Kerala, a state with a significant Christian population, has made a decision that will forever stain the Christian community's principles. Some have chosen to align with the BJP, either to protect their institutional interests or due to the misguided belief that 'my enemy's enemy is my friend'. This betrayal of long-held principles is a stark reminder of the detrimental effects of religious nationalism, which is in direct conflict with the biblical call for universal brotherhood, equality before God, and protection of the marginalized.

Those nuns were accused of human trafficking only because someone changed their religion at no cost to anyone else. The caste hierarchy, a social structure deeply intertwined with religious beliefs, hated those young people who were traveling with the Nuns to gain their freedom from enslavement, poverty, and perennial suppression of their rights and denial of an opportunity for enlightenment.

They are afraid of them finding their own identity, gaining their freedom, and making a mark of their own. They want to keep the status quo going. These are sadistic elements that have been in entrenched control for centuries over these poor folks. Yet, these Nuns, with their resilience and determination, are upsetting their apple cart.

The arrest and detention of Catholic nuns in Chhattisgarh—notably Sisters Preethi Mary and Vandana Francis—should serve as a serious wake-up call for Christians in Kerala and across India. While Kerala Christians may feel relatively secure due to the state's secular and pluralistic traditions, the incident in Chhattisgarh reveals a larger, systemic pattern of hostility toward Christian identity under the current political climate. It is about time for the Christian leadership to come out of their closets and seek the truth!

# സാമ്പത്തിക വളർച്ചയിൽ തമിഴ്നാട് മുന്നിൽ

ചെന്നൈ: മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദന (ജിഎസ്ഡിപി) ത്തിൽ 2024–25 സാമ്പത്തിക വർഷം തമിഴ്നാട് 11.19 ശതമാനം വളർച്ച കൈവരിച്ചു. ഇന്ത്യയിൽ രണ്ടക്ക സാമ്പത്തികവളർച്ച നേടുന്ന ഏക സംസ്ഥാനമാണ് തമിഴ്നാട് എന്ന് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പറഞ്ഞു.

കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ, പദ്ധതി നിർവഹണ മന്ത്രാലയം ഓഗസ്റ്റ് ഒന്നിനു തയ്യാറാക്കിയ പുതുക്കിയ കണക്കനുസരിച്ച് തമിഴ്നാടിന്റെ ജിഎസ്ഡിപി 17.3 ലക്ഷം കോടി രൂപയാണ്.

മുൻവർഷം 15.6 ലക്ഷം കോടിയായിരുന്ന സ്ഥാനത്താണിത്. 14 വർഷത്തെ ഇടവേളയ്ക്കുശേഷമാണ് സംസ്ഥാനം രണ്ടക്ക സാമ്പത്തികവളർച്ച കൈവരിക്കുന്നത്.

ജിഎസ്ഡിപിയിൽ തമിഴ്നാടിനു മുന്നിലുള്ളത് മഹാരാഷ്ട്ര മാത്രമാണ്. (26.1 ലക്ഷം കോടി രൂപ). പക്ഷേ, അവിടത്തെ വളർച്ച നിരക്ക് 7.27 ശതമാനമാണ്.

# വീട്ടിലേക്കുള്ള വഴി

(22-ാം പേജിൽനിന്നും)

ബസ്റ്റോട്ടലിലെ ചിക്കൻ ബിരിയാണി... തത്തൂർ റെസ്റ്റോറന്റിലെ പൊറോട്ടയും ചില്ലിചിക്കനും... കോഫി ഹൗസിലെ മസാലദോശ... എല്ലാം ഒരു കാലത്തിന്റെ ഓർമ്മകളായി മനസ്സിൽ മിന്നിമറയുന്നു. പ്രണയങ്ങളും പ്രണയലേഖനങ്ങളും നഷ്ടപ്രതാപത്തിന്റെ സ്മാരകങ്ങളായി മനസ്സിൽ നില്ക്കുന്നു.

പിന്നെ അമേരിക്കൻ സുന്ദരിയായ മിനിയുടെ കൈപിടിച്ച് ചിക്കാഗോയിലേക്കൊരു കൂടുമാറ്റം. താഴത്തുവീട്ടിലെ സാബുവും പുത്തൻപറമ്പിലെ ജോണിയും കല്യാണം നടത്താൻ എന്റെ കൂടെനിന്നു. ആഫ്രിക്കയിലായിരുന്നതുകൊണ്ട് സഹോദരന്മാർക്കാർക്കും വരാൻ സാധിച്ചില്ല. താഴത്തുവീട്ടിലെ സാബുവിന്റെ ചേതക് സ്കൂട്ടറിലിരുന്നാണ് ഞാൻ പെണ്ണുകാണാൻ പോയത്. അരമനപള്ളിയിൽ കല്യാണം. മാമ്മൻമാപ്പിള ഹാളിൽ വിവാഹസൽക്കാരം. അപ്പച്ചന്റെയും അമ്മച്ചിയുടെയും മരണശേഷം തറവാട് വീട് അനാഥമായി. വീടും പറമ്പും വിൽക്കുവാൻ സഹോദരന്മാരുടെ സെന്റിമെന്റ്സ് എനിക്ക് എന്നും ഒരു സംഘർഷമായിരുന്നു. തലമുറകളുടെ സ്വപ്നങ്ങളും കഥകളും മോഹഭംഗങ്ങളും അദ്ധ്വാനമഹിമകളും ഒക്കെ നിറഞ്ഞുനിൽക്കുന്ന ഈ തറവാട്ട് വീട്. തന്റെ ബാല്യ, കൗമാര, യൗവനങ്ങൾ നിറഞ്ഞുനിന്ന സ്വപ്നവീട്. ഇപ്പോൾ അതിടിഞ്ഞു വീഴുകയാണ്. സമീപത്തുള്ള പറമ്പിലെല്ലാം പുല്ല് വളർന്ന് കാട്പിടിച്ചു കിടക്കുന്നു. മിനിക്കും മക്കൾക്കും ഇങ്ങോട്ടു വരാൻ തന്നെ താല്പര്യമില്ല. സഹോദരങ്ങൾ നഗരങ്ങളിൽ ചേക്കേറിയിരിക്കുന്നു. തന്റെ ജന്മസ്ഥലം തനിക്ക് അനാഥമാകുകയാണ്. 'വില്പനയ്ക്കായി പത്രത്തിൽ പരസ്യം ചെയ്യാം.'

അടുത്ത വരവിന് താനത് വിറ്റൊഴിഞ്ഞ് പോകുമ്പോൾ തന്റെ വേരുകൾ പിഴുതെറിയപ്പെട്ടേക്കാം. സമ്മിശ്ര വികാരങ്ങളുടെ വേലിയേറ്റം കഴിഞ്ഞ് നിർവ്വികാരനായി കുരീക്കാട്ടുപറമ്പിൽ കുഞ്ഞുമോൻ തറവാട്ട് പറമ്പുകൾ പിന്നിട്ട് വഴിയിലേക്കിറങ്ങി...

# 'ആത്മസഖി' പ്രകാശനം ചെയ്തു

(ഒന്നാം പേജിൽ നിന്നും)

തന്റെ നേരും നോവും എന്ന പുസ്തകത്തിന്റെ തലക്കെട്ടുമായി താരതമ്യപ്പെടുത്തിയാണ് കോരസൺ വർഗീസ് ആശംസകൾ നേർന്നത്. ജീവിതത്തിന്റെ നേരും നോവും ജെയിംസ് ചെട്ടിയാത്തിന്റെ ആത്മസഖിയിൽ കാണാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫൊക്കാന മുൻ ജനറൽ സെക്രട്ടറി ഡോ. മാമ്മൻ സി. ജേക്കബ്, ഫൊക്കാന മുൻ പ്രസിഡണ്ട് ജോർജി വർഗീസ്, ട്രാവൻകൂർ ഫൗണ്ടേഷൻ ചെയർമാനും ദീപിക എക്സലൻസ് പുരസ്കാര ജേതാവുമായ ജിജി ഫിലിപ്പ്, ഡോ. രേണു ഏബ്രഹാം, എഴുത്തുകാരി സരോജ വർഗീസ്, ഫ്ളോറിഡ കൈരളി ആർട്സ് ക്ലബ് പ്രസിഡണ്ട് വർഗീസ് ജേക്കബ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented.
If interested, please email: **medqis@gmail.com** or contact **(908) 764-0342.**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller.
Please respond with a photo to **dm1235@gmail.com**

## SEEKING BRIDEGROOM CONTD.....

**Visit Our Website:
www.keralaexpress.com for Matrimonial**

# നിര്യാതരായി

## മറിയാമ്മ തോമസ്

**തലയോലപ്പറമ്പ്:** മുണ്ടിയിൽ വീട്ടിൽ പരേതനായ തോമസിന്റെ ഭാര്യ മറിയാമ്മ (77) യുഎസിൽ അന്തരിച്ചു. കോട്ടയം നീറിക്കാട് പടിക്കപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: മിട്ടു തോമസ് (യുഎസ്), നിട്ടു സൂസൻ (ന്യൂസിലൻഡ്). മരുമക്കൾ: റേഴ്സി പന്നാപ്പാറ (ആർപ്പൂക്കര), ക്രിസ്റ്റീന ആഞ്ഞിലിമൂട്ടിൽ (തെങ്ങണ).

**മണർകാട്:** കല്ലുക്കുളത്തായ പുതുപ്പള്ളിപറമ്പിൽ മംഗലത്ത് എം.എ. ജേക്കബ് (കുഞ്ഞുമോൻ-79) അന്തരിച്ചു.

**ചാന്നാനിക്കാട്:** കുര്യൻപറമ്പിൽ പരേതനായ കെ.എം. മാത്യുവിന്റെ ഭാര്യ അന്നമ്മ (അക്കാമ്മ-93) അന്തരിച്ചു.

## പാർവതി സുന്ദരരാമൻ

**തൃശൂർ:** പൂങ്കുന്നം പുഷ്പഗിരി ശ്രീരാമദർശനത്തിൽ പാർവതി സുന്ദരരാമൻ (75) അന്തരിച്ചു. ഭർത്താവ് ഡോ. വി. സുന്ദരരാമൻ. മക്കൾ: ജാനകി (യുഎസ്), ഗോപിനാഥ് (കൊച്ചി), ഉദയ് ശങ്കർ (ദുബായ്). മരുമക്കൾ: രാജേഷ് (യുഎസ്), പൂർണിമ (കൊച്ചി), സോന (ദുബായ്).

**കടുവാക്കുളം:** ദിവ്യകാരുണ്യ മിഷനറി സന്യാസ സമൂഹത്തിലെ എമ്മാവൂസ് പ്രവിശ്യാംഗം ഫാ. സുരേഷ് പട്ടേട്ട് (33) അന്തരിച്ചു.

**പത്തനംതിട്ട:** പുതുശ്ശേരിമല കാവടശ്ശേരിൽ ചിന്നമ്മ ഏബ്രഹാം (88) അന്തരിച്ചു.

**തൃപ്പൂണിത്തുറ:** ആഷാ ഹെർമിറ്റേജ് (5 സി) അഡ്വ. സി. ആർ. രഘുനാഥ വർമ (74) അന്തരിച്ചു.

## ഇ.എം. അന്ത്രയോസ്

**നാലുന്നാക്കൽ:** ഇരവുചിറ സെ. ജോർജ് യുപിഎസ് മുൻ അധ്യാപകൻ മൂലയിൽ ഇ.എം. അന്ത്രയോസ് (പാപ്പച്ചൻ-78) അന്തരിച്ചു. ഭാര്യ അഞ്ചേരി കാലായിപ്പറമ്പിൽ പരേതയായ അച്ചാമ്മ (വാകത്താനം ജെ.എം. എച്ച്എസ്എസ് മുൻ അധ്യാപിക). മക്കൾ: ജൂലി (യുഎസ്), ജൂബി, ജോബി. മരുമക്കൾ: കാനം പുതുപ്പറമ്പിൽ ഷിജു (യുഎസ്), ഓമല്ലൂർ പൗവത്ത് പുത്തൻവീട്ടിൽ ബിജോയി കുര്യാക്കോസ്, ബെൻസി.

**തിരുവനന്തപുരം:** പ്രശസ്ത കാൻസർ ഡോക്ടറും ഗവേഷകനുമായ കോയമ്പത്തൂർ വെള്ളനായിപ്പട്ടി കള്ളിപ്പാളയം വിപികെ എൻക്ലേവ് പത്മാലയത്തിൽ ഡോ.ആർ. ശങ്കരനാരായണൻ (ശങ്കർ-73) അന്തരിച്ചു.

**തൃശൂർ:** കെഎസ്ഇബി റിട്ട. ഡെപ്യൂട്ടി ചീഫ് എൻജിനീയർ പൂങ്കുന്നം ചക്കാമുക്ക് കുഴിപറമ്പിൽ കെ.എസ്. ചിദംബരൻ (92) അന്തരിച്ചു.

**മുണ്ടക്കയം:** പുഞ്ചവയൽ 504 കയ്യാലത്ത് വീട്ടിൽ പാസ്റ്റർ കെ.ജെ. പാപ്പച്ചൻ (65) അന്തരിച്ചു.

## മേഴ്സി പീറ്റർ ചെമ്മലക്കുഴി



**ഞീഴൂർ:** ചെമ്മലക്കുഴി പരേതനായ തോമസ് പീറ്ററിന്റെ ഭാര്യ മേഴ്സി പീറ്റർ (77) അന്തരിച്ചു. പരേത മാറിക മ്യാൽക്കരപ്പുറത്ത് കുടുംബാംഗമാണ്. മക്കൾ: സാബു, ആഷ, സാജു. മരുമക്കൾ: ആൻസി പാട്ടശ്ശേരിൽ കുറുമുള്ളൂർ, സാബു കുന്നേൽ ഇരവിമംഗലം (മാതാ കാറ്ററിംഗ് ഇരവിമംഗലം), കുഞ്ഞുമോൾ കോറപ്പള്ളിൽ പിറവം. സഹോദരങ്ങൾ: ജെയിംസ് മ്യാൽക്കരപ്പുറത്ത്, ജോണി മ്യാൽക്കരപ്പുറത്ത്, സണ്ണി മ്യാൽക്കരപ്പുറത്ത്, ജെസ്സി കാച്ചപ്പള്ളി, കെസിസിഎൻഎ മുൻ പ്രസിഡണ്ട് റ്റോമി മ്യാൽക്കരപ്പുറത്ത്.

**ചിങ്ങവനം:** വേലുകിലക്കേതിൽ വിമുക്തഭടൻ വി.പി. ഏബ്രഹാം (83) അന്തരിച്ചു.

**തിരുവല്ല:** റിട്ട. ഗവ. എച്ച്എസ്എസ് പ്രിൻസിപ്പൽ കുറ്റപ്പുഴ ആഞ്ഞിലിക്കൽ രാജു സൈമൺ (89) അന്തരിച്ചു.

**തിടനാട്:** തെക്കുംചേരികുന്നേൽ ജേക്കബ് ജോർജ് (43) അന്തരിച്ചു.

**മാന്നാർ:** യുകെയിൽ മനോരോഗ ചികിത്സകനായിരുന്ന മാന്നാർ മേൽപ്പാടം വള്ളക്കാലിൽ കാച്ചിലേടത്ത് ഡോ. മാത്യു വള്ളക്കാലിൽ (കുഞ്ഞ്-76) അന്തരിച്ചു.

## അന്നമ്മ തോമസ്



**റോക്ക്‌ലാൻഡ്:** അമേരിക്കയിലെ ആദ്യകാല മലയാളിയും യുഎസിലെ സിഎസ്ഐ കോൺഗ്രിഗേഷന്റെ രൂപീകരണത്തിൽ സുപ്രധാന പങ്കു വഹിക്കുകയും ചെയ്ത കോട്ടയം പുതുപ്പള്ളി കാഞ്ഞിരത്ത് മൂട്ടിൽ പരേതനായ മാത്യു കെ. തോമസിന്റെ പത്നി മിസ്സിസ് അന്നമ്മ തോമസ് (82) ബർഡോണിയിൽ അന്തരിച്ചു.


**മണർകാട്:** വടവാതൂർ വലിയവീട്ടിൽ ശോശാമ്മ വർഗീസ് (98) അന്തരിച്ചു.

## ത്രേസ്യാമ്മ ജോസഫ്

**രാമങ്കരി:** ചേന്നങ്കരി ദേവമാതാ ഹൈസ്കൂൾ റിട്ട. അധ്യാപിക പള്ളിക്കൂട്ടുമ്മ നാല്പത്തഞ്ചിൽ ത്രേസ്യാമ്മ ജോസഫ് (ത്രേസ്യാമ്മ പോത്തൻ-82) അന്തരിച്ചു. മങ്കൊമ്പ് തെക്കേക്കര പരുവപ്പറമ്പിൽ കുടുംബാംഗം. ഭർത്താവ് ജോസഫ് കെ. ജോസഫ് (റിട്ട. കെഎസ്ആർടിസി സ്പെഷൽ അസിസ്റ്റന്റ്) മക്കൾ: ബിജു ജോസഫ്, ബിനോയ് ജോസഫ് (ഇരുവരും യുഎസ്), ബിനു ജെ. നാല്പത്തഞ്ചിൽ (കേരള ബാങ്ക് റിട്ട. ഡിജിഎം). മരുമക്കൾ: കുറുമ്പനാടം എഴുത്തുപള്ളിക്കൽ ബീന, പുതുക്കരി പയറ്റുതറയിൽ നിഷ പി. ജോസഫ്, അയർക്കുന്നം ചോപ്പുംപാറ മിനിമോൾ ജെ. മണിയഞ്ചിറ (മൂവരും യുഎസ്).

**മുട്ടുചിറ:** ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ദി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി പിഎസ് കോൺവന്റ് മഠാംഗം സിസ്റ്റർ മൗറ മേരി (ഏലമ്മ-88) അന്തരിച്ചു.

## മത്തായി സക്കറിയ



**ഡാളസ്:** ഡാളസ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് സ്ഥാപകാംഗം മത്തായി സഖറിയാ (അനിയൻ കുഞ്ഞ്) ഡാളസിൽ അന്തരിച്ചു. ഭാര്യ ശോശാമ്മ (അമ്മുക്കുട്ടി).

**തിരുവഞ്ചൂർ:** കണ്ണൂർ പടിയൂർ നസ്രത്ത് ബിലിവേഴ്സ് ഈസ്റ്റേൺ സഭ ശുശ്രൂഷകൻ കാകാരിവേലിൽ ഡീക്കൻ മോനിച്ചൻ ജോൺ (53) അന്തരിച്ചു.

**മുളക്കുളം:** ചാലപ്പുറത്ത് (കോയമ്പത്തൂർ സായിബാബ നഗർ) സി.ആർ. പങ്കജാക്ഷൻ (ബാബു-83) അന്തരിച്ചു.

**ഏറ്റുമാനൂർ:** മേച്ചേരിയിൽ കല്ലമ്പാറ പരേതനായ കെ. ജോണിന്റെ ഭാര്യ ആലീസ് ജോൺ (71) അന്തരിച്ചു.

**കൊഴുവനാൽ:** വെട്ടുവയലിൽ (പുലിക്കുന്നേൽ) വി.എ. മാത്യു (മത്തായിച്ചൻ-94) അന്തരിച്ചു.

**പാലാ:** ചീങ്കല്ലേൽ റോസ്ഭവൻ ആരാധനാമഠാംഗം സിസ്റ്റർ പിയർ നടുതുണ്ടത്തിൽ (88) അന്തരിച്ചു.

**കുറവിലങ്ങാട് (ഇരിട്ടി):** കളപ്പുരയ്ക്കൽ ജോർജ് (ബേബി-72) അന്തരിച്ചു.

**കൊടുങ്ങല്ലൂർ:** നാടകനടനും സംവിധായകനുമായിരുന്ന തിരുവഞ്ചിക്കുളം തിരുമുപ്പത്ത് കണ്ടംകുളം മുണ്ടാപ്പിള്ളി കൊടുങ്ങല്ലൂർ കൃഷ്ണൻകുട്ടി (77) അന്തരിച്ചു.

## ഏലിക്കുട്ടി കൊരട്ടിയിൽ



**പേരൂർ:** കൊരട്ടിയിൽ പരേതനായ കെ.സി. തോമസിന്റെ ഭാര്യ ഏലിക്കുട്ടി (95) അന്തരിച്ചു. പരേത മാന്നാനം ആലഞ്ചേരി കുടുംബാംഗമാണ്. മക്കൾ: പരേതനായ അലക്സാണ്ടർ കൊരട്ടിയിൽ, മേഴ്സി പറഞ്ഞാട്ട് (ചിക്കാഗോ), പെണ്ണമ്മ തേക്കുംകാട്ടിൽ (ചിക്കാഗോ), ആനിയമ്മ മൈലാടുംപാറയിൽ (ചിക്കാഗോ), എത്സമ്മ ക്ലാക്കിയിൽ (ചിക്കാഗോ), സിസിലി കൊരട്ടിയിൽ (ഹ്യൂസ്റ്റൺ), ജെയ്ൻ വാരിയത്ത് (ഡാളസ്), ജോസ് കൊരട്ടിയിൽ (ചിക്കാഗോ), മിനി വെണ്ണലശ്ശേരിൽ (ചിക്കാഗോ). മരുമക്കൾ: റോസമ്മ ഊളക്കാവിൽ, ജോൺ പറഞ്ഞാട്ട്, പരേതനായ തോമസ് തേക്കുംകാട്ടിൽ, തോമസ് മൈലാടുംപാറ, ലൂക്കോസ് ക്ലാക്കിയിൽ, ജോൺസൺ വാരിയത്ത്, ജൂലി വണ്ടപ്ലാക്കൽ, ജൂബി വെണ്ണലശ്ശേരിൽ.

**പുന്നവേലി:** അംബിപറമ്പിൽ എ.എസ്. ജോൺ (തങ്കച്ചൻ-78) അന്തരിച്ചു.

**ചിങ്ങവനം:** മൂലംകുളം നീലംചിറ തോട്ടത്തിൽ കെ.കെ. കുര്യൻ (ബേബി-87) അന്തരിച്ചു.

## കെ.എം. മാത്യു

**കുറ്റൂർ:** കിഴക്കേ മരുതയിൽ കെ.എം. മാത്യു (അനിയൻകുഞ്ഞ്-84) അന്തരിച്ചു. ഭാര്യ മഴുക്കീർ കുറ്റിക്കാട്ടിൽ പരേതയായ ചിന്നമ്മ മാത്യു. മക്കൾ: ഷിബു മാത്യു, കൊച്ചുമോൻ, ഷീല (യുഎസ്), കൊച്ചുമോൾ. മരുമക്കൾ: കുന്നുകണ്ടത്തിൽ കെ.സി. ലൂക്കോസ് (യുഎസ്), കെ.എം. ചെറിയാൻ, വള്ളംകുളം തെക്കേതിൽ ജോമോൾ, കുറിച്ചി കളക്കാട്ട് റിനു.

**ആയാംകുടി:** റിട്ട. ഗ്രാമസേവകൻ പരുവനാനിക്കൽ (മരങ്ങാട്ടിൽ) ടി.ജി. ജോൺ (87) അന്തരിച്ചു.

**രാമപുരം:** ചെറിയാംകുന്നേൽ (കാരക്കാട്ട്) എച്ച്എസ്എ റിട്ട. ടീച്ചർ സെലിൻ മാത്യു (78) അന്തരിച്ചു.

**എസ്.എച്ച്.മൗണ്ട്:** തടത്തിക്കാലായിൽ (മഞ്ഞാങ്കൽ) സിബി ജോസ് (81) അന്തരിച്ചു.

**കറ്റോട്:** റിട്ട. പഞ്ചായത്ത് സെക്രട്ടറി തുണ്ടിയിൽ ജോസഫ് മാത്യു (രാജു-74) അന്തരിച്ചു.

**രാമപുരം:** അമനകര ആനിച്ചുവട് മാറ്റത്തിൻകര കുര്യാക്കോസ് (74) അന്തരിച്ചു.

## വി.ജെ. ജോസഫ്

**പടമുഖം:** വാളിപ്ലാക്കൽ വി.ജെ. ജോസഫ് (കുട്ടിയച്ചൻ-78) അന്തരിച്ചു. ഭാര്യ കാരിമറ്റം മേരി. മക്കൾ: ജിൻസി, ജിന്റോ, ജിനുമോൾ (യുഎസ്). മരുമക്കൾ: ഡോ. രവി ബാബു (ഗുണ്ടൂർ), സോബിൻ മാത്യു കുന്നംമാരിയിൽ (യുഎസ്), ഉപ്പുതോട് പുൽകുന്നേൽ ആഷ ജിന്റോ.

## ലില്ലിക്കുട്ടി സിറിയക്ക്

**നമ്പ്യാകുളം:** കൊങ്ങമ്പുഴ കാലായിൽ പരേതനായ സിറിയക്കിന്റെ ഭാര്യ ലില്ലിക്കുട്ടി (81) അന്തരിച്ചു. കോട്ടയം ഉറുമ്പത്ത് കുടുംബാംഗമാണ്. മക്കൾ: ഡോ. ഷൈനി ബേബി (റിട്ട. പ്രിൻസിപ്പൽ സെ. സ്റ്റീഫൻസ് കോളജ് ഉഴവൂർ), ഷിബു ബേബി (യുകെ), ഷീബ ബേബി (ന്യൂയോർക്ക്), ഷിനു ബേബി-റിട്ട. ടീച്ചർ കൈപ്പുഴ (ഹൂസ്റ്റൺ). മരുമക്കൾ: പ്രഫ. സ്റ്റീഫൻ ജോസഫ് നടുവീട്ടിൽ, സുജ ഷിബു ഇരുപ്പകാട്ടിൽ, പരേതനായ തങ്കച്ചൻ ഇഞ്ചനാട്ടിൽ, തോമസുകുട്ടി ചോരത്ത്.

**ചവിട്ടുവരി:** ഉള്ളപ്പള്ളിൽ ഡോ. ജോർജ് ജേക്കബ് (68) അന്തരിച്ചു.

**കുറിച്ചി:** പള്ളിക്കപ്പറമ്പിൽ ലീലാമ്മ ഏബ്രഹാം (75) അന്തരിച്ചു.

## ഗോപാലകൃഷ്ണൻ

**രാമപുരം:** ചക്കാമ്പുഴ ശ്രേയസ് (കൊച്ചുമഠത്തിൽ) കെഎസ്ഇബി റിട്ട. സീനിയർ സൂപ്രണ്ട് ആലത്തൂർ കെ.വി. ഗോപാലകൃഷ്ണൻ (72) അന്തരിച്ചു. ഭാര്യ കോടിക്കുളം പുത്തൻമഠത്തിൽ ഇന്ദിര (റിട്ട. എച്ച്.എം പഴമ്പാലക്കോട്, പാലക്കാട്). മക്കൾ: അശ്വതി (യുഎസ്), ആരതി (ഏജീസ് ഓഫീസ്, തിരുവനന്തപുരം). മരുമക്കൾ: മിഥുൻ, സുധീഷ് (ഇരുവരും യുഎസ്).

**മല്ലപ്പള്ളി:** ആനിക്കാട് നെല്ലിക്കാപള്ളിൽ എൻ.സി. ഐസക് (കുഞ്ഞച്ചൻ-84) അന്തരിച്ചു.

**പൂവത്തോട്:** പൈനിക്കുളം (ഞായർകുളം) പരേതനായ പി.ജെ. സെബാസ്റ്റ്യന്റെ ഭാര്യ ത്രേസ്യാമ്മ സെബാസ്റ്റ്യൻ (93) അന്തരിച്ചു.

**മാമ്മൂട്:** ചെത്തിപ്പുഴ വീട്ടിൽ സോണി (തോമസ് ജോൺ-50) അന്തരിച്ചു.

**കല്ലറ:** കുന്നുംപുറം പുന്നക്കാട്ടിൽ സാവിത്രി അശോകൻ (ശ്യാമള-63) അന്തരിച്ചു.

**കുടയത്തൂർ:** കോളപ്ര നെല്ലിപ്പിള്ളിൽ ത്രേസ്യാമ്മ ചാക്കോ (71) അന്തരിച്ചു.

**മൂണ്ടുപാലം:** പ്രാക്കുഴി ചെറിയാൻ ഔസേഫ് (പാപ്പച്ചി-88) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** പാലാമ്പടത്ത് പുത്തൻപുരയിൽ പരേതനായ പി.എ. കുര്യന്റെ ഭാര്യ അച്ചാമ്മ കുര്യൻ (കുഞ്ഞൂഞ്ഞമ്മ-87) അന്തരിച്ചു.

## രാജഗോപാലൻ ആചാരി

**കൊല്ലപ്പള്ളി:** മലയിൽ രാജഗോപാലൻ ആചാരി (74) അന്തരിച്ചു. ഭാര്യ തിരുവല്ല കോയിക്കപഴൂർ നാഗമ്മ. മക്കൾ: സജി, സ്മിത (യുഎസ്), സന്ധ്യ (അയർലൻഡ്), സൗമ്യ (ഏറ്റുമാനൂർ). മരുമക്കൾ: ജയലക്ഷ്മി (കൊല്ലം), ജയരാജ്, ബോബി, അനുകുമാർ.

**തൃശൂർ:** കേരള ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന സെക്രട്ടറിയും സക്ഷമ സംസ്ഥാന പ്രസിഡണ്ടുമായ മുതുവറ പുത്തിശേരി എ.പി. ഭരത്കുമാർ (63) അന്തരിച്ചു.

**വൈറ്റില:** അടൂർ വിളയിൽ ലഫ്. കമാൻഡർ (റിട്ട.) വി.എസ്. മാമ്മൻ (94) അന്തരിച്ചു.

## അലക്സാണ്ടർ ചാക്കോ



**തെള്ളകം:** റിട്ട. ടി.ടി.ആർ. പരേതനായ വി.എം. ചാക്കോയുടെയും മേരിക്കുട്ടി ചാക്കോയുടെയും മകൻ ആർക്കിടെക്റ്റ് വെട്ടുകല്ലേൽ അലക്സാണ്ടർ ചാക്കോ (68) അന്തരിച്ചു. ഭാര്യ സുജ (റിട്ട. കെ.എസ്.ഇ.ബി എൻജിനീയർ). മകൾ: ഡോ. ഗായത്രി മേരി അലക്സ് (അനെസ്തേസിയോളജിസ്റ്റ് ഗവ. ഹോസ്പിറ്റൽ കുമരകം). മരുമകൻ: ഡോ. ബിബിൻ പി. മാത്യു (കൺസൾട്ടന്റ് ജനറൽ ആൻഡ് ലാപ്റോസ്കോപിക് സർജൻ, കോട്ടയം).

**മണ്ണയ്ക്കനാട്:** പടവത്ത് പരേതനായ പി.ജെ. തോമസിന്റെയും ഫിലോമിന തോമസിന്റെയും മകൻ പ്രവീൺ തോമസ് (40) അന്തരിച്ചു.

**നെടുംകുന്നം:** ദിവ്യാഭവൻ (അംബിയിൽ) വി.വി. സിദ്ധാർത്ഥന്റെ ഭാര്യ നെടുംകുന്നം ഗവ. എച്ച്എസ്എസ് റിട്ട. അധ്യാപിക എ.കെ. ശാന്തമ്മ (74) അന്തരിച്ചു.

**പാത്താമുട്ടം:** കൊച്ചുപള്ളിക്കുന്നേൽ കെ.വി. ജേക്കബ് (ബേബി-88) അന്തരിച്ചു.

**വെണ്ണിക്കുളം:** വാലങ്കര വല്ലത്ത് ജോൺസൺ വില്ലയിൽ ബിജു മാത്യു (47) അബുദാബിയിൽ അന്തരിച്ചു.

**ചോറ്റാനിക്കര:** കോൾ ഇന്ത്യ റിട്ട. ഉദ്യോഗസ്ഥൻ നിലമ്പൂർ എടക്കര തെക്കൂക്കൂറ്റ് ടി.എം. ഈപ്പൻ (88) അന്തരിച്ചു.

**വാകത്താനം:** ഇന്ത്യ റിവൈവൽ ഗോസ്പൽ മിഷൻ സ്ഥാപക പ്രസിഡണ്ട് വള്ളിക്കാട്ട് കാരുചിറ വടക്കേതിൽ പാസ്റ്റർ കെ.സി. പുന്നൂസ് (89) അന്തരിച്ചു.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**

## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

*Favors Received*



*Inserted by: Firm Believer, Houston*

*Favors Received*



*Inserted by: Firm Believer, Houston*

Visit Our Website: www.keralaexpress.com for Classified Advt.

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**




## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721** or

**email drmathai123@gmail.com**




# 'മെഹ്ഫിൽ' തിയറ്ററുകളിലെത്തി

മുകേഷ്, ഉണ്ണി മുകുന്ദൻ, ആശാ ശരത് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജയരാജ് തിരക്കഥയെഴുതി സംവിധാനംചെയ്യുന്ന മെഹ്ഫിൽ തിയറ്ററുകളിലെത്തി.

ദേവാസുരത്തിലെ മോഹൻലാൽ കഥാപാത്രമായ മംഗലശേരി നീലകണ്ഠനെ സംവിധായകൻ രഞ്ജിത്ത് ഒരുക്കിയത് കോഴിക്കോട് മുല്ലശേരി രാജഗോപാലിന്റെ ജീവിതത്തെ ആസ്പദമാക്കിയായിരുന്നു. ഇതിൽനിന്നും തികച്ചും വ്യത്യസ്തമായി മുല്ലശേരി രാജഗോപാലിന്റെ ജീവിതത്തിലെ ഹൃദയസ്പർശിയായ ഒരു മെഹ്ഫിൽ രാവ് ദൃശ്യവൽക്കരിക്കുകയാണ് പ്രശസ്ത സംവിധായകനായ ജയരാജ്.

സിനിമ സംഗീത ലോകത്തെ പ്രശസ്തരുടെ പ്രിയപ്പെട്ടവനായ മുല്ലശേരി രാജഗോപാലിന്റെ വീട്ടിൽ എന്നും മെഹ്ഫിൽ ആയിരുന്നു. ഒരിക്കൽ അത് നേരിൽ കണ്ട ജയരാജിന്റെ ഹൃദയാവിഷ്കാരമാണ് മെഹ്ഫിൽ. കൈതപ്രം നമ്പൂതിരിപ്പാട് രചിച്ച ദീപാങ്കുരൻ സംഗീതം നൽകിയ എട്ട് അതിമനോഹരമായ ഗാനങ്ങൾ ചിത്രത്തിന്റെ ഹൈലൈറ്റാണ്. മുല്ലശേരി രാജഗോപാലായി പ്രശസ്ത നടൻ മുകേഷ് അഭിനയിക്കുന്നു. ഭാര്യയായി ആശാ ശരത് മികച്ച പ്രകടനം കാഴ്ചവെക്കുന്നു.

കൈലാഷ്, രഞ്ജി പണിക്കർ, സിദ്ധാർത്ഥ് മേനോൻ, വൈഷ്ണവി, സബിത ജയരാജ്. അശ്വത്ത് ലാൽ, മനോജ് ഗോവിന്ദൻ, അജീഷ്, ഷിബു നായർ തുടങ്ങിയവർക്കൊപ്പം ഗായകരായ രമേശ് നാരായൺ, ജി. വേണുഗോപാൽ, കൃഷ്ണചന്ദ്രൻ, അഖില ആനന്ദ് എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

വൈഡ് സ്ക്രീൻ മീഡിയ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഡോക്ടർ മനോജ് ഗോവിന്ദൻ നിർമിക്കുന്ന മെഹ്ഫിൽ എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം രാഹുൽ ദീപ് നിർവഹിക്കുന്നു.

രമേഷ് നാരായൺ, ജി. വേണുഗോപാൽ, അരവിന്ദ് വേണുഗോപാൽ, വൈക്കം വിജയലക്ഷ്മി, ദേവീ ശരണ്യ, മുസ്തഫ മാന്തോട്ടം, ഹൃദ്യ മനോജ് തുടങ്ങിയവരാണ് ഗായകർ.

എക്സിക്യുട്ടീവ് പ്രൊഡ്യൂസർ-പ്രേമചന്ദ്രൻ പുത്തൻചിറ, രാമസ്വാമി നാരായണസ്വാമി. എഡിറ്റിംഗ്-വിപിൻ മണ്ണൂർ, കല-സന്തോഷ് വെഞ്ഞാറമൂട്, മേക്കപ്പ്-ലിബിൻ മോഹൻ, വസ്ത്രാലങ്കാരം-കുമാർ എടപ്പാൾ, സൗണ്ട്-വിനോദ് പി. ശിവറാം, കളർ-ബിപിൻ വർമ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-റിനോയ് ചന്ദ്രൻ, പ്രൊഡക്ഷൻ കൺട്രോളർ-സജി കോട്ടയം.




## വടനാടിന്റെ പശ്ചാത്തലത്തിൽ 'ഒരു ദുരൂഹ സാഹചര്യത്തിൽ' ഒരുങ്ങുന്നു

ഇരുവശത്തും തോക്കുധാരികളായി കുഞ്ചാക്കോ ബോബനും ചിദംബരവും. മുകളിലും നടുവിലുമായി അമ്പാൻ എന്ന പേരുമായി പ്രശസ്തിയാർജിച്ച സജിൻ ഗോപു, പിന്നെ ദിലീഷ് പോത്തനും. രതീഷ് ബാലകൃഷ്ണ പൊതുവാൾ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഒരു ദുരൂഹ സാഹചര്യത്തിൽ എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർതന്നെ ശ്രദ്ധേയമായിരുന്നു.

ന്നാ താൻ കേസ് കൊട് എന്ന ചിത്രത്തിനു ശേഷം രതീഷ് ബാലകൃഷ്ണ പൊതുവാളിന്റെ ഈ ചിത്രത്തിലെയും നായകൻ കുഞ്ചാക്കോ ബോബനാണ്. വലിയ വിജയം നേടിയ ഓഫീസർ ഓൺ ഡ്യൂട്ടിയിലൂടെ ആക്ഷൻ ഹീറോയുടെ കുപ്പായവും ഭദ്രമാക്കിക്കൊണ്ടാണ് ചാക്കോച്ചൻ ഈ ചിത്രത്തിലെത്തിയിരിക്കുന്നത്.

ഒരു ദുരൂഹ സാഹചര്യത്തിൽ ത്രില്ലർ ഗണത്തിൽപ്പെടുന്ന ചിത്രമാകുമെന്നാണ് സൂചന. വയനാടിന്റെ പശ്ചാത്തലത്തിലാണ് ചിത്രം ഒരുങ്ങുന്നത്. നൂതനമായ സാങ്കേതിക മികവോടെ അവതരിപ്പിക്കുന്ന ഈ ചിത്രം മാജിക് ഫ്രെയിംസ് ആൻഡ് ഉദയാ പിക്ചേഴ്സിന്റെ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫനും കുഞ്ചാക്കോ ബോബനും ചേർന്നു നിർമിക്കുന്നു. സുധീഷ്, രാജേഷ് മാധവൻ, ശരണ്യ, ദിവ്യ വിശ്വനാഥ് എന്നിവരും ഈ ചിത്രത്തിലെ പ്രധാന താരങ്ങളാണ്.

ഡോൺ വിൻസന്റ് ആണ് സംഗീതമൊരുക്കുന്നത്. ഛായാഗ്രഹണം-അർജുൻ സേതു, എഡിറ്റിംഗ്-മനോജ് കണ്ണോത്ത്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ജസ്റ്റിൻ സ്റ്റീഫൻ, ആർട്ട്-ഇന്ദുലാൽ കവീദ്, മേക്കപ്പ്-റോണക്സ് സേവ്യർ, കോസ്റ്റ്യൂം ഡിസൈൻ-മെൽവി ജെ, പ്രൊഡക്ഷൻ കൺട്രോളർ-ദീപക് പരമേശ്വരൻ.




## പാലക്കാടിന്റെ കഥയുമായി രാജഗർജനം

പാലക്കാടിന്റെ വ്യത്യസ്തമായൊരു കഥയുമായി എത്തുകയാണ് രാജഗർജനം എന്ന ചിത്രം.

പിക്ചർ പെർഫെക്ട് ഫിലിം കമ്പനി അവതരിപ്പിക്കുന്ന ഈ ചിത്രം ആർ.കെ. പള്ളത്ത് സംവിധാനം ചെയ്യുന്നു. കഥ, തിരക്കഥ, സംഭാഷണം എന്നിവയൊരുക്കുന്നത് അയ്മനം സാജൻ. പുലാമന്തോൾ കുരുവമ്പലം മനയിൽ ചിത്രത്തിലെ ചില പ്രധാന രംഗങ്ങൾ ചിത്രീകരിച്ചു.

തുടർന്നുള്ള ചിത്രീകരണം ഒറ്റ ഷെഡ്യൂളിൽ ചിങ്ങമാസത്തിൽ പൂർത്തീകരിക്കും.

പാലക്കാടിന്റെ ചൂരും ചൂടുമുള്ള കഥ പുതുമയോടെ അവതരിപ്പിക്കുകയാണ് ചിത്രം. പാലക്കാടൻ ഭാഷ സംസാരിക്കുന്ന ചിത്രത്തിൽ പ്രമുഖ താരങ്ങൾക്കൊപ്പം പുതുമുഖങ്ങളും അണിനിരക്കും.

തമിഴിലും മലയാളത്തിലുമായി നിർമിക്കുന്ന ചിത്രം എല്ലാ ഭാഷകളിലും റിലീസ് ചെയ്യും.

ക്യാമറ, എഡിറ്റിംഗ്-ഗോകുൽ കാർത്തിക്, ഗാനരചന-വാസു അരീക്കോട്, കെ.ടി. ജയചന്ദ്രൻ, സ്റ്റുഡിയോ-റെഡ് ആർക് സ്റ്റുഡിയോ.






# സെൻട്രൽ പിക്ചേഴ്സിന്റെ 'സാഹസം' തിയറ്ററുകളിലെത്തി

ഫ്രണ്ട്റോ പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ.എൻ. റിനീഷ് നിർമിച്ച് ബിബിൻ കൃഷ്ണ സംവിധാനം ചെയ്യുന്ന സാഹസം തിയറ്ററുകളിലെത്തി. സീനിയർ നടന്മാരും ഒട്ടേറെ പുതുതലമുറക്കാരും അണിനിരക്കുന്നതാണ് ഈ ചിത്രം. 21 ഗ്രാം, ഫീനിക്സ് എന്നീ ശ്രദ്ധേയമായ ചിത്രങ്ങൾക്കു ശേഷമാണ് ഫ്രണ്ട് റോ പ്രൊഡക്ഷൻസ് പുതിയ ചിത്രവുമായി എത്തുന്നത്. ഹ്യൂമർ ആക്ഷൻ ജോണറിലാണ് ഈ ചിത്രത്തിന്റെ അവതരണം.

ബൈജു സന്തോഷ്, ഭഗത് മാനുവൽ, കാർത്തിക് യോഗേഷ്, നരേൻ, ബാബു ആന്റണി, ശബരീഷ് വർമ, സജിൻ ചെറുകയിൽ, റംസാൻ മുഹമ്മദ്, മേജർ രവി, വിനീത് തട്ടിൽ, ഗൗരി കൃഷ്ണ, ജാപി, ഹരി ശിവരാം, ടെസ ജോസഫ്, വർഷ രമേഷ്, ജയശ്രീ, ആൻ സലിം തുടങ്ങിയവരാണ് അഭിനേതാക്കൾ. അജു വർഗീസും ഒരു സുപ്രധാന കഥാപാത്രത്തെ അവതിപ്പിക്കുന്നു. തിരക്കഥ, സംഭാഷണം-ബിബിൻ കൃഷ്ണ, യദുകൃഷ്ണ, ദയാകുമാർ, ഗാനങ്ങൾ-വിനായക് ശശികുമാർ, വൈശാഖ് സുഗുണൻ, സംഗീതം-ബിബിൻ ജോസഫ്, ഛായാഗ്രഹണം-ആൽബി, കലാസംവിധാനം-സുനിൽ കുമാരൻ, മേക്കപ്പ്-സുധി കട്ടപ്പന, കോസ്റ്റ്യൂം ഡിസൈൻ-അരുൺ മനോഹർ. സെൻട്രൽ പിക്ചേഴ്സ് ഈ ചിത്രം പ്രദർശനത്തിനെത്തിക്കുന്നു.



# അഖിൽ മാരാർ നായകനായി 'മുള്ളൻകൊല്ലി'

ബാബു ജോൺ തിരക്കഥ രചിച്ചു സംവിധാനം ചെയ്യുന്ന മുള്ളൻകൊല്ലി ഏറെ ദുരൂഹതകളുമായി റിലീസിന് ഒരുങ്ങുന്നു. സ്റ്റാർ ഗേറ്റ് പ്രൊഡക്ഷൻസിന്റെ ബാനറിൽ പ്രസീജ് കൃഷ്ണയാണ് ഈ ചിത്രം നിർമിക്കുന്നത്. അഖിൽ മാരാറാണ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. മുള്ളൻകൊല്ലി എന്ന മലയോര ഗ്രാമത്തിൽ അരങ്ങേറുന്ന ഒരു കൊലപാതകത്തിന്റെ ചുരുളുകളഴിക്കുന്ന കഥ.



അഖിൽ മാരാർക്കു പുറമേ ബിഗ് ബോസ് താരമായ അഭിഷേക് ശ്രീകുമാർ, ജോയ് മാത്യു, ജാഫർ ഇടുക്കി, കോട്ടയം നസീർ, കോട്ടയം രമേഷ്, നവാസ് വള്ളിക്കുന്ന്, ആലപ്പി ദിനേശ്, സെറീന ജോൺസൺ, കൃഷ്ണ പ്രിയ, ലക്ഷ്മി ഹരികൃഷ്ണൻ, ശ്രീഷ്മ ഷൈൻ, ഐഷബിൻ, ശിവദാസ് മട്ടന്നൂർ, ശ്രീജിത്ത് കൈവേലി, പ്രസീജ് കൃഷ്ണ, സുധി കൃഷ്, ആസാദ് കണ്ണാടിക്കൽ, അൻസിൻ സെബിൻ, ആസാദ് എന്നിവരും വേഷമിടുന്നു. ഗാനങ്ങൾ-വൈശാഖ് സുഗുണൻ, ഷാബി പനങ്ങാട്ട്. സംഗീതം-ജെനീഷ് ജോൺ, സാജൻ കെ. റാം, പശ്ചാത്തലസംഗീതം-സാജൻ കെ. റാം. ഛായാഗ്രഹണം-എൽബൻ കൃഷ്ണ, എഡിറ്റിംഗ്-രജീഷ് ഗോപി, കലാസംവിധാനം-അജയ് മങ്ങാട്. മേക്കപ്പ്-റോണക്സ് സേവ്യർ, കോസ്റ്റ്യൂം-സമീരാ സനീഷ്.

# ചോറ്റാനിക്കര ലക്ഷ്മിക്കുട്ടി

ഒരു പടി മികച്ച ചിത്രങ്ങൾ മലയാളസിനിമക്കു സമ്മാനിച്ച എം. മോഹനൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ചോറ്റാനിക്കര ലക്ഷ്മിക്കുട്ടി. ഒരു അമ്പലത്തെയും ആനയെയും കേന്ദ്രകഥാപാത്രങ്ങളാക്കി അഭിലാഷ് പിള്ളയുടെ തിരക്കഥയിൽ ഒരുക്കുന്ന ഈ ചിത്രം ശ്രീഗോകുലം മൂവീസിന്റെ ബാനറിൽ ഗോകുലം ഗോപാലനാണ് നിർമിക്കുന്നത്. കോ-പ്രൊഡ്യൂസേഴ്സ്-ബൈജു ഗോപാലൻ, വി.സി. പ്രവീൺ. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-കൃഷ്ണമൂർത്തി.

# 'മീശ' പ്രദർശനത്തിനെത്തി

കതിർ, ഷൈൻ ടോം ചാക്കോ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എം.സി. ജോസഫ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന സസ്പെൻസ് ഡ്രാമ 'മീശ' പ്രദർശനത്തിനെത്തി. ഹക്കീം ഷാ, ജിയോ ബേബി, ശ്രീകാന്ത് മുരളി, സുധി കോപ്പ, ഉണ്ണി ലാലു, ഹസ്ലി തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. വനത്തിന്റെ നിഗൂഢതകളെ പശ്ചാത്തലമാക്കി തീവ്രമായ ഒരു രാത്രിയുടെ കഥ പറയുന്ന ഈ ചിത്രത്തിൽ ദീർഘനാളുകൾക്കു ശേഷം വീണ്ടും ഒരു കൂട്ടം സുഹൃത്തുക്കൾ ഒരുമിക്കുകയും എന്നാൽ അത് അപ്രതീക്ഷിത പ്രശ്നങ്ങളിലേക്കു വഴിമാറുകയും ചെയ്യുന്നതിന്റെ സംഭവബഹുലമായ മുഹൂർത്തങ്ങളാണു ദൃശ്യവത്കരിക്കുന്നത്.

യൂണികോൺ മൂവീസിന്റെ ബാനറിൽ സജീർ ഗഫൂർ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സുരേഷ് രാജൻ നിർവഹിച്ചിരിക്കുന്നു.

എഡിറ്റിംഗ്-മനോജ്, സംഗീതം-സൂരജ് എസ്. കുറുപ്പ്, ലൈൻ പ്രൊഡ്യൂസർ-സണ്ണി തഴുത്തല, പ്രൊഡക്ഷൻ കൺട്രോളർ-പ്രവീൺ ബി. മേനോൻ, കലാസംവിധാനം-മകേഷ് മോഹനൻ, മേക്കപ്പ്-ജിതേഷ് പൊയ്യ, വസ്ത്രാലങ്കാരം-സമീറ സനീഷ്, സ്റ്റിൽസ്-ബിജിത്ത് ധർമടം, സൗണ്ട് ഡിസൈനർ-അരുൺ രാമവർമ, കളറിസ്റ്റ്-ജയദേവ് തിരുവൈപതി, ഡിഐ-പോയറ്റിക്ക്, വിഎഫ്എക്സ്-ഐവിഎഫ്എക്സ്, പബ്ലിസിറ്റി ഡിസൈൻ-തോട്ട് സ്റ്റേഷൻ, റോക്സ്സ്റ്റാർ, പ്രൊമോ ഡിസൈൻ-ഇല്ല്യൂമിനാർട്ടിസ്റ്റ്, വിതരണം-ക്യാപിറ്റൽ സിനിമാസ്.



# പാട്ടായ കഥ തിയറ്ററിൽ

എജിഎസ് രചനയും സംവിധാനവും നിർവഹിച്ച പാട്ടായ കഥ തിയറ്ററിൽ. മൂൺലൈറ്റ് ക്രിയേഷൻസ് ആൻഡ് അമേസിംഗ് സിനിമാസ് ബാനറിൽ



ബൈജു പി. ജോൺ ആണ് നിർമാണം. അജ്ഞാതനായ ഒരു അന്യസംസ്ഥാനക്കാരൻ. സോഷ്യൽമീഡിയയിലൂടെ കേരളത്തിൽ പാലക്കാടുള്ള കൊടുമ്പ് എന്ന ഗ്രാമത്തിൽ പ്രത്യക്ഷപ്പെടുന്നതും അതിനെത്തുടർന്നുള്ള സംഭവങ്ങളുമാണ് ഇതിവൃത്തം.

വടിവേൽ ചിത്തരംഗൻ, മനു കുമ്പാരി, ക്രിസ്റ്റി ബെന്നറ്റ്, അനുഗ്രഹ സജിത്ത് എന്നീ പുതുമുഖങ്ങൾ പ്രധാന കഥാപാത്രങ്ങൾ ചെയ്യുന്നു. ഡിഒപി-മിഥുൻ ബാലകൃഷ്ണൻ, വിജേഷ് വാസുദേവ്. എഡിറ്റിംഗ്-സ്റ്റീഫൻ ഗ്രാൻഡ്.

# അഭിലാഷ് വാര്യരുടെ പുതിയ ചിത്രം അരൂപി

പുതുമുഖം വൈശാഖ് രവി, ബോളിവുഡ് ഫെയിം നേഹാ ചൗള, അഭിലാഷ് വാര്യർ, സാക്ഷി ഭാട്ടിയ, കിരൺ രാജ്, സുജ റോസ്, അഞ്ജന മോഹൻ തുടങ്ങിയവരെ പ്രധാന കഥാപാത്രങ്ങളാക്കി അഭിലാഷ് വാര്യർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന അരൂപി എന്ന ചിത്രത്തിന്റെ പൂജാ സിച്ചോൺ കർമം ഇടപ്പള്ളി ശ്രീ അഞ്ചുമന ദേവി ക്ഷേത്രത്തിൽ നടത്തി.

കിരൺ രാജ്, കണ്ണൻ ഗാസർ, വിജു സോപാനം, മാത്യു ഹാർമണി, എം.കെ. വിജുബാൽ, ആന്റണി ഹെൻട്രി, നിബു എബ്രഹാം, ബിജോയ് വർഗീസ്, സിന്ധു വർമ, സ്നേഹ മാത്യു, രേഷ്മ, ജോജോ ആന്റണി, വിഷ്ണു കാന്ത്, സംഗീത തുടങ്ങിയവരാണു മറ്റു താരങ്ങൾ.

പുണർതം പ്രൊഡക്ഷൻസിന്റെ ബാനറിൽ പ്രദീപ് രാജ് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അമൻ നിർവഹിക്കുന്നു.




സംഗീതം-ഗോപീ സുന്ദർ, എഡിറ്റർ-വിനീത് വിജയൻ, പ്രൊഡക്ഷൻ കൺട്രോളർ-പ്രവീൺ ബി മേനോൻ, കല-മഹേഷ് ശ്രീധർ, മേക്കപ്പ്-ജിജു കൊടുങ്ങല്ലൂർ, ഫിനാൻസ് കൺട്രോളർ-അഭിഷേക്, സ്റ്റുഡിയോ-സപ്ത റിക്കോർഡ്സ്, സ്റ്റിൽസ്-സതീഷ്, ഡിസൈൻസ്-ഷിബിൻ സി. ബാബു.

## മുണ്ടക്കൈ – ചൂരൽമല പുനരധിവാസം:
# കേരളം ആവശ്യപ്പെട്ടതിന്റെ ഏഴ് ശതമാനം മാത്രം നൽകും

ന്യൂഡൽഹി: വയനാട് മുണ്ടക്കൈ -ചൂരൽമല ദുരന്തത്തിൽപ്പെട്ടവർക്കുള്ള വീടുകൾക്കായി കേന്ദ്ര മന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥരുടെ സംഘം (എംഎസ്ടി) ശിപാർശ ചെയ്തതിന്റെ പകുതിയിൽ താഴെ തുക മാത്രമാണ് ദേശീയ ദുരന്തനിവാരണ അതോറിറ്റി (എൻഡിഎംഎ) നിർദേശിച്ചത്. ഈ ഇനത്തിൽ കേരളം ചോദിച്ചത് 1,113 കോടി രൂപയാണ്. കേന്ദ്രസർക്കാരിന്റെ മൾട്ടി സെക്ടറൽ ടീമാണ് (എംഎസ്ടി) റിപ്പോർട്ട് ആദ്യം പരിഗണിച്ചത്. എംഎസ്ടി ശിപാർശ ചെയ്തത് 173 കോടി രൂപയാണ്. എന്നാൽ അതിനു ശേഷം റിപ്പോർട്ട് പരിഗണിച്ച ദേശീയ ദുരന്തനിവാരണ അതോറിറ്റി ഇത് 81 കോടി രൂപയാക്കി കുറച്ചു. അതായത് കേരളം ആവശ്യപ്പെട്ടതിന്റെ ഏഴ് ശതമാനം മാത്രം. ആഭ്യന്തരമന്ത്രി അമിത് ഷാ അദ്ധ്യക്ഷനായ ഉന്നതതലസമിതി പരിഗണിക്കുമ്പോൾ വീണ്ടും കുറയുമോ അതോ കൂടുമോയെന്നാണ് അറിയേണ്ടത്. തുക വർധിപ്പിക്കാനായി കേരളം സമ്മർദം ചെലുത്തുന്നുണ്ട്.

ആകെ 2.219 കോടി രൂപ ആവശ്യപ്പെട്ടുള്ള കേരളത്തിന്റെ പിഡിഎൻഎ (പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ്) അപേക്ഷയിൽ നേർപകുതി തുകയും പാർപ്പിടവുമായി ബന്ധപ്പെട്ടാണ്. ഇതിലുണ്ടായ കുറവാണ് മൊത്തത്തിലുള്ള കേന്ദ്രശിപാർശ 440 കോടിയോളമാക്കി കുറയ്ക്കാൻ കാരണമായത്. വിവിധ മാനദണ്ഡങ്ങളും സർക്കാർ പദ്ധതികളും ചൂണ്ടിക്കാട്ടിയാണ് കേന്ദ്രസർക്കാരിനു തന്നെ കീഴിലുള്ള എംഎസ്ടിയും എൻഡിഎംഎയും വ്യത്യസ്ത കണക്കുകളിലെത്തിയത്.

2024-ൽ കേന്ദ്രമിറക്കിയ റിക്കവറി ആൻഡ് റീകൺസ്ട്രക്ഷൻ ഫണ്ടിങ് മാർഗരേഖകളും തുക കുറയാൻ കാരണമായിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന്റെ ചെലവ് സംസ്ഥാനം വഹിക്കണമെന്ന് എംഎസ്ടിയും എൻഡിഎംഎയും ഒരുപോലെ നിർദേശിച്ചു.

വീടുകളുടെ സംരക്ഷണഭിത്തിയും ഭൂമി ഒരുക്കൽ ചെലവിന്റെ പരിധിയിൽ വരുമെന്നതിനാൽ എൻഡിആർഎഫ് സഹായം ലഭിക്കില്ല. പുതിയതായി നിർമിക്കുന്ന വീടുകൾക്ക് ദുരന്തപ്രതിരോധ സവിശേഷതകൾ വേണമെന്ന കേരളത്തിന്റെ ആവശ്യവും തള്ളി. അതിനുള്ള ഫണ്ട് കേരളം സ്വയം കണ്ടെത്തണം.

കെട്ടിടങ്ങൾ: പൂർണമായോ ഭാഗികമോ ആയി തകർന്ന 86 കെട്ടിടങ്ങൾക്ക് സഹായം (61.01 കോടി) ആവശ്യപ്പെട്ടെങ്കിലും ഒരു വില്ലേജ് ഓഫീസിനു മാത്രമേ സർക്കാർ കെട്ടിടം എന്ന നിലയിൽ സഹായം (4.25 കോടി) നൽകാനാവൂ എന്ന് എൻഡിഎംഎ. ജനങ്ങളെ മുഴുവനായി മാറ്റിപാർപ്പിക്കുന്നതിനാൽ തകർന്ന മസ്ജിദ്, മൈതാനം എന്നിവയ്ക്കുള്ള തുക എൻഡിആർഎഫിൽനിന്ന് നൽകാനാകില്ല.

സ്കൂളുകൾ: തകർന്ന രണ്ട് സ്കൂളുകൾക്കായി 22.32 കോടി ചോദിച്ചെങ്കിലും ഭാഗികമായ/നാമമാത്രമായ പിന്തുണ മാത്രമേ സാധ്യമാകൂ (രണ്ട് കോടി) എന്ന് എൻഡിഎംഎ.

ആരോഗ്യം: കേരളം ആവശ്യപ്പെട്ട തുകയുടെ നാല് ശതമാനം തുക മാത്രമാണ് എൻഡിഎംഎയുടെ ശിപാർശയിലുള്ളത്. എംഎസ്ടി 15.71 കോടി നിർദേശിച്ചപ്പോൾ എൻഡിഎംഎ ഇത് 3.69 കോടിയാക്കി.

# ആണവായുധം പ്രയോഗിക്കുമെന്ന് പാക്കിസ്ഥാൻ

ന്യൂഡൽഹി: ഇന്ത്യക്കെതിരെ ആണവായുധ ഭീഷണി മുഴക്കി പാക് സൈനികമേധാവി അസിം മുനീർ. കശ്മീർ ഇന്ത്യയുടെ ആഭ്യന്തര കാര്യമല്ലെന്നും കശ്മീർ പാക്കിസ്ഥാന്റെ ജീവനാഡിയാണെന്നും മുനീർ പറഞ്ഞു.

പാക്കിസ്ഥാൻ ആണവരാഷ്ട്രമാണെന്നും തങ്ങൾ തകർന്നാൽ ലോകത്തിലെ പകുതി രാജ്യങ്ങളെയും തകർക്കുമെന്നും പാക് പട്ടാളമേധാവി ഭീഷണിയുടെ സ്വരത്തിൽ പറഞ്ഞു. അമേരിക്കൻ സന്ദർശനത്തിനിടെയാണ് ഇന്ത്യക്കെതിരേ മുനീർ പ്രകോപന പ്രസ്താവനകൾ നടത്തിയത്.

സിന്ധു നദിയിൽ ഇന്ത്യ അണക്കെട്ട് നിർമ്മിച്ചാൽ അത് പൂർത്തിയായാൽ ഉടൻ മിസൈൽ അയച്ച് തകർക്കുമെന്നും സിന്ധു നദി ഇന്ത്യക്കാരുടെ സ്വന്തമല്ലെന്നും മുനീർ പറഞ്ഞു. അമേരിക്കയിൽ പാക് വ്യവസായികളുടെ പരിപാടിയിലാണ് ഈ പ്രകോപന പ്രസ്താവന നടത്തിയത്.

# ബംഗളൂരു മെട്രോ യെല്ലോ ലൈൻ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

ബംഗളൂരു: ബംഗളൂരുവിലെ ഗതാഗതക്കുരുക്കു നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ നമ്മ മെട്രോ റെയിലിന്റെ യെല്ലോ ലൈൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. ആർവി റോഡ് മുതൽ ബൊമ്മസാന്ദ്ര വരെ 19 കിലോമീറ്റർ നീളത്തിലുള്ള പുതിയ പാതയാണു പ്രധാനമന്ത്രി രാഷ്ട്രത്തിനു സമർപ്പിച്ചത്.

ഉദ്ഘാടനത്തിനുശേഷം പ്രധാനമന്ത്രി മോദി മെട്രോയിൽ യാത്രചെയ്തു. വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംസാരിക്കുകയും ചെയ്തു. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, ഗവർണർ തവർ ചന്ദ് ഗഹ്‌ലോട്ട് എന്നിവരും ഒപ്പമുണ്ടായിരുന്നു.

യെല്ലോ ലൈൻ എന്നു പേരിട്ട 19.15 കിലോമീറ്റർ ദൈർഘ്യമുള്ള പുതിയ പാത 7,160 കോടി രൂപ മുടക്കിയാണു നിർമിച്ചിരിക്കുന്നത്. 16 സ്റ്റേഷനുകൾ ഉള്ള പാത തുറന്നതോടെ ഹൊസൂർ റോഡ്, സിൽക്ക് ബോർഡ് ജംഗ്ഷൻ, ഇലക്ട്രോണിക്സ് സിറ്റി ജംഗ്ഷൻ എന്നിവിടങ്ങളിലെ ഗതാഗതക്കുരുക്കു നിയന്ത്രിക്കാമെന്നാണ് പ്രതീക്ഷ.

മെട്രോ ഉദ്ഘാടനത്തിന് മുൻപ് വന്ദേഭാരത് എക്സ്പ്രസ് ട്രെയിനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

ഇതോടെ ഇന്ത്യയിലെ വന്ദേഭാരത് ട്രെയിനുകളുടെ എണ്ണം 150 ആയി.

# സ്കൂളുകളിൽ സഹായപ്പെട്ടി വരുന്നു

തിരുവനന്തപുരം: രക്ഷിതാക്കളുടെ ക്രൂരത സ്കൂൾ ഡയറിത്താളിൽ നോവായി പകർത്തിയ ചാരുംമൂട് സ്കൂളിലെ നാലാംക്ലാസ് വിദ്യാർത്ഥിനി സർക്കാരിന്റെ കണ്ണ് തുറപ്പിക്കുന്നു.

വീട്ടിൽ ബന്ധുക്കളിൽ നിന്ന് ദുരനുഭവങ്ങൾ നേരിടുന്ന സ്കൂൾ വിദ്യാർത്ഥികളെ കണ്ടെത്താനും സംരക്ഷിക്കാനും പൊതുവിദ്യാഭ്യാസ വകുപ്പ് കർമ്മപദ്ധതി തയ്യാറാക്കും.

കുട്ടികൾക്ക് സുരക്ഷിതമായി പരാതികൾ അറിയിക്കാൻ എല്ലാ സ്കൂളിലും 'ഹെൽപ്പ് ബോക്സ്' സ്ഥാപിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു.

പിതാവിൽ നിന്നും രണ്ടാനമ്മയിൽ നിന്നും ദുരനുഭവം നേരിട്ട നാലാം ക്ലാസുകാരിയെ ആലപ്പുഴ ചാരുംമൂട്ടിലെത്തി മന്ത്രി സന്ദർശിക്കും. പ്രഥമാദ്ധ്യാപകർക്കാവും ഹെൽപ്പ് ബോക്സിന്റെ ചുമതല.

ആഴ്ചയിൽ ഒരിക്കലെങ്കിലും ഇതു തുറന്ന് റിപ്പോർട്ടുകൾ വിലയിരുത്തി വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിനു കൈമാറണം.

ചാരുംമൂട്ടിലേതു പോലെ പീഡനം അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്താൻ സ്കൂളുകളുടെയും വിദ്യാർത്ഥി സന്നദ്ധസംഘടനകളുടെയും സഹായത്തോടെ കണക്കെടുപ്പ് നടത്തും. പദ്ധതിയുടെ വിശദാംശങ്ങൾ ഉടൻ പുറത്തിറക്കുമെന്നും മന്ത്രി അറിയിച്ചു.

## വേദനിപ്പിച്ചെന്ന് ഹാരിസ്

(3-ാം പേജിൽനിന്നും)

ആരോപണത്തിൽ വലിയ ദുഃഖമുണ്ടെന്നു മന്ത്രി പറഞ്ഞപ്പോൾ താൻ ക്ഷമ ചോദിച്ചു. സിസ്റ്റത്തിനെതിരെയാണ് സംസാരിച്ചതെന്നു മന്ത്രിയെ ബോധ്യപ്പെടുത്തിയെന്നും പറഞ്ഞു. ഉപകരണം കാണാതായെന്നു താൻ മൊഴി നൽകിയെന്ന റിപ്പോർട്ടിലെ പരാമർശം ഡോ. ഹാരിസ് നിഷേധിച്ചു.

അതിനിടെ, തന്നെ കുടുക്കാനും പിന്നിൽനിന്ന് കുത്താനും ചില സഹപ്രവർത്തകർ ശ്രമിച്ചെന്ന് തിരുവനന്തപുരം മെഡിക്കൽ കോളജ് യൂറോളജി വിഭാഗം മേധാവി ഡോ. സി.എച്ച്. ഹാരിസ്. കേരള ഗവ. മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെജിഎംസിടിഎ) വാട്സാപ്പ് ഗ്രൂപ്പിലാണ് ഹാരിസ് ആരോപണം ഉന്നയിച്ചത്. പിന്നീട് മാധ്യമങ്ങൾക്ക് മുന്നിലും ഹാരിസ് ഈ ആരോപണം ആവർത്തിച്ചു.

മരണത്തിലേക്ക് എത്തിക്കാൻ ചില സഹപ്രവർത്തകർ ശ്രമിച്ചെന്നും കാലം അവർക്കു മാപ്പു നൽകട്ടേയെന്നുമാണ് വാട്സാപ് ഗ്രൂപ്പിലെ സന്ദേശത്തിൽ ഹാരിസ് പറഞ്ഞത്. ഇതിനു പിന്നാലെ, ചിലരെ ഗ്രൂപ്പിൽനിന്ന് മാറ്റാൻ കെജിഎംസിടിഎ ഭാരവാഹികൾ തീരുമാനിച്ചു. 30 വർഷത്തിൽ അധികമായി കാണുന്നവരും ഒപ്പം പഠിച്ചവരും, ജോലി ചെയ്തവരുമാണ് ഉപദ്രവിച്ചതെന്നും അവർ പിന്നിൽനിന്ന് കുത്തുമെന്ന് കരുതിയില്ലെന്നും ഹാരിസ് മാധ്യമങ്ങളോട് പറഞ്ഞു. മെഡിക്കൽ കോളജ് സൂപ്രണ്ടും പ്രിൻസിപ്പലും തന്റെ കാര്യം വിശദീകരിക്കാൻ വാർത്താസമ്മേളനം നടത്തുമെന്ന് പ്രതീക്ഷിച്ചില്ല. കാണാതായ ഉപകരണം കണ്ടെത്തിയെന്നും ഒരു കുഴപ്പവുമില്ല എന്നുമാണ് തന്നോട് പറഞ്ഞത്. പിന്നീടാണ് തന്നോട് വിശദീകരണം ചോദിക്കാതെയാണ് അവർ വാർത്താ സമ്മേളനം വിളിച്ചത്. പരിചയമില്ലാത്ത ഉപകരണം മുറിയിൽ കണ്ടെങ്കിൽ അവർക്ക് തന്നോടു ചോദിക്കാമായിരുന്നു. താൻ മെഡിക്കൽ കോളജിൽ ഉണ്ടായിരുന്നു. വിളിച്ചിരുന്നെങ്കിൽ പോയി വിശദീകരണം കൊടുക്കുമായിരുന്നു. എന്താണ് സംഭവിച്ചതെന്ന് തന്നോടു ചോദിച്ചില്ല.

വകുപ്പ് മുന്നോട്ടു കൊണ്ടുപോകാൻ എല്ലാവരുടെയും സഹായം വേണമെന്ന് ഡോ. ഹാരിസ് പറഞ്ഞു. ഉപകരണത്തിനും മറ്റു സൗകര്യത്തിനും സൂപ്രണ്ടിന്റെയും പ്രിൻസിപ്പലിന്റെയും സഹകരണം ആവശ്യമാണ്. താൻ ജോലിക്കാരൻ മാത്രമാണ്.

വിവിധ വിഭാഗത്തിലെ ഡോക്ടർമാർ ഒത്തുചേർന്നാണ് ഒരു രോഗിയെ രക്ഷിക്കുന്നത്. ശത്രുപക്ഷത്തുനിന്ന് പോകാൻ കഴിയില്ല. ഒരാൾ മാറിനിന്നാൽ പ്രവർത്തനം നടക്കില്ല. മേലധികാരികളുമായി സഹകരിച്ച് പോകണമെന്നാണ് ആഗ്രഹം. തന്നോട് പ്രതികാര നടപടി ഉണ്ടായിട്ടില്ല. എല്ലാവരും വിളിച്ച് കാര്യങ്ങൾ ചോദിച്ചു. സഹായങ്ങൾ വാഗ്ദാനം ചെയ്തു. മന്ത്രി സമാധാനിപ്പിച്ചു. സന്തോഷമായാണ് പിരിഞ്ഞതെന്നും ഡോ. ഹാരിസ് പറഞ്ഞു.

## പ്രതിപക്ഷ മാർച്ച് പോലീസ് തടഞ്ഞു

(ഒന്നാം പേജിൽ നിന്നും)

രാജ്യത്തിനു വേണമെന്നും രാഹുൽ പറഞ്ഞു.

പ്രതിഷേധത്തിനിടെ തൃണമൂൽ കോൺഗ്രസ് എംപിമാരായ മഹുവ മൊയ്ത്ര, മിതാലി ബാഗ് എന്നിവർ കുഴഞ്ഞുവീണു. പോലീസ് വാഹനത്തിനുള്ളിൽ കുഴഞ്ഞുവീണ മിതാലിക്ക് അടിയന്തര വൈദ്യസഹായം നല്കാൻ പോലീസ് തയ്യാറായില്ലെന്ന് എംപിമാർ ആരോപിച്ചു. രാഹുൽ ഗാന്ധിയുടെ ഔദ്യോഗിക വാഹനത്തിലാണ് ഇവരെ ആശുപത്രിയിലേക്ക് മാറ്റിയത്.

2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പും ഉടനെ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ബിഹാറിലെ സ്പെഷൽ ഇന്റെൻസീവ് റിവിഷനും (എസ്ഐആർ) മുൻനിർത്തിയാണ് പ്രതിപക്ഷം പ്രതിഷേധം സംഘടിപ്പിച്ചത്.

പാർലമെന്റിന്റെ മകർദ്വാറിൽ നിന്ന് രാവിലെ 11.30-നാണ് റാലി ആരംഭിച്ചത്. കോൺഗ്രസ്, സമാജ്‌വാദി പാർട്ടി, ടിഎംസി, ഡിഎംകെ, എഎപി, ആർജെഡി, എൻസിപി (എസ്പി), ശിവസേന (ഉദ്ധവ് വിഭാഗം), നാഷണൽ കോൺഫറൻസ് തുടങ്ങിയ പാർട്ടികൾ മാർച്ചിൽ പങ്കെടുത്തു. 12 എംപിമാരുള്ള ആം ആദ്മി പാർട്ടിയെ ഉൾപ്പെടുത്തുന്നതിനായി ഇന്ത്യാ സഖ്യത്തിന്റെ ബാനർ ഇല്ലാതെയാണ് മാർച്ച് നടന്നത്. ആം ആദ്മി പാർട്ടി ഇന്ത്യാസഖ്യത്തിൽ നിന്നു പുറത്തു പോയിരുന്നു.

മാർച്ചിന് അനുമതി അപേക്ഷ നല്കിയിരുന്നില്ലെന്ന് ഡൽഹി പോലീസ് വ്യക്തമാക്കിയിരുന്നു. എന്നാൽ, കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികളുടെ പ്രതിനിധികളായ 30 പേരുമായി കൂടിക്കാഴ്ച നടത്താമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിരുന്നു. ഉച്ചയ്ക്ക് 12-നായിരുന്നു സമയം അനുവദിച്ചിരുന്നത്. മാർച്ച് തടഞ്ഞതോടെ കൂടിക്കാഴ്ചയ്ക്ക് പ്രതിപക്ഷ എംപിമാർ തയ്യാറായില്ല.

## ലോക്സഭാ തെരഞ്ഞെടുപ്പിൽ അട്ടിമറി

(3-ാം പേജിൽനിന്നും)

ഇന്ത്യ മുഴുവൻ പരിശോധിച്ചാൽ ഇനിയും എത്ര വ്യാജ വിലാസങ്ങൾ കണ്ടെത്താനാകുമെന്ന് ഒന്നാലോചിച്ച് നോക്കൂവെന്നും എക്സിൽ പങ്കുവെച്ച പോസ്റ്റിൽ പറയുന്നു.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയപ്രതീക്ഷ പുലർത്തിയ ബെംഗളൂരു സെൻട്രൽ ലോക്സഭാ മണ്ഡലത്തിലെ കണക്കുകൾ ഉദാഹരണമാക്കിയായിരുന്നു രാഹുൽ ആരോപണം ഉന്നയിച്ചത്. എട്ട് നിയമസഭാ മണ്ഡലങ്ങളുള്ള ഇവിടെ ഏഴിടത്തുമായി കോൺഗ്രസിന് 82,000 വോട്ടാണ് ഭൂരിപക്ഷം ലഭിച്ചത്. എന്നാൽ മഹാദേവപുര എന്ന മണ്ഡലത്തിൽ മാത്രമായി ബിജെപിക്കു 1.14 ലക്ഷം ഭൂരിപക്ഷം ലഭിച്ചു. തുടർന്നാണ് 'ഓപ്പറേഷൻ മഹാദേവപുര' എന്ന പേരിൽ കോൺഗ്രസ് അന്വേഷണം ആരംഭിച്ചത്. 30 അംഗ സംഘത്തെ നിയോഗിച്ചു തെരഞ്ഞെടുപ്പു കമ്മീഷന്റെതന്നെ രേഖകളിലും മണ്ഡലത്തിൽ നേരിട്ടും ആറ് മാസത്തോളം നടത്തിയ പരിശോധനയിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് രാഹുൽ അവകാശപ്പെട്ടു.

മഹാരാഷ്ട്രയിലും ഹരിയാനയിലും പിന്നാലെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിലും സമാന പ്രതിസന്ധിയുണ്ടായെന്നു വ്യക്തമാക്കിയാണ് രാഹുൽ ഗാന്ധി ആരോപണമുന്നയിച്ചത്.

മഹാദേവപുരയിലെ വോട്ടർപട്ടികയിൽ മാത്രം 1,00,250 വോട്ടുകളിൽ പലവിധത്തിലുള്ള ക്രമക്കേടു കണ്ടെത്തിയെന്നും ബിജെപിക്കു ലഭിച്ച ഭൂരിപക്ഷത്തോളം തന്നെ വോട്ടുകളിൽ ക്രമക്കേടു നടന്നുവെന്നും രാഹുൽ പറയുന്നു. 11,965 ഡ്യൂപ്ലിക്കേറ്റ് വോട്ടർമാരെയും വ്യാജ വിലാസക്കാരായ 40,009 പേരെയും കണ്ടെത്തി.

ഗുർകിരാത് സിങ് ഡാങ് എന്ന വോട്ടറുടെ പേര് നാല് ബൂത്തുകളിലെ വോട്ടർപട്ടികയിൽ ഉണ്ട്. അൻപതും നൂറും പേരായി ഒരേ വിലാസത്തിൽ പേര് ചേർത്ത 10,452 പേരെയും വ്യക്തമായ ഫോട്ടോ ഇല്ലാത്ത 4132 വോട്ടർമാരെയും കണ്ടെത്തി.

കന്നിവോട്ടർമാരെന്ന പേരിൽ 33692 പ്രായമുള്ള ആളുകൾ വോട്ട് ചേർത്തെന്നും രാഹുൽ പറയുന്നു.

# ഫൊക്കാന ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഉത്തമ മാതൃക: മാണി സി. കാപ്പൻ എംഎൽഎ

പാലാ: അമേരിക്കയിലെ മലയാളികളുടെ പ്രമുഖ സംഘടനയായ ഫൊക്കാനയുടെ നേതാക്കളെ പാലാ പൗരാവലി ആദരിച്ചു. ഫൊക്കാന ജീവകാരുണ്യ പ്രവർത്തനത്തിന് ഉത്തമ മാതൃകയാണെന്നും മലയാളികൾക്ക് നല്കുന്ന നാനാവിധ സേവനങ്ങൾ നിസ്തുലമാണെന്നും ചടങ്ങുകൾ ഉദ്ഘാടനം ചെയ്ത മാണി സി. കാപ്പൻ എംഎൽഎ അഭിപ്രായപ്പെട്ടു.

ഉന്നത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം, അപകടങ്ങളിൽ കാലുകൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി കൃത്രിമ കാലുകൾ നല്കുക, നിരവധി കുട്ടികൾക്ക് സൗജന്യമായി നീന്തൽ പരിശീലനം കൊടുക്കുക തുടങ്ങി സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ ഫൊക്കാന നടത്തുന്ന സേവനപ്രവർത്തനങ്ങൾ ഏവരും മാതൃകയാക്കണമെന്നും എംഎൽഎ അഭിപ്രായപ്പെട്ടു.

പാലാ ഗ്രാൻഡ് കോർട്യാഡ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ചേർന്ന യോഗത്തിൽ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, ബോട്ട് ചെയർ ജോജി തോമസ്, ഫൊക്കാന മിഡ് വെസ്റ്റ് റീജിയൺ ആർവിപി സന്തോഷ് നായർ ചൊള്ളാനി എന്നിവർക്ക് പാലാ പൗരാവലി നല്കിയ സ്വീകരണച്ചടങ്ങ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മാണി സി. കാപ്പൻ എംഎൽഎ.

പാലാ മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ അദ്ധ്യക്ഷത വഹിച്ചു. ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റി ഓപ്പറേഷൻ ഡയറക്ടർ ഫാ. ഗെർവാസീസ് ആനിത്തോട്ടത്തിൽ, അഡ്വ. കെ. ആർ. ശ്രീനിവാസൻ, എ.കെ. ചന്ദ്രമോഹൻ, എൻ, സുരേഷ്, പ്രഫ. സതീശ് ചൊള്ളാനി, നഗരസഭ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ലിസിക്കുട്ടി മാത്യു, ബിജു പാലൂപ്പടവിൽ, ഷാർലി മാത്യു, ടോമി കുറ്റിയാങ്കൽ, ആനി ബിജോയി എന്നിവർ പ്രസംഗിച്ചു. അഡ്വ. സന്തോഷ് മണർകാട്, തോമസ് ആർ.വി. ജോസ്, അഡ്വ. ഷാജി എടാട്ട്, അഡ്വ. അജി ആലപ്പാട്ട്, ബിജോയി ഏബ്രഹാം തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നല്കി.















# ചിക്കാഗോ സോഷ്യൽ ക്ലബ്

## 11–ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ അണിയറ ശില്പികൾ

**2025 AUGUST 31 (SUNDAY) 9 AM**

**MORTON GROVE PARK DISTRICT STADIUM**

**6834 DEMPSTER ST,**

**MORTON GROVE, IL 60053**

**SAME LOCATION**

**9 AM-5 PM - വടംവലി മത്സരം**

**5 PM-10 PM - ഇന്ത്യാ ഫുഡ്ഫെസ്റ്റ്**

**7 PM-10 PM - അഫ്സലിന്റെ നേതൃത്വത്തിൽ കലാസന്ധ്യ**



| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്) | സണ്ണി ഇണ്ടിക്കുഴി (വൈസ് പ്രസിഡണ്ട്) | രാജു മാനുങ്കൽ (സെക്രട്ടറി) | ബിജോയ് കാപ്പൻ (ട്രഷറർ) | തോമസ് പുത്തേത്ത് (ജോയിന്റ് സെക്രട്ടറി) | സിറിയക് കൂവക്കാട്ടിൽ (ചെയർമാൻ) | മാനി കരികുളം (വൈസ് ചെയർമാൻ) | സ്റ്റീഫൻ കിഴക്കേക്കുറ്റ് (ജനറൽ കൺവീനർ) | ബിനു കൈതക്കതൊട്ടിയിൽ (ഫൈനാൻസ് ചെയർ/ മുൻ പ്രസിഡണ്ട്) | മാത്യു തട്ടാമറ്റം (പിആർഒ) |




| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ജോസ് മണക്കാട്ട് (ഫുഡ്ഫെസ്റ്റ് ചെയർമാൻ) | സൈമൺ ചക്കാലപടവിൽ (മുൻ പ്രസിഡണ്ട്) | സാജു കണ്ണമ്പള്ളി (മുൻ പ്രസിഡണ്ട്) | അലക്സ് പടിഞ്ഞാറേൽ (മുൻ പ്രസിഡണ്ട്) | പീറ്റർ കുളങ്ങര (മുൻ പ്രസിഡണ്ട്) | സിബി കദളിമറ്റം (മുൻ പ്രസിഡണ്ട്) | ബെന്നി പടിഞ്ഞാറേൽ | ജെസ്മോൻ പുറമഠത്തിൽ | ജിബി കൊല്ലപ്പള്ളിൽ | ജോമോൻ തൊടുകയിൽ |



| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അഭിലാഷ് നെല്ലാമറ്റം | അലക്സാണ്ടർ കൊച്ചുപുരയ്ക്കൽ | അനിൽ മറ്റത്തിക്കുന്നേൽ | ബൈജു കുന്നേൽ | ബെന്നി മച്ചാനിക്കൽ | ബിജു പെരികലം | ജിൽസ് മാത്യു | ജിമ്മി കൊല്ലപ്പള്ളിൽ | ജോയി നെടിയകാലായിൽ | മനോജ് അമ്മായികുന്നേൽ |



| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മനോജ് വഞ്ചിയിൽ | പോൾസൺ കുളങ്ങര | പ്രസാദ് വെള്ളിയാൻ | റോയി മുണ്ടക്കപറമ്പിൽ | സാബു ഇലവുങ്കൽ | സാബു പടിഞ്ഞാറേൽ | സിബി കൈതക്കതൊട്ടിയിൽ | സണ്ണി ഇടിയാലിൽ | തമ്പിച്ചൻ ചെമ്മാച്ചേൽ | തോമസ് ഇലവുങ്കൽ |



| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ബിജു കിഴക്കേക്കുറ്റ് | ബിജു പൂത്തുറയിൽ | ബൈജു ജോസ് | ഫ്രാൻസിസ് കിഴക്കേക്കുറ്റ് | ജോയി നെല്ലാമറ്റം | ലൂക്കാച്ചൻ പൂഴിക്കുന്നേൽ | ഫിലിപ്പ് മുണ്ടപ്പാക്കിൽ | ഫിലിപ്പ് പെരികലം | പ്രദീപ് തോമസ് | രാജു ആക്കാത്തറ |



| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| റോണി തോമസ് | സാജൻ മേലാണ്ടശ്ശേരിൽ | സജി മുല്ലപ്പള്ളി | സജി റാത്തപ്പള്ളിൽ | സജി തേക്കുംകാട്ടിൽ | ഷൈബു കിഴക്കേക്കുറ്റ് | സണ്ണി കണ്ണാലയിൽ | തോമസുകുട്ടി നെല്ലാമറ്റം | റ്റിറ്റോ കണ്ടാരപ്പള്ളിൽ | റ്റോമി ഇടത്തിൽ |

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**